
# 2023 MAY FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 50000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

# COME JOIN US!

Join us on Telegram | Subscribe | GET IT ON Google Play

## MAY 1

- ലോക തൊഴിലാളി ദിനം ആചരിക്കുന്നത് ?
  - **മെയ് 1**
- 2023 ഏപ്രിൽ 30 ന് വിഷവാതകം ശ്വസിച്ച് 11 പേർ മരിച്ചത് ?
  - **പഞ്ചാബിലെ ഗിയാസ്പുരയിൽ**
- ഏപ്രിൽ30ന്  ഉദ്ഘാടനംചെയ്ത തെലങ്കാനയിലെ പുതിയ സംസ്ഥാന സെക്രട്ടറിയറ്റ് മന്ദിരത്തിന്റെ രൂപകൽപ്പന ചെയ്തത് ?
  - **ചെന്നൈയിൽ നിന്നുള്ള ആർക്കിടെക്ടുമാരായ സെന്നി കോൺസെസയും ഓസ്കർ കോൺസെസയും ചേർന്ന്**
- അറ്റോമിക് എനർജി കമ്മിഷൻ ചെയർമാനും അറ്റോമിക് എനർജി വിഭാഗം സെക്രട്ടറിയുമായി നിയമിച്ചത് ആരെയാണ് ?
  - **അജിത് കുമാർ മൊഹന്തി**
- പ്രദർശനത്തിനെത്തി മൂന്നാം നാൾ തന്നെ 100 കോടി കളക്ഷൻ പിന്നിട്ട മണിരത്നത്തിന്റെ ചലച്ചിത്രം ?
  - **പൊന്നിയിൻ സെൽവൻ-2**
- അടുത്തിടെ അന്തരിച്ച കീഴാള ചരിത്ര പഠനത്തിൽ നിർണായക സംഭാവനകൾ നൽകിയ വിഖ്യാത ചരിത്രകാരനും അധ്യാപകനുമായ വ്യക്തി ?
  - **രണജിത് ഗുഹ**
- സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ?
  - **മെഡിസെപ്പ്**
- മെഡിസെപ്പ് ഉപഭോക്തൃ സൗഹൃദമാക്കുന്നതിനായി തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷന്റെ ഉദ്ഘാടനം നടത്തുന്നത് ?
  - **മുഖ്യമന്ത്രി പിണറായി വിജയൻ**
- 2023-ലെ ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിന്റെ വേദി ?
  - **ആലപ്പുഴ**
- എന്ന് സാക്ഷാൽ ദൈവം എന്ന മലയാള ചലച്ചിത്രത്തിന്റെ പ്രത്യേകത ?
  - **തിരക്കഥ മുതൽ റിലീസ് വരെയുള്ള കാര്യങ്ങൾ 16 മണിക്കൂറിനുള്ളിൽ പൂർത്തീകരിച്ച് റെക്കോഡ് നേടിയ ചലച്ചിത്രം**

- ലോകത്തെ ഏറ്റവും കരുത്തൻ റോക്കറ്റായ സ്റ്റാർഷിപ്പ് വീണ്ടും വിക്ഷേപണത്തിനൊരുങ്ങുന്നത് ?
  - **ഇലോൺ മസ്ക്**
- Made in India: 75 Years of Business and Enterprise എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **അമിതാഭ് കാന്ത്**
- ഗൂഗിൾ ഡൂഡിൽ ആദരം അർപ്പിച്ച പ്രശസ്ത ബ്രിട്ടീഷ് നടൻ ?
  - **അലൻ റിക്മാൻ**
  - **ലെ ലെയ്സൻസ് ഡെയിഞ്ചറസിലെ അനശ്വര കഥാപാത്രത്തെയാണ് 36 വർഷം തികയുമ്പോൾ ഗൂഗിൾ ഡൂഡിൽ അടയാളപ്പെടുത്തിയത്.**
- ടൈബ്രേക്കറിൽ റഷ്യയുടെ ഇയാൻ നെപ്പോമ്നിഷിയെ തോൽപ്പിച്ചതോടെ ലോക ചെസിന്റെ പുതിയ ചാമ്പ്യനായത് ?
  - **ഡിങ് ലിറൻ**
  - **ചെസ് കിരീടം നേടുന്ന ആദ്യ ചൈനക്കാരൻ ആണ് ഡിങ് ലിറൻ.**
- IPL ചരിത്രത്തിലെ 1000മത് മത്സരം നടന്നത് ?
  - **മുംബൈ ഇന്ത്യൻസ് vs രാജസ്ഥാൻ റോയൽസ്**
- IPL ചരിത്രത്തിലെ 1000മത് മത്സരത്തിലെ വിജയി ?
  - **മുംബൈ ഇന്ത്യൻസ്**
- റോമിലെ എ.ടി.പി. ചലഞ്ചർ ടൂർ ജേതാവ് ആയ ഇന്ത്യയുടെ യുവ ടെന്നീസ് താരം ?
  - **സുമിത് നാഗൽ**
  - **ഫൈനലിൽ നെതർലൻഡ്സിന്റെ ജെസ്പർ ഡി ജോങ്ങിനെ തോൽപ്പിച്ചു.**
  - **യൂറോപ്പിലെ കളിമൺ കോർട്ടിൽ ചലഞ്ചർ ടൂർ കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരമായി.**
- ഏഷ്യൻ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ ഡബിൾസിൽ കിരീടം നേടിയത് ?
  - **സാത്വിക് സായ്രാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം**
  - **ഏഷ്യൻ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ആദ്യമായാണ് പുരുഷ ഡബിൾസ് വിഭാഗത്തിൽ ഇന്ത്യ കിരീടം നേടുന്നത്.**

## MAY 2

- ലോക ആസ്ത്മ ദിനം ആചരിക്കുന്നത് ?
  - **മെയ് മാസത്തിലെ ആദ്യ ചൊവ്വ (2023 ൽ മെയ് 2)**

- ഈ വർഷത്തെ ലോക ആസ്ത്മ ദിനത്തിന്റെ പ്രമേയം ?
    - **Asthma Care for All**
- ട്യൂണ മത്സ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ഐക്യരാഷ്ട്രസഭ നേതൃത്വത്തിൽ ട്യൂണ ദിനം ആചരിക്കുന്നത് ?
    - **മെയ് 2 (2017 മുതൽ ആചരിക്കുന്നു. )**
- അടുത്തിടെ ചന്ദ്രനിലെ മണ്ണിൽ നിന്ന് വിജയകരമായി ഓക്സിജൻ വേർതിരിച്ചെടുത്ത ബഹിരാകാശ ഏജൻസി ?
    - **നാസ**
- ബഹിരാകാശത്ത് നടക്കുന്ന ആദ്യ അറബ് സഞ്ചാരി ?
    - **സുൽത്താൻ അൽ നെയാദി**
- 2025 ഓടെ ചന്ദ്രനിലെ ഇരുണ്ട പ്രദേശങ്ങളെക്കുറിച്ചുള്ള പര്യവേഷണത്തിനും ധ്രുവങ്ങളിലെ ജലസാന്നിദ്ധ്യം പരിശോധിക്കുന്നതിനുമായി LUPEX (Lunar Polar Exploration) ദൗത്യം നയിക്കുന്നത് ?
    - **ഇന്ത്യ & ജപ്പാൻ സംയുക്ത ദൗത്യം**
- 110 വർഷങ്ങൾക്ക് ശേഷം കടുവയുടെ സാന്നിധ്യം കണ്ടെത്തിയ ഹരിയാനയിലെ ദേശീയോദ്യാനം ?
    - **കലേസർ നാഷണൽ പാർക്ക്**
- G20 ഉച്ചകോടിയോടനുബന്ധിച്ചുള്ള സയൻസ്-20 രാജ്യാന്തര പ്രതിനിധി സമ്മേളനത്തിന്റെ വേദി ?
    - **ലക്ഷദ്വീപ്**
- "Collective Spirit, Concrete Action" എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ശശി ശേഖർ വെമ്പാട്ടി**
    - **പ്രസാർ ഭാരതിയുടെ മുൻ സിഇഒ ആണ് ഇദ്ദേഹം.**
- ബിഹാൻ മേള സംഘടിപ്പിച്ചത് ?
    - **ഒഡീഷ**
- മെഡിക്കൽ ഡിവൈസസ് പാർക്കുകൾ നിലവിൽ വരുന്ന സംസ്ഥാനങ്ങൾ ?
    - **ഹിമാചൽ പ്രദേശ്, മധ്യപ്രദേശ്, തമിഴ്നാട്, ഉത്തർപ്രദേശ്**
- 2023 ഏപ്രിലിൽ തിരുവിതാംകൂർ രാഷ്ട്രീയ മഹാസമ്മേളനത്തിന്റ എത്രാമത് വാർഷികമാണ് ആചരിച്ചത് ?
    - **100**

❖ സൈബർ സുരക്ഷാ മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച സ്റ്റാർട്ടപ്പിനുള്ള ഈ വർഷത്തെ ഗ്ലോബൽ ഇൻസ്പിരേഷൻ പുരസ്കാരം നേടിയ കേരള സ്റ്റാർട്ടപ്പ് ?
  - **ടെക് ബൈ ഹാർട്ട്**

❖ IPL ക്രിക്കറ്റിലെ ഏറ്റവും വലിയ രണ്ടാമത്തെ ടീം സ്കോർ നേടിയ ടീം ?
  - **ലക്നൗ സൂപ്പർ ജയന്റ്സ്**
  - **പഞ്ചാബ് കിങ്സിനെതിരെ 20 ഓവറിൽ 257 റൺസ്**
  - **ഏറ്റവും ഉയർന്ന സ്കോർ ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സിന്റെ 264 റൺസ്.**

❖ IPL പെരുമാറ്റച്ചട്ടം ലംഘിച്ചതിന് ആർക്കെല്ലാം എതിരെയാണ് മാച്ച് ഫീയുടെ 100 ശതമാനം പിഴ ചുമത്തിയത് ?
  - **ലക്നൗ സൂപ്പർ ജയന്റ്സ് (LSG) ടീം മെന്റർ ഗൗതം ഗംഭീറിനും റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ (RCB) വിരാട് കോഹ്‌ലിക്കും**

## MAY 3

❖ ലോക പത്രസ്വാതന്ത്ര്യ ദിനം ആചരിക്കുന്നത് ?
  - **മെയ് 3**

❖ ഈ വർഷത്തെ ലോക പത്രസ്വാതന്ത്ര്യ ദിനത്തിന്റെ പ്രമേയം ?
  - **Shaping a Future of Rights: Freedom of Expression as a Driver for all other human rights**

❖ ആഗോള മാധ്യമനിരീക്ഷണ സംഘടനയായ റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് 2022 - ൽ പുറത്തുവിട്ട കണക്കുപ്രകാരം 180 രാജ്യങ്ങളടങ്ങിയ പട്ടികയിൽ പത്രം സ്വാതന്ത്ര്യത്തിൽ ഇന്ത്യയുടെ സ്ഥാനം ?
  - **150**

❖ 2023 ലെ വേൾഡ് പ്രസ് ഫ്രീഡം ഹീറോ അവാർഡിന് അർഹയായ മെക്സിക്കൻ മാധ്യമ പ്രവർത്തക ?
  - **കാർമൻ അരിസ്റ്റെഗുയി**

❖ അടുത്തിടെ 13 വയസിനു താഴെയുള്ള കുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗം വിലക്കിയ ബിൽ അവതരിപ്പിച്ച രാജ്യം ?
  - **അമേരിക്ക**

❖ ബ്രിട്ടനിലെ ഒരു പ്രശസ്ത സംസ്കൃത പണ്ഡിതനും ലണ്ടനിലെ ഭാരതീയ വിദ്യാഭവൻ സെന്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും ആയ ആരെയാണ് അടുത്തിടെ ചാൾസ് മൂന്നാമൻ രാജാവ് എംബിഇ ബഹുമതി നൽകി ആദരിച്ചത് ?
  - **ഡോ.എം.എൻ.നന്ദകുമാര (കർണാടക സ്വദേശി ആണ് ഇദ്ദേഹം. )**

- ആദ്യ ആസിയാൻ-ഇന്ത്യ നാവിക അഭ്യാസം നടത്തിയത് ?
  - **ദക്ഷിണ ചൈനാ കടലിൽ**
  - **ഐഎൻഎസ് സത്പുരയും ഐഎൻഎസ് ഡൽഹിയും പങ്കെടുത്തു.**
- നിർമിതബുദ്ധി (എ.ഐ.)യുടെ തലതൊട്ടപ്പൻ എന്നറിയപ്പെടുന്ന ആരാണ് ഗൂഗിളിൽ നിന്നും രാജി വെച്ചത് ?
  - **ജെഫ്രി ഹിന്റൺ**
- അടുത്തിടെ മറാത്ത ഭരണാധികാരി യായിരുന്ന ഛത്രപതി ശിവജിയുടെ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ട രാജ്യം ?
  - **മൗറീഷ്യസ്**
- അനലറ്റിക്സ് കമ്പനിയായ കെപ്ലറിന്റെ കണക്കനുസരിച്ച് ഏപ്രിലിൽ സൗദി അറേബ്യയെ മറികടന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്ക് പെട്രോളും ഡീസലും നൽകുന്നതിൽ മുന്നിലെത്തിയ രാജ്യം ?
  - **ഇന്ത്യ**
- പ്രീമിയം പണമിടപാടുകൾക്കായി RBI യുടെ സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി (CBDC) സ്വീകരിക്കുന്ന ആദ്യ ജനറൽ ഇൻഷുറൻസ് കമ്പനി ?
  - **റിലയൻസ് ജനറൽ ഇൻഷുറൻസ്**
- ദക്ഷിണ വ്യോമസേന മേധാവിയായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **എയർ മാർഷൽ ബി. മണികണ്ഠൻ (കോട്ടയം സ്വദേശി )**
- തൊഴിലിടങ്ങളിലെ ജോലിസമയം വർധിപ്പിക്കുന്നതിനുള്ള നിയമഭേദഗതി പിൻവലിച്ചത് ?
  - **തമിഴ്നാട്**
- ഗാന്ധിജിയുടെ ചെറുമകനും എഴുത്തുകാരനും സാമൂഹിക, രാഷ്ട്രീയ പ്രവർത്തകനുമായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **അരുൺ ഗാന്ധി (89)**
- സുപ്രീംകോടതിവിധിയെത്തുടർന്ന് കേന്ദ്രസർക്കാർ ലൈസൻസ് പുതുക്കി നൽകിയത് ഏത് ചാനലിന്റെ ആണ് ?
  - **മീഡിയ വൺ**
- സ്ട്രൈക്കിങ് എ കോഡ് എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **ഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ള**

- സാംസ്കാരിക വകുപ്പിനു കീഴിലുള്ള അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകം മുതിർന്ന തുള്ളൽ കലാകാരനു നൽകുന്ന ഇക്കൊല്ലത്തെ കുഞ്ചൻനമ്പ്യാർ പുരസ്കാരം (10,001 ₹) ലഭിച്ചത് ?
  - **കുട്ടമത്ത് ജനാർദനൻ**
- ലൈംഗികാതിക്രമ പരാതിക ളിൽ റെസ്ലിങ് ഫെഡറേഷൻ പ്രസിഡന്റ് ബ്രിജ് ഭൂഷൺ സിങ്ങിനെതിരേ നടപടിയാവശ്യപ്പെട്ട് ഗുസ്തി താരങ്ങളുടെ സമരം നടക്കുന്നത് ?
  - **ജന്തർ മന്തറിൽ**
- ലോക ടെസ്റ്റ് ക്രിക്കറ്റ് റാങ്കിങ്ങിൽ ഓസ്ട്രേലിയയെ മറികടന്ന് ഒന്നാം സ്ഥാനത്ത് എത്തിയത് ?
  - **ഇന്ത്യ ( നിലവിൽ ടെസ്റ്റ് , ട്വന്റി20 റാങ്കിങ്ങിൽ ഒന്നാം സ്ഥാനം ഇന്ത്യ.)**
- ഏഷ്യൻ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിലെ പുരുഷ ഡബിൾസിൽ സ്വർണം നേടിയ ഇന്ത്യയുടെ ചിരാഗ് ഷെട്ടി-സാത്വിക് സായ്രാജ് റങ്കിറെഡ്ഡി സഖ്യത്തിന്റെ റാങ്ക് ?
  - **അഞ്ചാം സ്ഥാനം**
- 2023-ലെ അസർബൈജാൻ ഗ്രാൻപ്രിയിൽ ജേതാവായത് ?
  - **സെർജിയോ പെരസ്**
- ടേബിൾ ടെന്നീസ് താരവും മൂന്ന് തവണ ഒളിമ്പിക് മെഡൽ ജേതാവുമായ കസുമി ഇഷികാവ വിരമിച്ചു. ഏത് രാജ്യക്കാരിയാണ് ?
  - **ജപ്പാൻ**

## MAY 4

- 2023 ലെ ലോക മാധ്യമസ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ?
  - **161 (2022 ൽ 150-ാം സ്ഥാനമായിരുന്നു. )**
  - **ഗ്ലോബൽ മീഡിയ വാച്ച് ഡോഗ് റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് (RSF) ആണ് വർഷം തോറും പട്ടിക പ്രസിദ്ധീകരിക്കുന്നത്.**
- ലോക മാധ്യമസ്വാതന്ത്ര്യ സൂചികയിൽ 180 രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമത് എത്തിയത് ?
  - **നോർവേ (2. അയർലന്റ്, 3.ഡെൻമാർക്ക്, 4. സ്വീഡൻ, 5. ഫിൻലൻഡ് ............ 178. വിയറ്റ്നാം, 179. ചൈന, 180. ഉത്തര കൊറിയ )**
- പാനമയിൽ നിന്ന് പുറപ്പെട്ട യുഎസ് എണ്ണക്കപ്പൽ ഹോർമുസ് കടലിടുക്കിൽ വച്ച് പിടിച്ചെടുത്ത രാജ്യം ?
  - **ഇറാൻ**

- ഐക്യരാഷ്ട്ര സംഘടനയുടെ സ്വതന്ത്ര മാധ്യമ പ്രവർത്തനത്തിനുള്ള അവാർഡ് ലഭിച്ച ഇറാനിൽ തടവിലാക്കപ്പെട്ട 3 വനിതാ മാധ്യമ പ്രവർത്തകർ ?
  - **നിലോഫർ ഹമദി, ഇലാഹി മുഹമ്മദി, നർഗിസ് മുഹമ്മദി**
  - **1986 ൽ കൊല്ലപ്പെട്ട കൊളംബിയൻ പത്രപ്രവർത്തകൻ ഗില്ലർമോ കാനോയുടെ സ്മരണാർഥമാണ് ലോക മാധ്യമസ്വാതന്ത്ര്യദിനമായ മേയ് 3ന് യുഎൻ പുരസ്കാരം നൽകുന്നത്.**
- IMF റിപ്പോർട്ട് പ്രകാരം ഈ വർഷത്തെ ആഗോള സാമ്പത്തിക വളർച്ചയുടെ പകുതിയും സംഭാവന ചെയ്യുന്ന രാജ്യങ്ങൾ ?
  - **ഇന്ത്യ & ചൈന**
- പ്രായപൂർത്തിയായവരുടെ പാസ്പോർട്ടിൽ പിതാവിന്റെ പേര് വേണമെന്ന് നിർബന്ധമില്ലെന്ന് വിധി പ്രസ്താവിച്ച ഹൈക്കോടതി ?
  - **ഡൽഹി ഹൈക്കോടതി**
- 150 kg പേലോഡ് ശേഷിയുള്ള തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് വികസിപ്പിച്ച എയർ ഡ്രോപ്പബിൾ കണ്ടെയ്നർ DRDOയും ഇന്ത്യൻ നാവികസേനയും ഗോവയിലെ ഐഎൽ 38എസ്ഡി വിമാനത്തിൽ നിന്ന് പരീക്ഷണം നടത്തി. പേര് ?
  - **എഡിസി-150**
- റെയിൽവേ മന്ത്രാലയത്തിനു കീഴിലുള്ള ഏത് കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിനാണ് അടുത്തിടെ നവരത്ന പദവി ലഭിച്ചത് ?
  - **റെയിൽ വികാസ് നിഗം ലിമിറ്റഡ് (R.V.N.L.)**
- 2023 ജൂൺ 2 മുതൽ 5 വർഷത്തേക്ക് ലോക ബാങ്ക് പ്രസിഡന്റായി നിയമിതനായ ഇന്ത്യൻ വംശജൻ ?
  - **അജയ് ബംഗ ( മുഴുവൻ പേര് : അജയ്പാൽ സിങ് ബാംഗ )**
  - **2016 ൽ പത്മശ്രീ പുരസ്കാരം ലഭിച്ചിട്ടുണ്ട്.**
- ലിങ്ക്ഡ്ഇൻ സഹസ്ഥാപകൻ റീഡ് ഹോഫ്മാന്റെ സ്റ്റാർട്ടപ്പ് അവതരിപ്പിച്ച ചാറ്റ്ബോട്ട് ?
  - **Pi Chatbot**
- ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റ് കെട്ടിട സമുച്ചയം നിലവിൽ വരുന്ന നഗരം
  - **സൂറത്ത്, ഗുജറാത്ത്**
- പെൺകുട്ടികൾ കുറയുന്ന കേരളത്തിൽ നടപ്പാക്കാൻ നിർദേശം നൽകിയ കേന്ദ്ര പദ്ധതി ?
  - **പ്രധാനമന്ത്രി മാതൃവന്ദന യോജന**

- തമിഴ് നടനും നിർമാതാവും സംവിധായകനുമായ വ്യക്തി 2023 മെയ് 3ന് അന്തരിച്ചു. പേര് ?
    - **മനോബാല(69)**
    - **നടൻ എന്ന നിലയിൽ ആദ്യ ചിത്രം : പുതിയ വാർപ്പുഗൾ**
    - **സംവിധായകൻ എന്ന നിലയിൽ ആദ്യ ചിത്രം : ആഗായ ഗംഗൈ**
    - **പ്രമുഖ ചിത്രങ്ങൾ :: തുപ്പാക്കി, സിരുത്തൈ, യാരടി നീ മോഹിനി, പിതാമഗൻ, ചന്ദ്രമുഖി,നൻപൻ**
    - **അഭിനയിച്ച മലയാള ചിത്രം : ജോമോന്റെ സുവിശേഷം**
- ദേശീയപാതാ വികസനത്തിന് ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരവിതരണം ഇനി കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ ഏത് പോർട്ടൽ വഴിയാണ് ?
    - **ഭൂമിരാശി-2 പോർട്ടൽ**
- പ്രശസ്ത ഗായകൻ കമുകറ പുരുഷോത്തമന്റെ സ്മരണയ്ക്കായി കമുകറ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരം ലഭിച്ചത് ?
    - **എം.ജി. ശ്രീകുമാർ**
    - **50,000 ₹യും ആർട്ടിസ്റ്റ് നമ്പൂതിരി രൂപകൽപ്പന ചെയ്ത ശില്പവുമാണ് പുരസ്കാരം.**
- നഗര ദാരിദ്ര്യം ലഘൂകരിക്കാനുള്ള ദീനദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം മികച്ച രീതിയിൽ നടപ്പാക്കിയതിന് തുടർച്ചയായി ആറാം തവണയും പുരസ്കാരം ലഭിച്ചത് ?
    - **കേരളം**
    - **ഇത്തവണ രണ്ടാം സ്ഥാനം ലഭിച്ചു.**
    - **1. ഗുജറാത്ത് 3.ഉത്തരാഖണ്ഡ്**
- 2023ലെ ലോകത്തിലെ ഏറ്റവും സമ്പന്നരായ കായിക താരങ്ങളുടെ പട്ടികയിൽ ഒന്നാമത് എത്തിയത് ?
    - **ക്രിസ്റ്റ്യാനോ റൊണാൾഡോ**
    - **മെസ്സിയും എംബാപ്പെയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ.**

## MAY 5

- ഇന്ത്യയിൽ ഒരു വ്യക്തിയ്ക്ക് കൈവശം വെക്കാവുന്ന പരമാവധി സിം കാർഡുകളുടെ എണ്ണം ?
    - **4 ( നേരത്തെ ഇത് 9 ആയിരുന്നു. )**

- കന്റോൺമെന്റുകൾ സേനാ താവളങ്ങൾ ആക്കുന്ന പ്രതിരോധ മന്ത്രാലയത്തിന്റെ പുതിയ പദ്ധതിയുടെ ഭാഗമായി സേനാ താവളമാക്കപ്പെട്ട ആദ്യ കന്റോൺമെന്റ് ?
  - **ഹിമാചൽ പ്രദേശിലെ യോൽ കന്റോൺമെന്റ്**
- ഭീകരർ ആശയവിനിമയത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് എത്ര മെസഞ്ചർ ആപ്ലിക്കേഷനുകൾ ആണ് അടുത്തിടെ കേന്ദ്രസർക്കാർ വിലക്ക് ഏർപ്പെടുത്തിയത് **:- 14**
- കോൾ ഇന്ത്യ യുടെ അടുത്ത മേധാവിയാകുന്നത് ?
  - **പി.എം. പ്രസാദ്**
- പ്രസാർഭാരതിക്കു കീഴിലുള്ള റേഡിയോ ശൃംഖല ഇനി മുതൽ അറിയപ്പെടുക ഏത് പേരിൽ ?
  - **ആകാശവാണി**
  - **ഓൾ ഇന്ത്യാ റേഡിയോ(AIR) എന്ന വാക്കാണ് ഒഴിവാക്കിയത്.**
- കലാപത്തെ തുടർന്ന് മൊബൈൽ ഇന്റർനെറ്റ് സേവനങ്ങൾ മരവിപ്പിക്കുകയും എട്ടു ജില്ലകളിൽ കർഫ്യൂ ഏർപ്പെടുത്തുകയും ചെയ്ത ഇന്ത്യൻ സംസ്ഥാനം ?
  - **മണിപ്പൂർ**
- ഇന്ത്യയിലെ ആദ്യത്തെ കടലിനടിയിലൂടെയുള്ള തുരങ്കം (മുംബൈയിലെ) തുറന്നു കൊടുക്കുന്നത് ?
  - **2023 നവംബറോടെ**
- ഫാക്കൽറ്റി റിക്രൂട്ട്മെന്റിനായി UGC ആരംഭിച്ച പുതിയ പോർട്ടൽ ?
  - **CU-Chayan പോർട്ടൽ**
- നാഷണൽ മാനുഫാക്ചറിംഗ് ഇന്നൊവേഷൻ സർവേ പ്രകാരം The Most Innovative ആയി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനം ?
  - **കർണാടക**
- അരുണാചൽ പ്രദേശിൽ ഇന്ത്യൻ സൈന്യം നടത്തിയ സംയോജിത നിരീക്ഷണ, ഫയർ പവർ പരിശീലന അഭ്യാസം ?
  - **ബുലന്ദ് ഭാരത് എക്സർസൈസ്**
- നൊബേൽ പുരസ്കാരജേതാവ് അമർത്യ സെന്നിന്റെ ശാന്തിനികേതനിലെ ഭൂമി കൈയേറിയതാണെന്നാരോപിച്ച് ഒഴിപ്പിക്കാനുള്ള വിശ്വഭാരതി സർവകലാശാലയുടെ നീക്കം തടഞ്ഞത് ?
  - **കൊൽക്കത്ത ഹൈക്കോടതി**

- റഷ്യൻ ആസ്ഥാനമായുള്ള കമ്പനിയായ Sberbank ആരംഭിച്ച AI ചാറ്റ്ബോട്ട് ?
    - **Gigachat**
- ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) ആദ്യ അന്താരാഷ്ട്ര സമ്മേളനങ്ങളിലൊന്നായ 'മെഷീൻസ് കാൻ സീ 2023' ഉച്ചകോടി നടക്കുന്നത് ?
    - **ദുബായ്**
- 2023ലെ ഏഷ്യാ കപ്പിന് അടുത്തിടെ യോഗ്യത നേടിയ ടീം ?
    - **നേപ്പാൾ ക്രിക്കറ്റ് ടീം**
- ഡയമണ്ട് ലീഗ് മീറ്റിന്റെ വേദി ?
    - **ദോഹ, ഖത്തർ**
- സൗഹൃദ ഫുട്ബോൾ മത്സരത്തിൽ കരുത്തരായ റയൽ മഡ്രിഡ് അണ്ടർ 17 ഫുട്ബോൾ ടീമിനെ സമനിലയിൽ തളച്ചത് ?
    - **ഇന്ത്യൻ അണ്ടർ-17 ടീം**
- ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ഒരു സീസണിൽ കൂടുതൽ ഗോൾ നേടുന്ന താരം ആയത് ?
    - **എർലിങ് ഹാളണ്ട് (35 ഗോൾ)**
    - **റെക്കോഡ് തിരുത്തപ്പെടുന്നത് 28 വർഷത്തിനുശേഷം.**
- ലയണൽ മെസ്സി പി.എസ്.ജി. ക്ലബ്ബ് വിട്ടു പോരുമെന്ന് ഉറപ്പായതോടെ വൻ വിലയിട്ട സൗദി ക്ലബ്ബ്
    - **അൽ ഹിലാൽ (3270 കോടി ₹)**
- ഇന്ത്യൻ ഹോക്കി ടീമിന്റെ സ്പോൺസർഷിപ്പ് 2033 വരെ നീട്ടിയ ഇന്ത്യൻ സംസ്ഥാനം
    - **ഒഡീഷ**
- നവതി ആഘോഷിക്കുന്ന മലയാളത്തിന്റെ പ്രിയ കഥാകാരൻ എം.ടി. വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്ന പരിപാടി ?
    - **സാദരം എം.ടി. ഉത്സവം**
    - **മെയ് 16 മുതൽ 20 വരെ തിരൂർ തുഞ്ചൻപറമ്പിൽ.**
- പന്തളം കൊട്ടാരം വലിയ തമ്പുരാൻ അന്തരിച്ചു. പേര് ?
    - **മകയിരംനാൾ രാഘവവർമ രാജ(90)**
- അരനൂറ്റാണ്ടിലേറെ കർണാടകസംഗീതലോകത്ത് നിറഞ്ഞുനിന്ന മൃദംഗചക്രവർത്തി അന്തരിച്ചു. പേര് ?
    - **കാരൈക്കുടി ആർ. മണി (77)**

- സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ഡയറക്ടറായി നിയമിതനായ സിനിമാനടൻ ?
  - **അനൂപ്ചന്ദ്രൻ**
- സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഒ.ഡി.എഫ്. പ്ലസ് റാങ്കിംഗിലെ ത്രീ സ്റ്റാർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ജില്ല ?
  - **വയനാട്**

## MAY 6

- അന്താരാഷ്ട്ര പുള്ളിപ്പുലി ദിനം ആചരിക്കുന്നത് ?
  - **മെയ് 3**
- ചാൾസ് മൂന്നാമൻ രാജാവിന്റെയും ഭാര്യ കാമിലയുടെയും കിരീടധാരണം നടക്കുന്നത് ?
  - **2023 മെയ് 6**
- ബംഗാൾ ഉൾക്കടലിലെ ഈ വർഷത്തെ ആദ്യത്തെ ചുഴലിക്കാറ്റ് ?
  - **മോക്ക**
- മോക്ക എന്ന പേര് നിർദ്ദേശിച്ചത് ?
  - **യെമെൻ**
  - **കാപ്പിക്കച്ചവടത്തിന് പേരുകേട്ട യെമെനിലെ തുറമുഖ നഗരമാണ് മോക്ക.**
- അടുത്തിടെ ഡീകമ്മീഷൻ ചെയ്യുന്ന ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി 36 വർഷം സേവനം നടത്തിയ ദക്ഷിണ നാവിക കമാൻഡിലെ ആംഫീബിയസ് യുദ്ധക്കപ്പൽ ?
  - **ഐ.എൻ.എസ്. മഗർ**
- എൻ.സി.പി. അധ്യക്ഷ സ്ഥാനം ഒഴിയാനുള്ള തീരുമാനം പിൻവലിച്ചത് ?
  - **ശരദ് പവാർ**
- ഡിസ്നിലാന്റിന്റെ മാതൃകയിൽ അയോധ്യയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന തീം പാർക്ക് ?
  - **രാമാലാൻഡ്**
- രാജ്യത്തെ ആദ്യ എ.ഐ. സർവകലാശാല ആരംഭിക്കുന്നത് ?
  - **മഹാരാഷ്ട്രയിലെ കർജത്ത് കാമ്പസിൽ**
  - **നിർമിതബുദ്ധി ഉപയോഗിച്ച് ബിരുദ, ബിരുദാനന്തര കോഴ്സുകൾ നൽകുന്നത് യൂണിവേഴ്സൽ എ.ഐ. സർവകലാശാല**

- 2023 മെയ് 5 ന് അഞ്ച് സൈനികർക്ക് വീരമൃത്യു സംഭവിച്ച സ്ഫോടനം നടന്നത് ?
  - **ജമ്മു കശ്മീരിലെ രജൗറി ജില്ലയിലെ വനപ്രദേശമായ കൺഠിയിൽ**
- പ്രശ്നബാധിത സംസ്ഥാനങ്ങളെ സംരക്ഷിക്കുവാനായി ആർട്ടിക്കിൾ 355 പ്രകാരം ക്രമസമാധാന ചുമതല അടുത്തിടെ കേന്ദ്രം ഏറ്റെടുത്ത സംസ്ഥാനം ?
  - **മണിപ്പൂർ**
- പാസ് വേഡ് കൂടാതെ തന്നെ ഗൂഗിൾ അക്കൗണ്ടിൽ അതിവേഗം ലോഗിൻ ചെയ്യാൻ സഹായിക്കുന്ന പുതിയ സംവിധാനം ?
  - **പാസ് കീ**
- ഗോവയിൽ നടന്ന ഷാങ്ഹായ് സഹകരണസഖ്യം (എസ്.സി.ഒ.) വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുത്ത പാക് വിദേശകാര്യമന്ത്രി ?
  - **ബിലാവൽ ഭൂട്ടോ സർദാരി**
- ഇന്ത്യയിലെ ആദ്യത്തെ ഇന്ററർനാഷണൽ മൾട്ടിമോഡൽ ലോജിസ്റ്റിക്സ് പാർക്ക് നിലവിൽ വരുന്നത് ?
  - **ജോഗിഘോപ, അസം**
- കേരള സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി മന്ത്രിമാരുടെ നേതൃതത്തിൽ സംഘടിപ്പിക്കുന്ന താലൂക്കല പരാതി പരിഹാര അദാലത്ത് ?
  - **കരുതലും കൈത്താങ്ങും**
- കേരളത്തിലെ ആദ്യ ഗ്രാമഭവൻ ആരംഭിച്ചത് ?
  - **ആര്യനാട്**
- കേരളം മറക്കാത്ത 2018-ലെ പ്രളയത്തിന്റെ കഥയുമായി തീയേറ്ററിൽ എത്തിയ ചലച്ചിത്രം ?
  - **2018 (സംവിധാനം : ജൂഡ് ആന്റണി ജോസഫ്)**
- അടുത്തിടെ കേരളത്തിൽ സ്ഥിരീകരിച്ച പുതിയ ഒമിക്രോൺ വകഭേദങ്ങൾ ?
  - **XBB 1.12, XBB 1.16**
- ഒക്ടോബർ-നവംബറിൽ ഇന്ത്യയിൽ നടക്കുന്ന ഏകദിന ക്രിക്കറ്റ് ലോകകപ്പിന്റെ മത്സര വേദികളിലൊന്നായി പരിഗണനയിൽ ഉള്ള കേരളത്തിലെ സ്റ്റേഡിയം ?
  - **തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയം**
- ബാസ്കറ്റ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിതനായത്
  - **ജസ്റ്റിസ് പി. കൃഷ്ണ ഭട്ട്**

- നീതിയില്ലെങ്കിൽ പുരസ്കാരങ്ങൾ തിരിച്ചുനൽകുമെന്ന പ്രഖ്യാപനത്തിനു പിന്നാലെ ഗുസ്തി താരങ്ങൾക്ക് പിന്തുണയുമായി എത്തിയ ദ്രോണാചാര്യ പുരസ്കാര ജേതാവ് ?
  - **മഹാവീർ ഫോഗട്ട്**
- ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെ മൂന്നാം പതിപ്പ് നടക്കുന്നത് ?
  - **മെയ് 23 മുതൽ ജൂൺ 3 വരെ**
- ചെസ്സിൽ അന്താരാഷ്ട്ര മാസ്റ്റർ കിരീടം നേടുന്ന പതിനൊന്നാമത്തെ ഇന്ത്യൻ വനിതയായത് ?
  - **വന്തിക അഗർവാൾ**
- പ്രഥമ ഗ്ലോബൽ ചെസ് ലീഗിന് ആതിഥേയത്വം വഹിക്കുന്നത് ?
  - **ദുബായ് (2023ജൂൺ 21-ജൂലൈ 2)**
- അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ദക്ഷിണാഫ്രിക്കൻ വനിത ഫാസ്റ്റ് ബൗളർ ?
  - **ഷബ്നിം ഇസ്മായിൽ**
- ഏകദിന ക്രിക്കറ്റിൽ അതിവേഗം 5000 റൺസെന്ന നാഴികക്കല്ല് പിന്നിട്ട പാകിസ്താൻ താരം ?
  - **ബാബർ അസം**
  - **97 മത്സരങ്ങളിൽനിന്നാണ് ഇത്രയും റൺസെടുത്തത്. 101 ഇന്നിങ്സുകളിൽ 5000 റൺസ് നേടിയിരുന്ന ദക്ഷിണാഫ്രിക്കൻ താരം ഹാഷിം അംലയെയാണ് മറികടന്നത്.**
- അടുത്തിടെ അന്തരിച്ച ഒളിമ്പിക്സ് സ്വർണമെഡൽ ജേതാവായ അമേരിക്കൻ സ്പ്രിന്റർ ?
  - **ടോറി ബോവി**
- ദോഹ ഡയമണ്ട് ലീഗിൽ ഈ സീസണിലെ ആദ്യ മത്സരത്തിൽ തന്നെ മികച്ച പ്രകടനംകുറിച്ച് ഒന്നാം സ്ഥാനം നേടിയത് ?
  - **നീരജ് ചോപ്ര (88.67 മീറ്റർ)**
  - **ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കുബ് വാഡ്ലെച്ച് രണ്ടാമതായും (88.63 മീറ്റർ) ഗ്രനഡയുടെ ആൻഡേഴ്സൻ പീറ്റേഴ്സ് (85.88) മൂന്നാമതായും ഫിനിഷ് ചെയ്തു.**

## MAY 7

- ലോക അത്‌ലറ്റിക്സ് ദിനം ആചരിക്കുന്നത് ?
  - **മെയ് 7**

- 2023-ലെ ലോക അത്‌ലറ്റിക്സ് ദിനത്തിന്‍റെ പ്രമേയം ?
  - **Athletics for All - A New Beginning**
- ജെറ്റ് എയർവേസിനു ശേഷം പാപ്പര നടപടികളിലേക്ക് കടക്കുന്ന വിമാന കമ്പനി ?
  - **ഗോ ഫസ്റ്റ്, വാദിയ ഗ്രൂപ്പ്**
- ഏത് വിഭാഗത്തെ പട്ടികവർഗ വിഭാഗമായി പ്രഖ്യാപിക്കാനുള്ള ഹൈക്കോടതി നിർദേശത്തിനെതിരെയാണ് മണിപ്പൂരിൽ പ്രതിഷേധം ശക്തമായത് ?
  - **മെയ്തി**
- ചിന്നക്കനാലിൽനിന്നും പിടികൂടി പെരിയാർ കടുവ സങ്കേതത്തിൽ തുറന്നുവിട്ട അരിക്കൊമ്പൻ മേഘമല ജനവാസ മേഖലയ്ക്ക് സമീപം എത്തിയതോടെ വിനോദസഞ്ചാരികളെ വിലക്കിയത് ?
  - **തമിഴ്നാട്**
- പാകിസ്ഥാനുവേണ്ടി ചാരവൃത്തി നടത്തിയതിന് അടുത്തിടെ അറസ്റ്റിലായ DRDO ശാസ്ത്രജ്ഞൻ ?
  - **പ്രദീപ് കുരുൽക്കർ**
  - **മഹാരാഷ്ട്ര തീവ്രവാദ വിരുദ്ധ സ്ക്വാഡ് ആണ് അറസ്റ്റ് ചെയ്തത്.**
- ലൗ ഇൻ നയന്‍റീസ് എന്ന ചലച്ചിത്രത്തിന്‍റെ പ്രത്യേകത ?
  - **അരുണാചൽ പ്രദേശിലെ ടാഗിൻ ഭാഷയിൽ ഒരുങ്ങുന്ന ആദ്യ ചിത്രം.**
  - **സംവിധാനം : തപൻ നാതം**
- Adarsha Colony സംരംഭം ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഒഡീഷ**
  - **Adarsha – Odisha**
- സെർച്ചിങ്ങിൽ AI ബേസ്ഡ് ചാറ്റ് കൊണ്ടുവരുന്ന ടെക് ഭീമൻ ?
  - **ഗൂഗിൾ**
- ലോകത്തിലാദ്യമായി ഗർഭസ്ഥ ശിശുവിൽ മസ്തിഷ്ക ശസ്ത്രക്രിയ വിജയകരമായി നടത്തിയത് ?
  - **അമേരിക്ക**
- കോവിഡ് 19-നെത്തുടർന്ന് പ്രഖ്യാപിച്ച ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പിൻവലിച്ചത് ?
  - **WHO**
  - **2023 മെയ് 5 ന്**

- 2500 ഏക്കറിൽ നാട്ടു വൃക്ഷങ്ങൾ കൊണ്ടൊരു വനമുണ്ടാക്കുന്നതിനായി കേരളത്തിൽ നിന്ന് ചക്കക്കുരു ശേഖരിക്കുന്ന സംസ്ഥാനം ?
  - **മധ്യപ്രദേശ്**
  - **യോഗാചാര്യൻ കംലേഷ് പട്ടേൽ നേതൃത്വം നൽകുന്ന ഹേർട്ട്ഫുൾനസ് ഫൗണ്ടേഷനാണ് മധ്യപ്രദേശ് സർക്കാരിനുവേണ്ടി പദ്ധതി നടത്തുന്നത്.**
- മെയ് 17 ന് കുടുംബശ്രീ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ഓൺലൈൻ റേഡിയോ ?
  - **റേഡിയോശ്രീ**
- ഒ.എൻ.വി. കൾച്ചറൽ അക്കാദമി ഏർപ്പെടുത്തിയ 2023 ലെ സാഹിത്യ പുരസ്കാരം ലഭിച്ചത് ?
  - **സി. രാധാകൃഷ്ണൻ**
  - **മൂന്നു ലക്ഷം ₹യും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
- 2023ലെ ഒ.എൻ.വി. യുവസാഹിത്യ പുരസ്കാരത്തിന് അർഹരായത് ?
  - **നീതു സി.സുബ്രഹ്മണ്യൻ, രാഖി ആർ. ആചാരി**
  - **ശില്പത്തിനും പ്രശസ്തിപത്രത്തിനും പുറമേ അവാർഡ് തുകയായ 50000₹ ഇവർക്ക് വീതിച്ചു നൽകും.**
- പ്രശസ്ത സാഹിത്യകാരൻ വടക്കേകൂട്ടാല നാരായണൻ കുട്ടി നായരുടെ (വി.കെ.എൻ) ഭാര്യ അന്തരിച്ചു. പേര് ?
  - **വേദവതി അമ്മ(90)**
- ഡീസൽ എൻജിനുകളിലെ പുകനിയന്ത്രണവുമായി ബന്ധപ്പെട്ട പരീക്ഷണ ഗവേഷണ പ്രബന്ധത്തിന് അന്താരാഷ്ട്ര പുരസ്കാരം ലഭിച്ച മലയാളി ശാസ്ത്രജ്ഞൻ ?
  - **ഡോ. ആനന്ദ് ആലമ്പത്ത്**
  - **പെൻസിൽവേനിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഓഫ് ഓട്ടോമോട്ടീവ് എൻജിനിയേഴ്സിന്റെ ജോൺ ജോൺസൺ അവാർഡ് ആണ് ലഭിച്ചത്.**
- രാജ്യാന്തര ക്രിക്കറ്റിൽ എല്ലാ ഫോർമാറ്റിലുമായി ഇംഗ്ലണ്ടിനായി ഏറ്റവും കൂടുതൽ വിക്കറ്റ് വീഴ്ത്തിയ വനിതാ താരം രാജ്യാന്തര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. പേര് ?
  - **കാതറിൻ ബ്രണ്ട്**

- IPL ൽ കൂടുതൽ തവണ പൂജ്യത്തിന് പുറത്തായ ആൾ എന്ന റെക്കോഡ് നേടിയത് ?
    - **രോഹിത് ശർമ (16 തവണ)**
    - **വെസ്റ്റ് ഇൻഡീസ് താരം സുനിൽ നരെയ്ൻ, ഇന്ത്യയുടെ ദിനേഷ് കാർത്തിക്, മൻദീപ് സിങ് എന്നിവർ 15 തവണ പൂജ്യത്തിന് പുറത്തായിട്ടുണ്ട്.**
- IPL ൽ 7000 റൺസ് തികച്ച ആദ്യ താരമായത് ?
    - **വിരാട് കോഹ്‌ലി**
- ഏകദിന ക്രിക്കറ്റ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തിയ ടീം ?
    - **പാകിസ്ഥാൻ ( 2. ഓസ്‌ട്രേലിയ ,3. ഇന്ത്യ, 4. ഇംഗ്ലണ്ട് , 5. ന്യൂസീലൻഡ് )**
    - **ആദ്യമായാണ് ഏകദിനത്തിൽ പാകിസ്ഥാൻ ഒന്നാം സ്ഥാനത്ത് എത്തുന്നത്.**
- Marylebone ക്രിക്കറ്റ് ക്ലബ്ബിന്റെ (MCC) പുതിയ പ്രസിഡന്റായി നിയമിതനായത് ?
    - **മാർക്ക് നിക്കോൾസ്**
- ദക്ഷിണ കൊറിയയിലെ ജിൻജുവിൽ നടന്ന 2023 ഏഷ്യൻ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 55 കിലോഗ്രാം വിഭാഗത്തിൽ 194 കിലോഗ്രാം ഉയർത്തി വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം ?
    - **ബിന്ദ്യാറാണി ദേവി**

## MAY 8

- ലോക റെഡ് ക്രോസ് ദിനം ആചരിക്കുന്നത് ?
    - **മെയ് 8**
- ഈ വർഷത്തെ ലോക റെഡ് ക്രോസ് ദിനത്തിന്റെ പ്രമേയം ?
    - **Everything we do comes #fromtheheart**
- മാലിന്യപ്രശ്നം കൈകാര്യം ചെയ്യുന്നതിൽ വൻ വീഴ്ച വരുത്തിയെന്ന് ചൂണ്ടിക്കാട്ടി ദേശീയ ഹരിത ട്രൈബ്യൂണൽ 4000 കോടി ₹ പിഴയിട്ട സംസ്ഥാനം ?
    - **ബീഹാർ**
- മണിപ്പൂരിലെ പുതിയ ചീഫ് സെക്രട്ടറി ആയി നിയമിതനായത് ?
    - **വിനീത് ജോഷി**
- തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ അടുത്തിടെ പ്രവർത്തനം നിർത്തിവച്ച ഇന്ത്യൻ സേനയുടെ ഹെലികോപ്റ്റർ ?
    - **ധ്രുവ് അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്റർ**

- ആദ്യത്തെ സ്വയം നിർമ്മിത വെസൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പരീക്ഷണ ഓട്ടം തുടങ്ങിയത് ?
    - **ചൈന**
- 76-ാമത് കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി ഓർ ബഹുമതി നേടിയ ഹോളിവുഡ് നടൻ ?
    - **മൈക്കൽ ഡഗ്ലസ്**
- പുതിയ ആഭ്യന്തര നയ ഉപദേഷ്ടാവായി അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ തിരഞ്ഞെടുത്ത ഇന്ത്യൻ വംശജ ?
    - **നീര ടാൻഡൻ**
- 11 വർഷങ്ങൾക്ക് ശേഷം 2023 മെയ് ൽ അറബ് ലീഗിൽ വീണ്ടും അംഗത്വം ലഭിച്ച രാജ്യം ?
    - **സിറിയ**
- അറബ് ലീഗ് ഉച്ചകോടി നടക്കുന്നത് ?
    - **മെയ് 19, 2023, റിയാദ്**
- ക്രിപ്റ്റോ കറൻസി വികസിപ്പിക്കാൻ ഒരുങ്ങുന്ന ഇന്ത്യയുടെ അയൽ രാജ്യം ?
    - **ഭൂട്ടാൻ**
- മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആദ്യ മുസ്ലിം വനിത അന്തരിച്ചു. പേര് ?
    - **പ്രൊഫ. നബീസ ഉമ്മാൾ**
- പത്ത് വർഷത്തിലേറെ കേരള ഹൈക്കോടതി ജഡ്ജിയായിരുന്ന വ്യക്തി അടുത്തിടെ അന്തരിച്ചു. പേര് ?
    - **ജസ്റ്റിസ് എസ്. ശങ്കര സുബ്ബൻ**
- വിനോദസഞ്ചാരബോട്ട് മറിഞ്ഞ് സ്ത്രീകളും കുട്ടികളുമുൾപ്പെടെ 21 പേർ മുങ്ങിമരിച്ച അപകടം നടന്നത് ?
    - **2023 മെയ് 7, മലപ്പുറം താനൂരിനുസമീപം തൂവൽതീരത്ത്**
- അപകടത്തിൽപ്പെട്ട ബോട്ട് ?
    - **അറ്റ്ലാന്റിക്**
- അസർബൈജാൻ വേദിയാകുന്ന 2023-ലെ ലോകകപ്പ് ഷൂട്ടിംഗിനുള്ള ഇന്ത്യൻ ടീമിൽ പങ്കെടുക്കുന്ന മലയാളി ?
    - **റിഷി ഗിരീഷ്**

- ഏതെല്ലാം രാജ്യത്തെ അത്‌ലറ്റുകളെ അന്താരാഷ്ട്ര മത്സരങ്ങളിൽനിന്ന് വിലക്കിയ തീരുമാനം അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി (IOC) പുനഃപരിശോധിക്കുന്നത് ?
    - **റഷ്യ, ബെലാറസ്**
- കോപ്പ ഡെൽ റേ കിരീടം നേടിയത് ?
    - **റയൽ മഡ്രിഡ്**
    - **ഫൈനലിൽ ഒസാസുനയെ കീഴടക്കിയാണ് റയൽ കിരീടം നേടിയത് .**
    - **റയൽ കിരീടം നേടുന്നത് 20-ാം തവണ.**
    - **31 കിരീടം നേടിയ ബാഴ്സലോണയാണ് ഒന്നാമത്.**
- ആലപ്പുഴയിൽ നടന്ന ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ 327 പോയിന്റോടെ ഓവറോൾ കിരീടം നേടിയത് ?
    - **ഇന്ത്യ**
- മാഡ്രിഡ് ഓപ്പൺ ടെന്നീസ് 2023 വനിത വിഭാഗം ജേതാവ് ആയത് ?
    - **ആര്യാന സബലേങ്ക (ബെലാറസ്)**
    - **ഫൈനലിൽ ലോക ഒന്നാം നമ്പർ താരം ഇഗ ഷ്വിയാടെകിനെ തോൽപ്പിച്ചു.**
- ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ചരിത്രത്തിൽ ആദ്യമായി, സഹോദരങ്ങൾ നയിച്ച രണ്ടു ടീമുകളുടെ മത്സരത്തിന് വേദിയായത് ?
    - **നരേന്ദ്രമോദി സ്റ്റേഡിയം, അഹമ്മദാബാദ്**
    - **ഗുജറാത്ത് ടൈറ്റൻസ് ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയും ലഖ്നൗ സൂപ്പർ ജയന്റ്സ് ക്യാപ്റ്റൻ ക്രൂണാൽ പാണ്ഡ്യയുമാണ് ഈ സഹോദരങ്ങൾ**.
- മണിപ്പൂരിലെ പുതിയ ചീഫ് സെക്രട്ടറി ആയി നിയമിതനായത് ?
    - **വിനീത് ജോഷി**

## MAY 9

- കേരളത്തിലെ ആദ്യത്തെ സിനി ടൂറിസം പദ്ധതി നടപ്പിലാക്കപ്പെടുന്നത് ?
    - **വെള്ളായണി (തിരുവനന്തപുരം)**
- ഉടൻ പ്രകാശനം ചെയ്യുന്ന കുമാരനാശാന്റെ 'നളിനി' എന്ന കൃതിയെകുറിച്ചുള്ള പ്രൊഫ. എം.കെ. സാനുവിന്റെ പുതിയ രചന ?
    - **കുമാരനാശാന്റെ നളിനി :വിശുദ്ധാനുരാഗത്തിൽ തെളിയുന്ന ദിവ്യദീപ്തി**

01 10th Main Full Syllabus Mock Test

02 5 - 10 SCERT Complete Mock Test

03 Daily Current Affair Updates

04 Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- അടുത്തിടെ എന്റെ പ്രിയകഥകൾ എന്ന ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ളയുടെ പുസ്തകം പ്രകാശനം ചെയ്തത് ?
  - **മുഖ്യമന്ത്രി പിണറായി വിജയൻ**
- പി. എസ്. ശ്രീധരൻപിള്ളയുടെ എത്രാമത് പുസ്തകം ആണ് എന്റെ പ്രിയകഥകൾ ?
  - **194ആമത്**
- പുസ്തകത്തിന്റെ പ്രകാശന ചടങ്ങ് സംഘടിപ്പിച്ചത് ഏത് പേരിൽ ആണ് ?
  - **എഴുത്താഴം അറ്റ് 194**
- എ.ഐ. ക്യാമറ വിവാദത്തിനു പിന്നാലെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷിനെ പുതുതായി നിയമിച്ചത് ?
  - **ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി**
  - **ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിനെ റവന്യൂവിലേക്കും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. എ. ജയതിലകിനെ നികുതി വകുപ്പിലേക്കും മാറ്റി.**
- 2018-ലെ പ്രളയകാലത്ത് മാതൃകാപരമായ രക്ഷാപ്രവർത്തനം നടത്തിയതിന് സാമൂഹികമേഖലയിലെ മികച്ച സമ്പ്രദായങ്ങൾ (ബെസ്റ്റ് പ്രാക്ടീസ്) എന്ന വിഭാഗത്തിൽ പ്രശംസ നേടിയത് ?
  - **വയനാട് ജില്ലാഭരണകൂടം**
- വിവാദചലച്ചിത്രം 'ദ കേരള സ്റ്റോറി' യുടെ പ്രദർശനം നിരോധിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **പശ്ചിമ ബംഗാൾ**
- ഇന്ത്യൻ എയർഫോഴ്സ് ഹെറിറ്റേജ് സെന്റർ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്തത് എവിടെയാണ് ?
  - **ചണ്ഡീഗഢിൽ**
- യുദ്ധവിമാനം പതിവുപരിശീലനപ്പറക്കലിനിടെ വീടിനു മുകളിൽ തകർന്നുവീണ് കുടുംബാംഗങ്ങളായ മൂന്നു സ്ത്രീകൾ മരിച്ചത് എവിടെ ? ഏത് വിമാനം ??
  - **ഹനുമാൻ ഗഢ് ജില്ലയിലെ പിലിബംഗ ബാൽ നഗർ, രാജസ്ഥാൻ ; മിഗ് - 21 വിമാനം**
- പ്രോജക്റ്റ് 15 ബി ക്ലാസിലെ ഇന്ത്യൻ നാവികസേനയുടെ മൂന്നാമത്തെ തദ്ദേശീയ സ്റ്റെൽത്ത് ഡിസ്ട്രോയർ കപ്പൽ ?
  - **ഐഎൻഎസ് ഇംഫാൽ (നിർമിച്ചത് : മസഗോൺ ഡോക് ലിമിറ്റഡ് )**

- ജമ്മുകാശ്മീരിനു പിന്നാലെ പുതിയ ലിഥിയം നിക്ഷേപം കണ്ടെത്തിയത് ഏത് സംസ്ഥാനത്താണ് ?
  - **രാജസ്ഥാൻ**
- കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള 14ആമത് പീറ്റേഴ്സ്ബർഗ് ഡയലോഗ് നടന്നത് ?
  - **ബെർലിൻ, ജർമ്മനി**
- തീവണ്ടിയപകടത്തെക്കുറിച്ചുള്ള വ്യാജവാർത്ത സൃഷ്ടിക്കുകയും നിർമിതബുദ്ധി ഉപയോഗിച്ച്(എ.ഐ.) സാമൂഹികമാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തതിന് ഹോങ് എന്നയാളെ അറസ്റ്റ് ചെയ്തത് ?
  - **ചൈന (നിർമിതബുദ്ധി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് രാജ്യത്തെ ആദ്യ അറസ്റ്റാണിത്. )**
- ചൈന അയച്ച നിഗൂഢതകൾ നിറഞ്ഞ ബഹിരാകാശപേടകം 276 ദിവസം ഭ്രമണപഥത്തിൽ തങ്ങിയതിനുശേഷം തിരികെയെത്തി. പ്രത്യേകത ?
  - **പുനരുപയോഗപ്പെടുത്താൻ കഴിയുന്ന ബഹിരാകാശ സാങ്കേതികവിദ്യയുടെ പരീക്ഷണം**
- കഴിഞ്ഞ വർഷത്തെ മികച്ച പുരുഷ കായികതാരത്തിനുള്ള ലോറസ് പുരസ്കാരം ലഭിച്ചത് ?
  - **ലയണൽ മെസ്സി ( 2021- ലും ലോറസ് പുരസ്ക്കാരം നേടിയ മെസ്സിക്ക് ഇത് രണ്ടാം തവണയാണ് ഈ അവാർഡ് ലഭിക്കുന്നത്. )**
- മികച്ച ടീമിനുള്ള പുരസ്കാരം നേടിയത് ?
  - **2022 ഫുട്ബോൾ കിരീടം നേടിയ അർജന്റീന**
- മികച്ച വനിതാതാരമായി തിരഞ്ഞെടുക്കപ്പെട്ട ജമൈക്കൻ ഓട്ടക്കാരി ?
  - **ഷെല്ലി ആൻ ഫ്രേസർ പ്രൈസ്**
- Laureus World Sports Award for Breakthrough of the Year നേടിയത് ?
  - **കാർലോസ് അൽകാരാസ്**
- 2023-ലെ മാഡ്രിഡ് ഓപ്പണിൽ കിരീടം നേടിയ പുരുഷ താരം ?
  - **കാർലോസ് അൽകാരാസ്**
- ഐ.പി.എലിനിടെ പരിക്കേറ്റ കെ.എൽ. രാഹുലിന് പകരം ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിനുള്ള ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിയത് ?
  - **ഇഷാൻ കിഷൻ**

- ഐ.പി.എൽ. കൂടുതൽ വിക്കറ്റ് നേട്ടത്തിൽ റെക്കോർഡിനൊപ്പം എത്തിയത് ?
  - **യുസ്വേന്ദ്ര ചാഹൽ (183* വിക്കറ്റുകൾ)**
  - **183 വിക്കറ്റുമായി ചെന്നൈ സൂപ്പർ കിങ്സിന്റെ മുൻതാരം ഡ്വെയ്ൻ ബ്രാവോയ്ക്ക് ആയിരുന്നു റെക്കോർഡ്.**
- ഏഷ്യൻ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ 67 കിലോഗ്രാം വിഭാഗം സ്നാച്ചിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം ?
  - **ജെറെമി ലാൽറിന്നുൻഗ**

## MAY 10

- വൻതോതിലുള്ള ലിഥിയം നിക്ഷേപം കണ്ടെത്തിയ രാജസ്ഥാനിലെ പ്രദേശം ?
  - **ദേഗാന, നാഗൗർ, രാജസ്ഥാൻ**
- ഇന്ത്യയിലെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രൊഫസറെ അവതരിപ്പിച്ച യൂണിവേഴ്സിറ്റി ?
  - **അമിറ്റി യൂണിവേഴ്സിറ്റി**
- 2018ൽ പശ്ചിമ ബംഗാൾ സർക്കാർ "ബംഗവിഭൂഷൺ" നൽകി ആദരിച്ച പ്രശസ്ത ബംഗാളി എഴുത്തുകാരൻ അന്തരിച്ചു. പേര് ?
  - **സമരേഷ് മജുംദാർ(79)**
  - **പ്രശസ്ത കൃതികൾ:: ഉത്തരാധികർ, കൽബേല, കൽപുരുഷ്**
  - **നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ 'കൽബേല'യ്ക്ക് സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.**
- അടുത്തിടെ ഗീത കാർമികുല ബീമ എന്ന പേരിൽ കള്ള് ചെത്ത് തൊഴിലാളികൾക്കായി ഇൻഷുറൻസ് പദ്ധതി ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **തെലങ്കാന**
- കർണാടക നിയമസഭാ തിരഞ്ഞെടുപ്പു നടക്കുന്നത് ?
  - **മെയ് 10,2023**
- ദേശീയ പ്രാധാന്യമുള്ള സ്മാരകമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച തുംഗനാഥ് ക്ഷേത്രം സ്ഥിതിചെയ്യുന്നത് ?
  - **ഉത്തരാഖണ്ഡ്**
  - **3680 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ശിവക്ഷേത്രമാണിത്.**

- അക്കൗണ്ടുകൾ വ്യാജമാണോ യഥാർഥമാണോ എന്നറിയാൻ നീല ശരി അടയാളം കൊണ്ടുവരുന്നത് ?
    - **ജിമെയിൽ**
    - **എല്ലാ ഗൂഗിൾ വർക്ക്, ബിസിനസ് ഉപയോക്താക്കൾക്കും നീല ശരി ലഭിക്കുമെന്ന് ഗൂഗിൾ സ്ഥിരീകരിച്ചു.**
- കാട്ടുതീ മൂലം അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കാനഡയിലെ പ്രവിശ്യ ?
    - **ആൽബർട്ട**
- പ്രസവാനന്തര രക്തസ്രാവം കൃത്യമായി മനസ്സിലാക്കി ഇടപെടൽ നടത്താൻ വേണ്ടി ലോകാരോഗ്യ സംഘടന ആരംഭിച്ച ക്ലിനിക്കൽ ട്രയൽ റൺ ?
    - **e-Motive**
- അമേരിക്കൻ പത്രപ്രവർത്തനത്തിലെ സമാദരണീയ പുരസ്കാരമായ പുലിറ്റ്സർ പുരസ്കാരം ലഭിച്ചത് ?
    - **യുക്രൈൻ യുദ്ധത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾക്ക് അസോസിയേറ്റഡ് പ്രസിനും (എ.പി.) ന്യൂയോർക്ക് ടൈംസിനും**
    - **പബ്ലിക് സർവീസ് അവാർഡ്, ബ്രേക്കിങ് ന്യൂസ് ഫോട്ടോഗ്രഫി എന്നീ വിഭാഗങ്ങളിലായി രണ്ടു സമ്മാനമാണ് എ.പി.ക്കു ലഭിച്ചത്. അന്താരാഷ്ട്ര റിപ്പോർട്ടിങ് വിഭാഗത്തിലെ പുരസ്കാരമാണ് ന്യൂയോർക്ക് ടൈംസ് നേടിയത്.**
- 2023 ലെ ഫിക്ഷൻ വിഭാഗത്തിൽ പുലിറ്റ്സർ സമ്മാനം ലഭിച്ചത് ആർക്കെല്ലാം ?
    - **ബാർബറ കിംഗ്സോൾവർ (അമേരിക്കൻ നോവലിസ്റ്റ്),**
    - **ഹെർണാൻ ഡയസ് (അർജന്റീന എഴുത്തുകാരൻ)**
- ഇമ്രാൻ ഖാന്റെ അറസ്റ്റിനു പിന്നാലെ പോലീസ് നിരോധനാജ്ഞ പ്രഖ്യാപിച്ചത് ?
    - **ഇസ്ലാമാബാദ്, പാകിസ്ഥാൻ**
- 42-ാമത് ആസിയാൻ ഉച്ചകോടി നടക്കുന്നത് ?
    - **ഇന്തോനേഷ്യ**
- 42-ാമത് ആസിയാൻ ഉച്ചകോടിയുടെ പ്രമേയം ?
    - **ASEAN Affairs: Epicenter of Growth**
- ഷാങ്ഹായ് കോർപ്പറേഷൻ ഓർഗനൈസേഷൻ (SCO) ഡയലോഗ് പാർട്ണർമാർ ആയി തിരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങൾ ?
    - **കുവൈറ്റ്, യുഎഇ, മ്യാൻമർ, മാലിദ്വീപ്**

- ഹാർവാഡ് സർവകലാശാലയുടെ റാഡ്ക്ലിഫ് ഫെലോഷിപ്പിന് അർഹനായ ഫ്രോഗ് മാൻ ഓഫ് ഇന്ത്യ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രശസ്ത ഉഭയജീവി ഗവേഷകനും മലയാളിയുമായ വ്യക്തി
  - **ഡോ. സത്യഭാമ ദാസ് ബിജു (എസ്.ഡി. ബിജു)**
- "ദ മാർച്ച്", "മൈ പ്രൗഡ് മൊമെന്റ്സ് ഇൻ ഗോവ" എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തത് ?
  - **ഝാർഖണ്ഡ് ഗവർണർ സി.പി. രാധാകൃഷ്ണൻ**
- "ദ മാർച്ച്", "മൈ പ്രൗഡ് മൊമെന്റ്സ് ഇൻ ഗോവ" എന്നീ പുസ്തകങ്ങളുടെ രചയിതാവ് ?
  - **ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള**
- കൂടിയാട്ടത്തെ സാധാരണക്കാർക്ക് പരിചയപ്പെടുത്തിയ ആചാര്യൻ അന്തരിച്ചു. പേര്?
  - **പി.കെ.ജി. നമ്പ്യാർ (പി.കെ. ഗോവിന്ദൻ നമ്പ്യാർ) (93)**
  - **കൂടിയാട്ട കുലപതി മാണി മാധവ ചാക്യാരുടെ മകൻ ആണ് ഇദ്ദേഹം.**
  - **2001-ൽ യുനെസ്കോ അംഗീകരിച്ച അഞ്ചു കൂടിയാട്ട ഗുരുക്കന്മാരിൽ ഒരാൾ.**
- താനൂർ ബോട്ടു ദുരന്തത്തിൽ അറസ്റ്റിലായ ബോട്ടുടമ ? **പി. നാസർ**
- സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന സാഹസിക വാട്ടർ സ്പോർട്സ് പദ്ധതി വിവാദമായത് എവിടെ ?
  - **മാരാരിക്കുളം ബീച്ച്, ആലപ്പുഴ ജില്ല**
- ആലപ്പുഴ ജില്ലയിൽ (അമ്പലപ്പുഴ) നടന്ന കേരള സർവകലാശാല യുവജനോത്സവത്തിൽ കിരീടം നേടിയത് ?
  - **തിരുവനന്തപുരം മാർ ഇവാനിയസ് കോളേജ്**
- 2023 ഫോർമുല വൺ മയാമി ഓപ്പൺ ഗ്രാൻപ്രീയിൽ ജേതാവായത് ?
  - **മാക്സ് വെസ്റ്റപ്പൻ**
- നിശ്ചിതസമയത്ത് ഓവർ പൂർത്തിയാക്കാത്തതിന് 12 ലക്ഷം₹ പിഴ വിധിക്കപ്പെട്ട കൊൽക്കത്ത ടീം ക്യാപ്റ്റൻ ?
  - **നിതീഷ് റാണ**

## MAY 11

- ചികിത്സയ്ക്കായി പോലീസ് കൊണ്ടുവന്നയാൾ യുവ ഡോക്ടറെ കുത്തിക്കൊന്നു. കൊല്ലപ്പെട്ടത് ?
  - **ഡോ. വന്ദനാ ദാസ്**

- സർക്കാർ വാഹനങ്ങൾക്ക് അനുവദിച്ച പ്രത്യേക നമ്പർ സീരീസ് ?
  - **കെ.എൽ. 99**
  - **കെ.എൽ. 99-എ സർക്കാർ വകുപ്പുകൾക്കും കെ.എൽ. 99-ബി സംസ്ഥാനത്തെ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും കെ.എൽ. 99-സി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കെ.എൽ 99-ഡി പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകും.**
- പൂർണ്ണമായും ഡിജിറ്റലായി ബാങ്ക് ഗ്യാരന്റി ലഭ്യമാക്കുന്ന ഇലക്ട്രോണിക് ബാങ്ക് ഗ്യാരന്റി സംവിധാനം അവതരിപ്പിച്ച ബാങ്ക് ?
  - **ഫെഡറൽ ബാങ്ക്**
- കേരളത്തിലെ ആദ്യ അംഗീകൃത ഡ്രോൺ പൈലറ്റിംഗ് പരിശീലന കേന്ദ്രം നിലവിൽ വരുന്ന ജില്ല ?
  - **കാസർഗോഡ്**
  - **അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, കാസർഗോഡ്**
- താനൂർ ബോട്ട് അപകടം അന്വേഷിക്കാനുള്ള ജുഡീഷ്യൽ കമ്മിഷൻ അധ്യക്ഷനായി നിയമിതനാവുന്ന വിരമിച്ച ഹൈക്കോടതി ജഡ്ജി ?
  - **റിട്ട. ജസ്റ്റിസ് വി.കെ. മോഹനൻ**
- വാഹനങ്ങളുടെ രേഖകളുടെ കാലാവധി അവസാനിക്കാറായാൽ ഉടമകളെ മുൻകൂട്ടി അറിയിക്കാനുള്ള മോട്ടോർ വാഹനവകുപ്പിന്റെ സംവിധാനം ?
  - **കേന്ദ്രീകൃത സോഫ്റ്റ്വെയറായ വാഹൻ**
- രാഷ്ട്രപതിയുടെ സേന മെഡലുകൾ സമ്മാനിച്ചു.എത്ര പുരസ്കാരങ്ങൾ ആണ് രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചത് ?
  - **8 കീർത്തിചക്ര, 29 ശൗര്യചക്ര ഉൾപ്പെടെ ആകെ 37 മെഡലുകൾ**
- ആരംഭിച്ചിട്ട് 2023 മെയ് 9 ന് 8 വർഷം പൂർത്തിയാക്കിയ പദ്ധതികൾ?
  - **പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന (PMSBY ), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY), അടൽ പെൻഷൻ യോജന (APY)**
  - **ആരംഭിച്ചത്: 2015 മെയ് 9-ന്**
- അന്തരീക്ഷ മലിനീകരണം തടയാൻ ഏത് വർഷം ആധാരമാക്കി ഡീസൽ വാഹനങ്ങൾക്ക് നിരോധനം ഏർപ്പെടുത്താൻ ആണ് കേന്ദ്ര സമിതി ആവശ്യപ്പെട്ടത് ?
  - **2027**

- കുട്ടികൾക്കായി ഡിജിറ്റൽ ഹെൽത്ത് കാർഡുകൾ നിർമ്മിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം ?
  - **ഉത്തർപ്രദേശ്**
- ഭാരത്പേ ഗ്രൂപ്പ് അതിന്റെ മൾട്ടി-ബ്രാൻഡ് ലോയൽറ്റി പ്രോഗ്രാമായ പേബാക്ക് ഇന്ത്യയ്ക്ക് നൽകിയ പുതിയ പേര് ?
  - **സില്യൺ (Zillion)**
- അടുത്തിടെ പുറത്തിറങ്ങിയ Draupadi Murmu : From Tribal Hinderlands to Raisina Hills എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **കസ്തൂരി റേ**
- യുനെസ്കോ ലോക പൈതൃകപ്പട്ടികയിലേക്ക് ശിപാർശ ചെയ്യപ്പെട്ടതായി കേന്ദ്ര സംസ്കാരികമന്ത്രി ജി. കിഷൻ റെഡ്ഡി അറിയിച്ചത് ?
  - **രവീന്ദ്രനാഥടാഗോർ ജീവിതകാലം ചെലവഴിച്ച് ശാന്തി നികേതൻ**
  - **ഇന്റർനാഷണൽ കൗൺസിൽ ഓൺ മോണുമെന്റ്സ് ആൻഡ് സൈറ്റ്സ് എന്ന സംഘടനയാണ് ശിപാർശ ചെയ്തത്.**
- അഞ്ച് ഫുട്ബോൾ ലോകകപ്പിൽ കളിച്ച ആദ്യ താരമെന്ന നേട്ടത്തിനുടമയായ മെക്സിക്കൻ ഇതിഹാസ താരം അന്തരിച്ചു. പേര് ?
  - **അന്റോണിയോ ഫെലിക്സ് കർബാൽ റോഡ്രിഗസ് (93)**
- ഈവർഷം അവസാനം ഇന്ത്യയിൽ നടക്കുന്ന ഏകദിന ക്രിക്കറ്റ് ലോകകപ്പിന് യോഗ്യത നേടുന്ന എട്ടാമത്തെ ടീമായത് ?
  - **ദക്ഷിണാഫ്രിക്ക**
  - **ആതിഥേയരായ ഇന്ത്യ ഉൾപ്പെടെ സൂപ്പർ ലീഗിലെ ആദ്യ ഏഴു സ്ഥാനക്കാർ നേരത്തേ യോഗ്യത നേടിയിരുന്നു.**
- ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യയുടെ മത്സരങ്ങൾ നിഷ്പക്ഷവേദിയിലേക്ക് മാറ്റാമെന്ന പാകിസ്ഥാന്റെ നിർദേശം തള്ളിയത് ?
  - **ശ്രീലങ്കയും ബംഗ്ലാദേശും**
- അടുത്തിടെ IPLൽ 3000 റൺസ് തികച്ച ബാറ്റർ ?
  - **സൂര്യ കുമാർ യാദവ്**
- മികച്ച കായിക പരിശീലകനായി തിരഞ്ഞെടുക്കപ്പെട്ട നീന്തൽ കോച്ച് ?
  - **പി.എസ്. വിനോദ്**

- സംസ്ഥാന സ്പോർട്സ് കൗൺസിൽ ഏർപ്പെടുത്തിയ ജി.വി. രാജ പുരസ്കാരം (2021-2022) ലഭിച്ചത് ?
  - **ഷട്ടിൽ ബാഡ്മിന്റൺ താരം അപർണാ ബാലനും അത്‌ലറ്റ് എം. ശ്രീശങ്കറിനും.**
  - **മൂന്നുലക്ഷം ₹യും ഫലകവും പ്രശംസാപത്രവുമാണ് പുരസ്കാരം.**
- രണ്ടുലക്ഷം ₹യും ഫലകവുമടങ്ങിയ ഒളിമ്പ്യൻ സുരേഷ് ബാബു ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഫുട്ബോൾ പരിശീലകൻ ?
  - **ടി.കെ. ചാത്തുണ്ണി**

## MAY 12

- അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിക്കുന്നത് ?
  - **മെയ് 12**
- ഈ വർഷത്തെ അന്താരാഷ്ട്ര നഴ്സസ് ദിനത്തിന്റെ പ്രമേയം ?
  - **Our Nurses Our Future**
- കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെ അക്രമിയുടെ കുത്തേറ്റ് ഡോക്ടർ മരിക്കാനിടയായ സാഹചര്യത്തിൽ ഭേദഗതി ചെയ്യുന്ന നിയമം ?
  - **ആശുപത്രിസംരക്ഷണനിയമം**
  - **2012-ലെ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമം കർശനമായി നടപ്പാക്കുന്നതിനായാണ് ഭേദഗതി വരുത്തുന്നത്.**
- കൊട്ടാരക്കര താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിന് ആദരസൂചകമായി പേര് നൽകുന്നത് ?
  - **ഡോ. വന്ദനാ ദാസിന്റെ പേര്**
- സ്വാതന്ത്ര്യസമര സേനാനി ഐ.സി.പി. നമ്പൂതിരിയുടെ സ്മരണയ്ക്കായി ചളവറ ഗ്രാമപ്പഞ്ചായത്ത് (പാലക്കാട് ജില്ല) ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാരം ലഭിച്ചത് ?
  - **ടി. പദ്മനാഭൻ( കാൽലക്ഷം ₹യുടേതാണു പുരസ്കാരം. )**
- താനൂർ ബോട്ടപകടത്തിന്റെ പശ്ചാത്തലത്തിൽ വള്ളങ്ങളിലും പുരവഞ്ചികളിലും യാത്രയ്ക്കുമുമ്പ് ബോധവത്കരണ ക്ലാസ് വരുന്നു. പേര് ?
  - **സേഫ്റ്റി ബ്രീഫിങ്**
- 2023 ലെ മാടമ്പ് സ്മൃതി പുരസ്കാരത്തിന് അർഹനായത് ?
  - **സി. രാധാകൃഷ്ണൻ**

- ഭാരതരത്ന ഡോ.അംബേദ്കർ പുരസ്കാരം ലഭിച്ചത് ?
    - **യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്**
- ശ്യാമ പ്രസാദ് മുഖർജി തുറമുഖത്തിന്റെ (കൊൽക്കത്ത തുറമുഖം) പുതിയ ചെയർമാൻ ആയി നിയമിതനായത് ?
    - **രതേന്ദ്ര രാമൻ**
- ഇന്ത്യയിലെ ആദ്യ പോഡ് ടാക്സി സർവീസ് ആരംഭിക്കുന്നത് ?
    - **നോയിഡ, ഉത്തർപ്രദേശ്**
    - **ഇത് പേഴ്സണലൈസ്ഡ് റാപ്പിഡ് ട്രാൻസിറ്റ് എന്നും അറിയപ്പെടുന്നു.**
    - **നോയിഡ അന്താരാഷ്ട്ര വിമാനത്താവളത്തെ ഫിലിം സിറ്റിയുമായി ബന്ധിപ്പിക്കും.**
    - **ഒരുപിടി യാത്രക്കാരെ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് വളരെ വേഗത്തിൽ കൊണ്ടുപോകാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ചെറിയ ഓട്ടോമേറ്റഡ് കാറുകളാണിവ.**
- ഇന്ത്യയുടെ ആദ്യത്തെ സൈനിക വിമാനത്തിന്റെ വിജയകരമായ പറക്കൽ പൂർത്തിയാക്കി. പേര് ?
    - **എയർബസ് C295**
- ഭാവിയിലെ റോഡുകളുടെയും നിർമ്മാണത്തിന്റെയും എല്ലാ വിപുലീകരണങ്ങളിലും നടപ്പാതകളും സൈക്കിൾ ട്രാക്കുകളും നൽകേണ്ടത് എല്ലാ റോഡ് ഉടമസ്ഥതയിലുള്ള ഏജൻസികൾക്കും നിർബന്ധമാക്കി 'നടക്കാനുള്ള അവകാശം' നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായത് ?
    - **പഞ്ചാബ്**
- റെയിൽവേ വിവിധ വിഭാഗങ്ങളിലെ നോൺ ഗസറ്റഡ് തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിൽ അഗ്നിവീറുകൾക്ക് എത്ര % സംവരണം ആണ് എർപെടുത്തിയത് ?
    - **15%**
- ബഹ്റൈനിലെ പുതിയ അംബാസഡറായി നിയമിതനായ മലയാളി ?
    - **വിനോദ് കെ. ജേക്കബ്**
- യുദ്ധ മുഖത്ത് റഷ്യൻ സേനയെ പ്രതിരോധിക്കാൻ ഉക്രൈന് ബ്രിട്ടൺ നൽകുന്ന ദീർഘദൂര ക്രൂസ് മിസൈൽ ?
    - **സ്റ്റോം ഷാഡോ മിസൈൽ (250 കിലോമീറ്റർ സഞ്ചരിക്കാൻ സാധിക്കും.)**

- ഷൂട്ടിങ് ലോകകപ്പിൽ 10 മീറ്റർ എയർപിസ്റ്റൾ വിഭാഗത്തിൽ സെർബിയയെ തോൽപ്പിച്ച് സ്വർണം നേടിയ ഇന്ത്യൻ സഖ്യം ?
  - **ദിവ്യ സുബ്ബരാജു-സരബ്ജ്യോത് സിങ് സഖ്യം**
  - **അസർബയ്ജാനിലെ ബാക്കുവിലാണ് അന്താരാഷ്ട്ര ഷൂട്ടിങ് ഫെഡറേഷന്റെ ലോകകപ്പ് നടക്കുന്നത്.**
- ഐ.പി.എൽ. ചരിത്രത്തിലെ ഏറ്റവും വേഗമേറിയ അർധ സെഞ്ചുറി നേടിയത് ?
  - **യശസ്വി ജയ്സ്വാൾ (രാജസ്ഥാൻ റോയൽസ്) - 13 പന്തിൽ 50 റൺസ്**
  - **മറികടന്നത് 14 പന്തിൽ അർധസെഞ്ചുറി കുറിച്ച കെ.എൽ. രാഹുൽ (2018), പാറ്റ് കമ്മിൻസ് (2022) എന്നിവരുടെ റെക്കോർഡ്**
- ഐപിഎൽ ചരിത്രത്തിലെ ഏറ്റവും കൂടുതൽ വിക്കറ്റ് നേട്ടം കൈവരിച്ചത് ?
  - **യുസ്വേന്ദ്ര ചാഹൽ (രാജസ്ഥാൻ റോയൽസ്) - നിലവിൽ 187 വിക്കറ്റുകൾ**
  - **മറികടന്നത് മുൻ ചെന്നൈ താരം ഡ്വെയ്ൻ ബ്രാവോയെ**
- ICC 2022 ഏപ്രിൽ മാസത്തിലെ Player of the Month ആയി തിരഞ്ഞെടുക്കപ്പെട്ടവർ ?
  - **ഫഖർ സമാൻ (പാകിസ്ഥാൻ)**
  - **നരുമോൾ ചൈവായി (തായ്ലൻഡ്)**

## MAY 13

- പ്രഥമ ഗോവിന്ദ് സ്വരൂപ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ച പ്രമുഖ ജ്യോതിശാസ്ത്രജ്ഞൻ ?
  - **പ്രൊഫ. ജയന്ത് വി. നാർലികർ**
- ISRO യുടെ ആദ്യ സെമി ക്രയോജനിക് എൻജിൻ പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയത് ?
  - **മഹേന്ദ്രഗിരി പ്രൊപ്പൽഷൻ കോംപ്ലക്സ്, തമിഴ്നാട്**
- സെമി ക്രയോജനിക് എൻജിന്റെ പേര് ?
  - **SCE 200**
- സംശുദ്ധീകരിച്ച മണ്ണെണ്ണയിൽ നിന്നും ISRO രൂപപ്പെടുത്തിയ റോക്കറ്റ് ഇന്ധനത്തിന്റെ പേര് ?
  - **ഇസ്രോസിൻ**
- വായനശാലയുള്ള ഇന്ത്യയിലെ ആദ്യ വിമാനത്താവളമായത് ?
  - **ലാൽ ബഹാദൂർ ശാസ്ത്രി ഇന്റർനാഷണൽ (LBSI) വിമാനത്താവളം, വാരണാസി, ഉത്തർപ്രദേശ്**

- ഡ്രോണുകൾ ഉപയോഗിച്ച് ബ്ലഡ് ബാഗ് ഡെലിവറിയുടെ ട്രയൽ റൺ വിജയകരമായി നടത്തിയത് ?
  - **ഐസിഎംആർ**
- 2023 മെയ് മാസത്തിൽ ടൈം മാസികയുടെ കവറിൽ ഇടം നേടിയ ബോളിവുഡ് താരം ?
  - **ദീപിക പദുക്കോൺ**
- ആഡംബര ഫാഷൻ ബ്രാൻഡ് ഗുച്ചിയുടെ ഗ്ലോബൽ അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യക്കാരി ?
  - **ആലിയ ഭട്ട്**
- ഉപഭോക്തൃവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പനിരക്ക് ഏപ്രിൽ മാസം എത്രയാണ് ?
  - **4.70 %**
  - **18 മാസത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്.**
- ട്വിറ്ററിന്റെ പുതിയ CEO ആകുന്നത് ?
  - **ലിൻഡ യക്കാരിനോ**
  - **നിലവിൽ എൻ.ബി.സി. യൂണിവേഴ്സലിന്റെ ആഗോളപരസ്യവിഭാഗം മേധാവിയാണ് ലിൻഡ.**
- അടുത്തിടെ നോർവേയിലെ പുതിയ അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ഡോ. അകവിനോ വിമൽ**
- എം പോക്സ് പശ്ചാത്തലത്തിൽ ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരുന്ന ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പിൻവലിച്ചത് ?
  - **2023 മെയ് 11 (പ്രഖ്യാപിച്ചത് 2022 ജൂലൈ മാസത്തിൽ )**
- ഗോൾഡൻ ഗ്ലോബ് മത്സരം 247 ദിവസം പിന്നിടുമ്പോൾ മൂന്നാം സ്ഥാനത്തായിരുന്ന ഓസ്ട്രിയൻ നാവികൻ തിരിച്ചെത്തി. പേര് ?
  - **മൈക്കൽ ഗുഗൻബർഗർ**
- ആരോഗ്യ വകുപ്പിലെ ജനറൽ നഴ്സിങ് വിഭാഗത്തിലെ മികച്ച നഴ്സിന് സിസ്റ്റർ ലിനി പുതുശ്ശേരിയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരം ഇത്തവണ ലഭിച്ചത് ?
  - **വി. സിന്ധുമോൾ**
- നെഹ്റുട്രോഫിയിലെ ഏറ്റവും കൂടുതൽ വിജയങ്ങളുടെ ചരിത്രമുള്ള ഏത് ചുണ്ടൻ വള്ളം ആണ് അടുത്തിടെ പുതുക്കിപ്പണിത് നീരണിഞ്ഞത് ?
  - **കാരിച്ചാൽ ചുണ്ടൻ**

- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പിലെയും അയ്യങ്കാളി നഗര തൊഴിലുറപ്പിലെയും അംഗങ്ങൾക്കായി കേരളം തുടങ്ങുന്ന തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഉദ്ഘാടനം ചെയ്യുന്നത് ?
    - **പിണറായി വിജയൻ , 2023 മെയ് 15 ന്**
    - **രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു ക്ഷേമനിധി.**
- ലഹരി വിരുദ്ധ പോരാട്ടത്തിൽ അധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ലഹരി ഉപയോഗത്തിലേക്ക് തിരിയുന്ന കുട്ടികളെ അതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിനുമായി അടുത്തിടെ അവതരിപ്പിച്ച കേരള എക്സൈസ് വകുപ്പിന്റെ പദ്ധതി ?
    - **നേർവഴി**
- ഏത് മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റന്റെ ജന്മദിനം ആണ് ഗ്രാസ് റൂട്ട് ദിനമായി ആചരിക്കാൻ അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ തീരുമാനിച്ചത് ?
    - **പി.കെ. ബാനർജി**
- ലോക ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് മൂന്ന് വെങ്കലം. ആർക്കെല്ലാം ?
    - **മുഹമ്മദ് ഹുസാമുദ്ദീൻ (57Kg വിഭാഗം)**
    - **നിഷാന്ത് ദേവ് (51Kg വിഭാഗം)**
    - **ദീപക് ബോറിയ(51Kg വിഭാഗം)**
- ഫുട്ബോൾ റൈറ്റേഴ്സ് അസോസിയേഷന്റെ 'ഫുട്ബോൾ ഓഫ് ദ ഇയർ' പുരസ്കാരം ലഭിച്ചത് ആർക്കെല്ലാം ?
    - **എർലിങ് ഹാളണ്ട്, സാം കെർ**
- ഗുജറാത്ത് ടൈറ്റൻസിനെതിരെ മുംബൈ ഇന്ത്യൻസിനായി ഈ സീസണിൽ അരങ്ങേറിയ മലയാളി താരം ?
    - **വിഷ്ണു വിനോദ്**
    - **20 പന്തിൽ 30 റൺസ് നേടി.**
- ഗുജറാത്ത് ടൈറ്റൻസിനെതിരേ സെഞ്ചുറി നേടിയ മുംബൈ താരം ?
    - **സൂര്യ കുമാർ യാദവ്**
- ഗുജറാത്തിനായി 4 വിക്കറ്റും 8ആമൻ ആയി ഇറങ്ങി 32 പന്തിൽ 79 റൺസും നേടിയത് ?
    - **റഷീദ് ഖാൻ**
    - **എട്ടാമൻ ആയി ഇറങ്ങി കൂടുതൽ റൺസ് നേടിയ താരമായി.**

## MAY 14

- ലോക മാതൃദിനം ആചരിക്കുന്നത് ?
    - **എല്ലാ വർഷവും മെയ് മാസത്തിലെ രണ്ടാമത്തെ ഞായർ (2023 മെയ് 14)**
- ദ്വിദിന അന്താരാഷ്ട്ര ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിന്റെ ആറാമത് എഡിഷൻ ആരംഭിച്ചത് ?
    - **2023 മെയ് 12 ന് ബംഗ്ലാദേശിലെ ധാക്കയിൽ**
- അടുത്തിടെ കണ്ടെത്തിയ ഏറ്റവും വലിയ പ്രപഞ്ച വിസ്ഫോടനത്തിന് നൽകിയ പേര്
    - **A.T. 2021 LWEX**
- ഉക്രൈനിന് 300 കോടി ഡോളറിന്റെ സൈനിക പാക്കേജുമായി മുന്നോട്ട് വന്ന രാജ്യം ?
    - **ജർമനി**
- ഏവിയേഷൻ അനലിറ്റിക്സ് സ്ഥാപനമായ സിറിയം റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും കൃത്യനിഷ്ഠ പാലിക്കുന്ന വിമാനത്താവളമായി അംഗീകാരം ലഭിച്ചത് ?
    - **ഹൈദരാബാദ് എയർപോർട്ട്**
- ഫിഷിംഗ്, സ്പാം, വഞ്ചന എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനും തടയുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പരിഹാരം വികസിപ്പിക്കുന്ന സേവന ദാതാവ് ?
    - **എയർടെൽ**
- കർണാടകത്തിൽ 224 അംഗ നിയമസഭയിൽ 135 സീറ്റ് നേടി തകർപ്പൻ ജയം സ്വന്തമാക്കിയത് ?
    - **കോൺഗ്രസ്**
    - **ബി.ജെ.പി. -66**
- പഞ്ചാബിലെ ജലന്ധർ ലോക്സഭാ മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ചത് ?
    - **സുശീൽകുമാർ റിങ്കു, ആംആദ്മി പാർട്ടി**
- മൊൺലം ചെൻമോ എന്ന പ്രാർത്ഥനാ ഉത്സവം ആചരിക്കുന്നത് ?
    - **ലഡാക്ക്**
- അടുത്തിടെ പ്രകാശനം ചെയ്ത 'താക്കോൽ' എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ആനന്ദ്**
- The Indian Metropolis: Deconstructing India's Urban Spaces എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ഫിറോസ് വരുൺ ഗാന്ധി**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- ജൂൺ 23 ഏത് ദിനം ആയാണ് ആചരിക്കാൻ അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ തീരുമാനിച്ചത് ?
    - **ഗ്രാസ് റൂട്ട് ദിനം**
- ബെർലിനിലേക്കുള്ള സ്പെഷ്യൽ ഒളിമ്പിക്സ് യാത്രയുടെ അംബാസഡറായി ഇന്ത്യൻ ടീമിൽ ഉൾപ്പെട്ട നടൻ ?
    - **ആയുഷ്മാൻ ഖുറാന**
- പാകിസ്ഥാൻ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായ മുൻ ന്യൂസീലൻഡ് താരം ?
    - **ഗ്രാന്റ് ബ്രാഡ്ബേൺ**
- വിൻഡീസ് ഏകദിന, ട്വന്റി-20 ക്രിക്കറ്റ് ടീമുകളുടെ മുഖ്യ പരിശീലകനായി നിയമിതനായത് ?
    - **ഡാരൻ സമി**
- കഴിഞ്ഞ സീസണിൽനിന്നും 12.3 ശതമാനം വർധനവരുത്തിയെന്ന് സംഘാടകർ വ്യക്തമാക്കിയ ടെന്നീസ് ടൂർണമെന്റ് ?
    - **ഫ്രെഞ്ച് ഓപ്പൺ ( മൊത്തം 446 കോടി ₹യാണ് സമ്മാനത്തുകയായി ഈ സീസണിൽ നൽകുക**. )
- അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് അടുത്തിടെ വിരമിച്ച ബെൽജിയം താരം ?
    - **അക്സൽ വിറ്റ്സെൽ**

## MAY 15

- അന്താരാഷ്ട്ര കുടുംബ ദിനം ആചരിക്കുന്നത് ?
    - **മെയ് 15**
- 2023 ലെ അന്താരാഷ്ട്ര കുടുംബ ദിനത്തിന്റെ പ്രമേയം ?
    - **Demographic Trends and Families**
- സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കുന്നതിനുള്ള കേരള സംസ്ഥാന സഹകരണ വകുപ്പിന്റെ പദ്ധതി ?
    - **ബ്രാൻഡിങ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്**
- കേരളത്തിലെ ഏത് ക്ഷേത്രവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓഗ്മെന്റഡ് റിയാലിറ്റി ബേസ്ഡ് ഹെറിറ്റേജ് വാക് വേ പദ്ധതി നിലവിൽ വരുന്നത് ?
    - **ശ്രീപത്മനാഭസ്വാമി ക്ഷേത്രം, തിരുവനന്തപുരം**

- ഹെലികോപ്ടർ വഴി പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ വരുന്ന പദ്ധതി ?
    - **ഹെലി ടൂറിസം**
- ഏത് സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ആണ് ലോകബാങ്ക് താത്പര്യം ഉന്നയിച്ചത് ?
    - **കേരളം**
- പത്താമത് നീലഗിരി സുഗന്ധദ്രവ്യമേള നടക്കുന്നത് ?
    - **ഗൂഡല്ലൂർ**
- മേളയിൽ 14 ഇനം സുഗന്ധദ്രവ്യങ്ങളുപയോഗിച്ച് നിർമിച്ച ശിൽപം ഏതാണ് ?
    - **ഡോക്യുമെൻററി വിഭാഗത്തിൽ ഓസ്കർ നേടിയ ദി എലിഫന്റ് വിസ്പറേഴ്സിലെ 2 ആനക്കുട്ടികളായ രഘുവും അമ്മുവും അവയുടെ സംരക്ഷകരായ ബൊമ്മനും ബെല്ലിയുമാണ് ശില്പത്തിലുള്ളത്**
- ഇരു കരകൾക്കിടയിൽ ഒരു ബുദ്ധൻ എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **മധുപാൽ**
- അടുത്തിടെ കേരളത്തിന്റെ പുതിയ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പാൾ സെക്രട്ടറിയായി നിയമിതയായത് ?
    - **റാണി ജോർജ്**
- കർണാടക നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയിച്ച മലയാളികൾ ?
    - **എൻ. എ. ഹാരിസ്,**
    - **കെ. ജെ. ജോർജ്ജ്**
    - **യു. ടി. ഖാദർ**
- ഇന്ത്യയുടെ ഗതിനിർ ണയ ഉപഗ്രഹം വിക്ഷേപണത്തിന് സജ്ജമാകുന്നു. പേര് ?
    - **എൻ.വി.എസ്.- 01**
- ഇന്ത്യയുടെ സ്വന്തം ഗതിനിർണയ സംവിധാനമായ നാവിഗേഷൻ വിത്ത് ഇന്ത്യൻ കോൺസ്റ്റലേഷൻ (നാവിക്) പദ്ധതിയുടെ ഭാഗമായി എൻ.വി.എസ്.- 01 വിക്ഷേപിക്കുന്നത് ?
    - **GSLV Mark-2 റോക്കറ്റ് ഉപയോഗിച്ച് ശ്രീഹരിക്കോട്ടയിൽ നിന്ന് 2023 മേയ് 29-ന്**
- തമിഴ്നാട് മന്ത്രിസഭയിലെ അഴിച്ചുപണിയിൽ ധനകാര്യം നഷ്ടമായത് ?
    - **ഡോ. പഴനിവേൽ ത്യാഗരാജൻ**

- രാജ്യത്ത് വിൽക്കുന്ന സ്മാർട് ഫോണുകളിൽ ഏത് ആപ്ലിക്കേഷൻ ആണ് ഫോൺ നിർമാതാക്കൾ ഉറപ്പാക്കണമെന്ന് കേന്ദ്ര ഐ.ടി. മന്ത്രാലയം അടുത്തിടെ ഉത്തരവിട്ടത് ?
  - **എഫ്. എം. റേഡിയോ**
- ഇന്ത്യൻ നാവിക സേനയുടെ മിസൈൽ നശീകരണക്കപ്പലായ ഐ.എൻ.എസ്. മർമഗോവയിൽ നിന്ന് വിജയകരമായി പരീക്ഷിച്ച സൂപ്പർ സോണിക് ക്രൂയിസ് മിസൈൽ ?
  - **ബ്രഹ്മോസ്**
- സി.ബി.ഐ. ഡയറക്ടർ ആയി നിയമിതനായ കർണാടക പോലീസ് മേധാവി ?
  - **പ്രവീൺസൂദ്**
- മ്യാൻമാർ-ബംഗ്ലാദേശ് തീരങ്ങളിൽ വ്യാപകനാശം വിതച്ച ചുഴലിക്കാറ്റ് ?
  - **മോക (ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട അതിശക്തചുഴലിക്കാറ്റായ മോക ഞായറാഴ്ച ഉച്ചകഴിഞ്ഞ് മ്യാൻമാർ-ബംഗ്ലാദേശ് തീരത്ത് കരതൊട്ടു. വേഗം മണിക്കൂറിൽ 200 Km. )**
- അടുത്തിടെ നടന്ന ഇന്ത്യ - തായ്‌ലൻഡ് നാവികാഭ്യാസം ?
  - **CORPAT - 35th Edition**
- ലോക ഷൂട്ടിങ് ലോകകപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ വനിതാ താരം ?
  - **റിഥം സാങ്വാൻ**
- ഏത് സിംബാബ്‌വെ ക്രിക്കറ്റ് താരം ആണ് അർബുദരോഗ ബാധിതനാണെന്ന് കുടുംബം വെളിപ്പെടുത്തിയത് ?
  - **ഹീത്ത് സ്ട്രീക്ക്**
- 26മത് ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിന് വേദിയാകുന്നത് ?
  - **ബിർസ മുണ്ട സ്റ്റേഡിയം**

## MAY 16

- ദേശീയ ഡെങ്കിപ്പനി ദിനം ആചരിക്കുന്നത് ?
  - **മെയ് 16**
- ലോക ദേശാടന പക്ഷി ദിനം ആചരിക്കുന്നത് ?
  - **മെയ് മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച (2023 മെയ് 13)**
  - **വർഷത്തിൽ രണ്ടുതവണ ആചരിക്കുന്നു. മെയ് & ഒക്ടോബർ മാസങ്ങളിലെ രണ്ടാമത്തെ ശനിയാഴ്ച**

- ലോക ദേശാടന പക്ഷി ദിനത്തിന്റെ പ്രമേയം ?
  - **Water and its importance for Migratory Bird**
- ഏഴാമത് യുഎൻ ആഗോള റോഡ് സുരക്ഷാ വാരം ആചരിക്കുന്നത് ?
  - **2023 മെയ് 15- മെയ് 21**
- ദക്ഷിണേഷ്യൻ സാഹിത്യത്തിലെ വിവർത്തനത്തിനുള്ള പ്രഥമ ആർമറി സ്‌ക്വയർ സമ്മാനം ലഭിച്ചത് ?
  - **മുഷറഫ് അലി ഫാറൂഖി**
  - **സിദ്ദിഖ് ആലമിന്റെ 'The Kettledrum and Other Stories' ഉറുദുവിൽ നിന്ന് ഇംഗ്ലീഷിലേക്ക് അദ്ദേഹം വിവർത്തനം ചെയ്തു.**
- അടുത്തിടെ ദയാവധം നിയമവിധേയമാക്കിയ യൂറോപ്യൻ രാജ്യം ?
  - **പോർച്ചുഗൽ**
- 26 തവണ എവറസ്റ്റ് കയറുന്ന ലോകത്തെ രണ്ടാമത്തെ വ്യക്തി ആയത് ?
  - **നേപ്പാളി ഷെർപ്പ പസങ് ദവ**
  - **ഈ നേട്ടം കൈവരിച്ച ആദ്യ വ്യക്തി കാമി റിത.**
- നാലാമത് ഇന്ത്യ-ഇന്തോനേഷ്യ ഉഭയകക്ഷി അഭ്യാസം ആരംഭിച്ചത് ?
  - **സമുദ്ര ശക്തി-23, 2023 മെയ് 14-19 വരെ ഇന്തോനേഷ്യയിൽ**
- ഇന്ത്യൻ വ്യോമസേന ഉപമേധാവിയായി ചുമതലയേറ്റത് ?
  - **എയർ മാർഷൽ അശുതോഷ് ദീക്ഷിത്**
  - **എയർ മാർഷൽ നർമദേശ്വർ തിവാരിയുടെ പിൻഗാമി ആയാണ് ഇദ്ദേഹം ചുമതലയേറ്റത്.**
- മൊത്തവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പനിരക്ക് പൂജ്യത്തിലും താഴെയായി. 2023 ഏപ്രിലിൽ എത്ര ശതമാനമാണ് മൊത്തവില പണപ്പെരുപ്പം ?
  - **-0.92%**
- എൺപതിലേറെ എം.എൽ.എ.മാരുടെ പിന്തുണ ലഭിച്ചതോടെ കർണാടക മുഖ്യമന്ത്രിസ്ഥാനം മുതിർന്ന നേതാവും മുൻ മുഖ്യമന്ത്രിയുമായ ആരുടെ കൈകളിലാണ് ?
  - **സിദ്ധരാമയ്യ**
- കടൽ മാർഗമുള്ള ലഹരി കടത്ത് തടയുന്നതിനായി ഇന്ത്യൻനേവി, കോസ്റ്റ് ഗാർഡ്, എൻ.സി.ബി. എന്നിവ സംയുക്തമായി ആരംഭിച്ച പദ്ധതി ?
  - **ഓപ്പറേഷൻ സമുദ്രഗുപ്ത**

- കാൻ ചലച്ചിത്രമേളയിൽ 4 ഇന്ത്യൻ ചിത്രങ്ങൾ ഔദ്യോഗിക വിഭാഗത്തിൽ പ്രദർശിപ്പിക്കും. ഏതെല്ലാം ?
  - **ഇഷാനു ( ദേശീയ അവാർഡ് നേടിയ മണിപ്പൂരി ചിത്രം)**
  - **ആഗ്ര ( സംവിധാനം: കാനു ബേഗൽ)**
  - **കെന്നഡി ( സംവിധാനം: അനുരാഗ് കശ്യപ് )**
  - **നെഹമിക് ( സംവിധാനം : യുദ്ധജിത് ബസു )**
- ഹിം ഡാറ്റാ പോർട്ടൽ പുറത്തിറക്കിയത് ?
  - **ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് സുഖു**
- നഷ്ടപ്പെട്ട മൊബൈൽ തിരിച്ചുപിടിക്കാൻ വരുന്ന സംവിധാനം ?
  - **സെൻട്രൽ എക്യുപ്മെന്റ് ഐഡന്റിറ്റി രജിസ്റ്റർ (സി.ഇ.ഐ.ആർ)**
  - **കേന്ദ്രസർക്കാർ സ്ഥാപനമായ സെന്റർ ഫോർ ഡിപ്പാർട്ട്മെന്റ് ഓഫ് ടെലിമാറ്റിക്സ് (സി -ഡോട്ട്) ആണ് നടപ്പാക്കുന്നത്.**
- സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ഡ്രോൺ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയ രാജ്യത്തെ ആദ്യ സംസ്ഥാനം ?
  - **കേരളം**
- വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിയ ആപ്ലിക്കേഷൻ ?
  - **ഇ- ടാപ്പ്**
- കേരളത്തിലെ ആദ്യ സമ്പൂർണ്ണ ഇൻഷുറൻസ് വാർഡ് ആയി പ്രഖ്യാപിക്കപ്പെട്ട കലങ്ങുംമുകൾ ഏത് ജില്ലയിലാണ് ?
  - **കൊല്ലം**
- സാദരം എം.ടി. ഉത്സവത്തിന്റെ വേദി ?
  - **തുഞ്ചൻപറമ്പ്**
- സംസ്ഥാന സർക്കാരിന്റെ രണ്ടാംവാർഷികത്തിന്റെ ഭാഗമായുള്ള മൂന്നാം നൂറുദിന കർമപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പു നടത്തുന്ന സുഭിക്ഷ കേരളം-500 ഏക്കർ കൃഷി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചെയ്യുന്നത് ?
  - **2023 മെയ് 16, മന്ത്രി വി. എൻ. വാസവൻ, ആലപ്പുഴ**
- സംസ്ഥാനത്തെ ഒരുശതമാനംവരുന്ന അതിദരിദ്രകുടുംബങ്ങളെ 2025 നവംബർ ഒന്നോടെ ആ അവസ്ഥയിൽനിന്നു പൂർണമായി മോചിപ്പിക്കുമെന്ന് പ്രസ്താവിച്ചത് ?
  - **പിണറായി വിജയൻ**

- 2023 മെയ് 16 ന് പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന സ്റ്റേഡിയങ്ങൾ?
  - **താനൂർ ഫിഷറീസ് സ്കൂൾ സ്റ്റേഡിയം, ഉണ്യാൾ ഫിഷറീസ് സ്റ്റേഡിയം & സ്പോർട്ട്സ് കോംപ്ലക്സ്, താനാളൂർ ഇ എം എസ് സ്റ്റേഡിയം, താനൂർ കാട്ടിലങ്ങാടി സ്റ്റേഡിയം**
- മൂന്ന് സീസണിനുശേഷം ലാലിഗ കിരീടം നേടിയത് ?
  - **എഫ്.സി. ബാഴ്സലോണ**
- നാല് മത്സരം ബാക്കിനിൽക്കെ നഗരവൈരികളായ എസ്പ്യാനോളിനെ കീഴടക്കി(4-2) ബാഴ്സലോണ എത്രാമത് ലാലിഗ കിരീടമാണ് നേടിയത് ?
  - **27-ാം ലാലിഗ കിരീടം**
- ബാഴ്സലോണ ടീമിന്റെ പരിശീലകൻ ?
  - **സാവി ഹെർനാണ്ടസ്**
- IPL ൽ കൂടുതൽ തവണ പൂജ്യത്തിന് പുറത്തായ താരം എന്ന റെക്കോഡ് രോഹിത് ശർമയോടൊപ്പം പങ്കിട്ടത് ?
  - **ദിനേശ് കാർത്തിക്**
  - **2 പേരും 16 തവണ പൂജ്യത്തിന് പുറത്തായി.**
- ശുഭ്മാൻ ഗിൽ ന്റെ സെഞ്ചുറി മികവിൽ 2023 IPL ന്റെ പ്ലേഓഫിലേക്ക് യോഗ്യത നേടുന്ന ആദ്യ ടീമായത് ?
  - **ഗുജറാത്ത് ടൈറ്റൻസ്**
- ഗുജറാത്ത് ടൈറ്റൻസിനെതിരെ 5 വിക്കറ്റ് നേട്ടം കൈവരിച്ച സൺറൈസേഴ്സ് ഹൈദരാബാദ് താരം ?
  - **ഭുവനേശ്വർ കുമാർ**
- വിമർശനങ്ങൾ ഒട്ടേറെയുണ്ടായതോടെയാണ് സോഫ്റ്റ് സിഗ്നൽ ഒഴിവാക്കാൻ നിർബന്ധിതരായത് ?
  - **അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ**
- ഫുട്ബോൾ പ്ലെയേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച പുരുഷതാരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ലാലിയൻ സുവാല ചാങ്തേ**
- ഫുട്ബോൾ പ്ലെയേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച വനിതാതാരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ഗ്രേസ് ദാങ്മേ**

- ഫുട്ബോൾ പ്ലെയേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച പുരുഷ യുവതാരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **ശിവശക്തി നാരായൺ**

## MAY 17

- ലോക ടെലികമ്മ്യൂണിക്കേഷൻ & ഇൻഫർമേഷൻ സൊസൈറ്റി ദിനം ആചരിക്കുന്നത്
    - **മെയ് 17**
- ലോക ഹൈപ്പർടെൻഷൻ ദിനം ആചരിക്കുന്നത് ?
    - **മെയ് 17**
- ഈ വർഷത്തെ ലോക ഹൈപ്പർടെൻഷൻ ദിനത്തിന്റെ പ്രമേയം ?
    - **Measure Your Blood Pressure Accurately, Control It, Live Longer**
- കുടുംബശ്രീ ദിനം ആചരിക്കുന്നത് ?
    - **മെയ് 17**
- ഇരുപത്തഞ്ചാം വർഷത്തിൽ കുടുംബശ്രീ മുദ്രഗീതം (തീം സോങ്) തയ്യാറാക്കിയപ്പോൾ ഒന്നാംസ്ഥാനം ലഭിച്ച ആലപ്പുഴ സ്വദേശി ?
    - **ശ്രീകലാ ദേവയാനം**
- വ്യക്തിഗത ഉപഭോക്താക്കൾക്കായി കേരള ബാങ്ക് പുറത്തിറക്കിയ ആപ്പ് ?
    - **കെ.ബി. പ്രൈം**
- വിവിധ സ്ഥാപനങ്ങൾക്കായി കേരള ബാങ്ക് പുറത്തിറക്കിയ ആപ്പ് ?
    - **കെ.ബി. പ്രൈം പ്ലസ്**
- മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണയ്ക്കായി മലയാറ്റൂർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ രണ്ടാമത് സാഹിത്യ പുരസ്കാരം ലഭിച്ച നോവലിസ്റ്റ് ?
    - **വി.ജെ. ജെയിംസ്**
    - **ആന്റിക്ലോക്ക് എന്ന നോവലിനാണ് 25,000 ₹യും ചിത്രകാരൻ കൃഷ്ണൻ കല്ലാർ രൂപകല്പന ചെയ്ത ശില്പവുമടങ്ങുന്ന അവാർഡ്.**
- പ്രവാസികൾക്ക് ഓൺലൈനായി റവന്യൂ സർവേ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ തയ്യാറാക്കിയ പോർട്ടൽ ?
    - **പ്രവാസി മിത്രം**
- കേരള കോൺഗ്രസ് ചെയർമാനായി വീണ്ടും തിരഞ്ഞടുക്കപ്പെട്ടത് ?
    - **പി.ജെ. ജോസഫ് എം.എൽ.എ.**

- ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട അധ്യാപകനെ സർവീസിൽ നിന്ന് പിരിച്ചുവിടാൻ കേരള വിദ്യാഭ്യാസ ചട്ടത്തിലെ (കെ.ഇ.ആർ.) വ്യവസ്ഥകളോ ചട്ടങ്ങളോ പാലിക്കേണ്ടതില്ലെന്ന് പ്രസ്താവിച്ചത് ?
  - **കേരള ഹൈക്കോടതി**
- പതിച്ചുനൽകിയ വനഭൂമിയിൽ വീടു വെക്കാൻ മണ്ണ് നീക്കം ചെയ്യാനുള്ള അപേക്ഷയിൽ തീരുമാനമെടുക്കാൻ വനംവകുപ്പിന്റെ അനുമതി ആവശ്യമില്ലെന്ന് പ്രസ്താവിച്ചത് ?
  - **കേരള ഹൈക്കോടതി**
- പെൺകുട്ടികളുള്ള സ്കൂളുകളിലെല്ലാം ഈ വർഷം മുതൽ സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീനുകൾ നിർബന്ധമാക്കി കേരള സർക്കാർ. വെൻഡിങ് മെഷീനുകൾ സ്ഥാപിക്കുന്നത് ?
  - **പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന്**
- 2023 ലെ ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ട മലയാള ചലച്ചിത്രം ?
  - **സൗദി വെള്ളക്ക ( സംവിധാനം :: തരുൺ മൂർത്തി )**
- ചിത്രവും വന്ദനവുമടക്കം നിരവധി ഹിറ്റ് ചിത്രങ്ങളുടെ നിർമാതാവ് അന്തരിച്ചു. പേര് ?
  - **പി.കെ.ആർ. പിള്ള**
  - **മുഴുവൻ പേര് :: പരിശപ്പറമ്പിൽ കുഞ്ഞൻപിള്ള രാമചന്ദ്രൻപിള്ള**
  - **1984-ൽ നിർമിച്ച 'വെപ്രാളം' ആണ് ആദ്യ സിനിമ.**
- ആരെയെല്ലാം സുപ്രീംകോടതി ജഡ്ജിമാരാക്കാൻ ആണ് കൊളീജിയം ശിപാർശ ചെയ്തത്
  - **മലയാളിയും മുതിർന്ന അഭിഭാഷകനുമായ കെ.വി. വിശ്വനാഥനെയും ആന്ധ്രാപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്രയെയും**
- നിയമനം നടന്നാൽ പിന്നീട് സുപ്രീംകോടതിയുടെ 58-ാം ചീഫ് ജസ്റ്റിസാവാൻ സാധ്യതയുള്ളത് ?
  - **പാലക്കാട് കൽപ്പാത്തി സ്വദേശിയായ കെ.വി. വിശ്വനാഥൻ**
- ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിന്റെ ഭാഗമായ പ്രസംഗങ്ങളും നടപടികളും ജനങ്ങളിൽ എത്തിക്കാൻ ആരംഭിച്ച യുട്യൂബ് ചാനൽ ?
  - **Parliament of India Audio Visual Archives**

- യു.ജി.സി അടുത്തിടെ പുറത്തിറക്കിയ 2 പോർട്ടലുകൾ ?
  - **പ്രൊഫസേഴ്സ് ഓഫ് പ്രാക്റ്റീസ് പോർട്ടൽ, ഉത്സാഹ് പോർട്ടൽ**
- യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ (യു.പി.എസ്.സി.) ചെയർമാനായി സത്യപ്രതിജ്ഞ ചെയ്ത വിദ്യാഭ്യാസവിദഗ്ധൻ ?
  - **മനോജ് സോണി**
- സ്ത്രീകൾക്ക് മാത്രമായി പ്രത്യേക പിങ്ക് പാർക്കുകൾ വരുന്ന നഗരം ?
  - **ഡൽഹി**
- കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (CCI) യുടെ ചെയർപേഴ്സണായി നിയമിതയായത് ?
  - **രവ്നീത് കൗർ**
- മുംബൈയിലെ തീരദേശ റോഡ് ആരുടെ പേരിലാണ് ഇനി അറിയപ്പെടുക ?
  - **ഛത്രപതി സംഭാജി മഹാരാജ്**
- മേരി ലൈഫ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയത് ?
  - **പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്**
- വാണിജ്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇപ്പോൾ ഇന്ത്യയുടെ മൂന്നാമത്തെ വലിയ കയറ്റുമതി രാജ്യമായത് ?
  - **നെതർലാൻഡ്സ്**
  - **യുഎസിനും യുഎഇക്കും യഥാക്രമം 1,2 സ്ഥാനം.**
- ഇന്ത്യയുൾപ്പെടെ നാലു രാജ്യങ്ങളുടെ നയതന്ത്രപ്രതിനിധികൾക്ക് നൽകിയിരുന്ന അധിക സുരക്ഷ അടുത്തിടെ പിൻവലിച്ചത് ?
  - **ബംഗ്ലാദേശ്**
- ഇന്ത്യൻ സാമ്പത്തികരംഗം ഇക്കൊല്ലം ചൈനയെക്കാൾ വളരുമെന്ന് പ്രവചിച്ചത് ?
  - **ഐക്യരാഷ്ട്രസഭ ( ഇന്ത്യ - 5.8%, ചൈന - 5.3% )**
- 76-ാം കാൻ ചലച്ചിത്രമേളയിലെ ഉദ്ഘാടന ചിത്രം ?
  - **ഴാങ് ഡു ബാഹി**
  - **ഫ്രാൻസ് രാജാവായിരുന്ന ലൂയി പതിനഞ്ചാമന്റെ ജീവിതകഥ പറയുന്ന ചരിത്രസിനിമ.**
- യു.എൻ. മൈഗ്രേഷൻ ഏജൻസിയുടെ ഡയറക്ടർ ജനറലായി ചുമതലയേറ്റ വനിത ?
  - **എമി പോപ്പ് ( ഈ സ്ഥാനത്ത് എത്തുന്ന ആദ്യ വനിത. )**
- ഇന്ത്യയുടെ 82-ാമത് ചെസ്സ് ഗ്രാന്റ് മാസ്റ്റർ എന്ന നേട്ടം കൈവരിച്ചത് ?
  - **പ്രണീത് വുപ്പാല (16), തെലങ്കാന**

- 37-ാമത് ദേശീയ ഗെയിംസിൽ അവതരിപ്പിക്കപ്പെടുന്ന പരമ്പരാഗത ഇന്ത്യൻ ആയോധന കല ?
  - **ഗട്ക**
- ബാഡ്മിന്റൺ പുരുഷ റാങ്കിങ്ങിൽ മലയാളി താരം എച്ച്.എസ്. പ്രണോയ് യുടെ റാങ്ക് ?
  - **ഏഴ്**
  - **വനിതാ വിഭാഗത്തിൽ ഇന്ത്യൻ താരം പി.വി. സിന്ധു 11-ാം റാങ്കിലാണ്.**
- ഈവർഷം അന്താരാഷ്ട്ര ടെസ്റ്റ്, ഏകദിനം, ട്വന്റി 20, ഐ.പി.എൽ. എന്നിങ്ങനെ നാലു വിഭാഗത്തിലും സെഞ്ചുറി നേടിയ താരമായത് ?
  - **ശുഭ്മാൻ ഗിൽ**
- 26-ാമത് ഫെഡറേഷൻ കപ്പിൽ സ്വർണം നേടുന്ന ആദ്യ മലയാളി താരമായത് ?
  - **ജിൻസൺ ജോൺസൺ (1500 മീറ്റർ ഓട്ടം)**
- പുരുഷന്മാരുടെ 400 മീറ്റർ ഓട്ടത്തിൽ വെള്ളി മെഡൽ നേടിയ മലയാളിതാരം?
  - **മുഹമ്മദ് അജ്മൽ**
- പുരുഷന്മാരുടെ ലോങ്ജമ്പിൽ  വെള്ളിനേട്ടം കൈവരിച്ചത് ?
  - **മുഹമ്മദ് അനീസ് യഹിയ**
  - **മുഹമ്മദ് അനസ് യഹിയ യുടെ സഹോദരൻ.**
- മുഹമ്മദ് അനസ് യഹിയ നേടിയ മെഡൽ ?
  - **വെങ്കലം**

## MAY 18

- അന്താരാഷ്ട്ര മ്യൂസിയം ദിനം ആചരിക്കുന്നത് ?
  - **മെയ് 18**
- ഈ വർഷത്തെ അന്താരാഷ്ട്ര മ്യൂസിയം ദിനത്തിന്റെ പ്രമേയം ?
  - **Museums, Sustainability and Well Being**
- ഇന്റർനാഷണൽ മ്യൂസിയം എക്സ്പോ 2023 ഉദ്ഘാടനം ചെയ്യുന്നത് ?
  - **നരേന്ദ്രമോദി; പ്രഗതി മൈതാൻ, ന്യൂഡൽഹി**
- Yuge Yugeen Bharat National Museum സ്ഥാപിക്കുന്നത് എവിടെ ?
  - **ന്യൂഡൽഹി**
- വ്യാജ സിം കാർഡ് പരിശോധനയ്ക്കായി കേന്ദ്ര സർക്കാർ ഉപയോഗിക്കുന്ന AI Based Software ?
  - **അസ്ത്ര**

- സഞ്ചാർ സാഥി പോർട്ടൽ ഉദ്ഘാടനം ചെയ്തത് ?
    - **കേന്ദ്ര വാർത്താവിനിമയ മന്ത്രി അശ്വിനി വൈഷ്ണവ്**
- നഷ്ടപ്പെട്ട / മോഷണം പോയ മൊബൈൽ ഫോൺ ഉപയോക്താക്കൾക്ക് തന്നെ കണ്ടെത്താൻ കേന്ദ്ര സർക്കാർ ആരംഭിച്ച പോർട്ടൽ ?
    - **സഞ്ചാർ സാഥി പോർട്ടൽ**
- ചിട്ടി ഫണ്ട് ബിസിനസിൽ നിയന്ത്രണം ഉറപ്പാക്കുന്നതിനായി ആന്ധ്രപ്രദേശ് സർക്കാർ പുറത്തിറക്കിയ ആപ്പ് ?
    - **ഇ- ചിട്ട്സ്**
- പ്രമുഖ വ്യവസായിയും ഹിന്ദുജ ഗ്രൂപ്പ് ചെയർമാനുമായ വ്യക്തി അന്തരിച്ചു. പേര് ?
    - **ശ്രീചന്ദ് പരമാനന്ദ് ഹിന്ദുജ (87)**
    - **ഇദ്ദേഹത്തിന് ബ്രിട്ടീഷ് പൗരത്വം ഉണ്ട്.**
    - **ഇന്ത്യക്കാരന്റെ ഉടമസ്ഥതയിലുള്ള സ്വിറ്റ്സർലൻഡിലെ ഏക ബാങ്കായ ഹിന്ദുജ ബാങ്ക് ചെയർമാൻ ആയിരുന്നു ഇദ്ദേഹം.**
- പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ്(PNGRB) ന്റെ പുതിയ ചെയർമാനായി നിയമിതനായത് ?
    - **അനിൽ കുമാർ ജെയിൻ**
- ഇന്ത്യൻ ആർമിയുടെ ഗജരാജ് കോർപ്സും മറ്റ് ദുരന്തനിവാരണ ഗ്രൂപ്പുകളും ചേർന്ന്
- അസമിലെ മാനസ് നദിയിൽ നടത്തിയ പ്രളയ ദുരിതാശ്വാസ അഭ്യാസം ?
    - **ജൽ റാഹത്**
- ഏറ്റവും കൂടുതൽ GI Tag ഉത്പന്നങ്ങൾ ഉള്ള സംസ്ഥാനങ്ങൾ ?
    - **തമിഴ്നാട്- 55**
    - **ഉത്തർപ്രദേശ് - 48**
    - **കർണാടക - 46**
- ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങൾ ഉള്ള ഗ്രഹം എന്ന റെക്കോർഡ് നേടിയത് ?
    - **ശനി ( ശനിക്ക് പുതുതായി 62 ഉപഗ്രഹങ്ങൾ കൂടി കണ്ടെത്തി. )**
    - **ആകെ 145 ഉപഗ്രഹങ്ങൾ.**
    - **മറികടന്നത് 95 ഉപഗ്രഹങ്ങൾ ഉള്ള വ്യാഴത്തിനെ.**
- യുഎൻ കരിമ്പട്ടികയിൽ ഉൾപെടുത്തിയ ആരാണ് അഫ്ഗാനിസ്ഥാന്റെ പുതിയ ഇടക്കാല പ്രധാനമന്ത്രിയായത് ?
    - **അബ്ദുൾ കബീർ**

- 2023ലെ ആദ്യ പോളിയോ മരണം റിപ്പോർട്ട് ചെയ്ത രാജ്യം ?
  - **അഫ്ഗാനിസ്ഥാൻ**
- പ്രപഞ്ചോത്പത്തിയുടെ ആദ്യഘട്ടത്തിലുണ്ടായ പടുകൂറ്റൻ നക്ഷത്രങ്ങളെക്കുറിച്ചുള്ള സൂചനകൾ അടുത്തിടെ നൽകിയത് ?
  - **ജെയിംസ് വെബ് ദൂരദർശിനി**
- പീപ്പിൾസ് ലിബറേഷൻ ആർമിയെ കുറിച്ച് തമാശ അവതരിപ്പിച്ചതിന് കോമഡി സംഘത്തിന് 21 ലക്ഷം ഡോളർ പിഴയിട്ട രാജ്യം ?
  - **ചൈന**
- ആരോഗ്യപ്രവർത്തകരെ ആക്രമിച്ചാൽ ആറു മാസം മുതൽ ഏഴു വർഷം വരെ തടവുശിക്ഷയും അഞ്ചുലക്ഷം രൂപ വരെ പിഴയും വ്യവസ്ഥചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചത് ?
  - **കേരള സർക്കാർ**
- സംസ്ഥാനത്തെ മികച്ച കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)ക്കുള്ള പുരസ്കാരം ലഭിച്ചത് ?
  - **കഞ്ഞിക്കുഴി കുടുംബശ്രീ; ആലപ്പുഴ ജില്ല**
- പട്ടികവർഗ്ഗത്തിൽപ്പെട്ട അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യവും പോഷകാഹാരം ലഭ്യതയും ഉറപ്പുവരുത്തുന്ന പദ്ധതി ?
  - **ജനനി - ജൻമരക്ഷ**
- ഏവിയേഷൻ, ബഹിരാകാശ രംഗത്തെ മുൻനിര ഫ്രഞ്ച് കമ്പനിയായ സഫ്രാൻ ഗ്രൂപ്പ് വിമാന എൻജിൻ നിർമിക്കുന്ന യൂണിറ്റ് കേരളത്തിൽ ആരംഭിക്കുന്നത് ?
  - **തിരുവനന്തപുരം**
- കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് കേരള ഏർപ്പെടുത്തിയ കർമരത്ന പുരസ്കാരത്തിന് അർഹനായ മുൻമന്ത്രി ?
  - **ജി. സുധാകരൻ**
  - **10,001 ₹യും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.**
- വനിതകളുടെ 110 മീറ്റർ ഹർഡിൽസിൽ മീറ്റ് റെക്കോഡ് തിരുത്തിയത് ?
  - **ജ്യോതി യരാജി (ആന്ധ്രാപ്രദേശ്)**
- ഹർഡിൽസിൽ 14.23 സെക്കൻഡിൽ ഫിനിഷ് ചെയ്ത് വെങ്കലം നേടിയ കോഴിക്കോട് പുല്ലൂരാംപാറ സ്വദേശി ?
  - **സച്ചിൻ ബിനു**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- ഗോൾഫ് റാങ്കിംഗിൽ ആദ്യ 50 സ്ഥാനത്തിനുള്ളിൽ എത്തുന്ന പ്രഥമ ഇന്ത്യൻ വനിത എന്ന റെക്കോർഡ് നേടിയത് ?
  - **അദിതി അശോക് ( 49ആം റാങ്ക് )**

## MAY 19

- വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ ദേശീയ ദിനം ആചരിക്കുന്നത് ?
  - **മെയ് മാസത്തിലെ മൂന്നാം വെള്ളിയാഴ്ച, 2023 ൽ മെയ് 19**
- കർണാടകയുടെ പുതിയ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നത് ?
  - **സിദ്ധരാമയ്യ**
- കർണാടകയുടെ പുതിയ ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നത് ?
  - **ഡി.കെ. ശിവകുമാർ**
- കേന്ദ്ര ജലശക്തി മന്ത്രാലയത്തിലും സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിലും സഹമന്ത്രിയായി സേവനമനുഷ്ഠിച്ച വ്യക്തി അന്തരിച്ചു. പേര് ?
  - **രത്തൻ ലാൽ കതാരിയ**
- 500 കോടി ₹യുടെ എത്തനോൾ പ്ലാന്റ് ഹിമാചൽ പ്രദേശിലെ ഉനയിൽ സ്ഥാപിക്കുന്നത്
  - **HPCL**
- കേന്ദ്ര നിയമവകുപ്പ് നഷ്ടമായത് ?
  - **കിരൺ റിജിജു ( പുതിയ വകുപ്പ് - ഭൗമശാസ്ത്ര മന്ത്രാലയം )**
- പുതിയ കേന്ദ്ര നിയമവകുപ്പ് മന്ത്രി ?
  - **അർജുൻസിങ് മേഘ്വാൾ**
  - **നേരത്തെ പാർലമെന്ററികാര്യ സഹമന്ത്രി ആയിരുന്നു.**
- നിയമവകുപ്പിൽ സഹമന്ത്രിയായിരുന്ന സത്യപാൽ സിങ് ബഘേലിനെ ഏത് വകുപ്പിലേക്കാണ് മാറ്റിയത് ?
  - **ആരോഗ്യമന്ത്രാലയത്തിലേക്ക്**
- 15-ാമത് ധനകാര്യ കമ്മിഷൻ റിപ്പോർട്ട് പ്രകാരം രാജ്യത്തെ വികസിതനഗരങ്ങളിലെ ജനസംഖ്യ കുറയ്ക്കാൻ കേന്ദ്രം പുതിയ എത്ര നഗരങ്ങൾ ആണ് സ്ഥാപിക്കാനൊരുങ്ങുന്നത് ?
  - **8**
- പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം ചെയ്യുന്നത് ?
  - **2023 മെയ് 28 ന് നരേന്ദ്രമോദി**

- ജെല്ലിക്കെട്ട് (Tamilnadu), കമ്പള(Karnataka), കാളവണ്ടിയോട്ട മത്സരങ്ങൾ(Maharashtra) എന്നിവ അനുവദിച്ചു കൊണ്ട് വിവിധ സംസ്ഥാനങ്ങൾ നടത്തിയ നിയമഭേദഗതികൾ ശരി വെച്ചത് ?
    - **സുപ്രീംകോടതി**
    - **ജസ്റ്റിസ് കെ.എം. ജോസഫ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ആണ് ഏകകണ്ഠമായി ശരിവെച്ചത്.**
- എയോലസ് സാറ്റലൈറ്റ് വികസിപ്പിച്ച ബഹിരാകാശ ഏജൻസി ?
    - **യൂറോപ്യൻ ബഹിരാകാശ ഏജൻസി**
- അടുത്തിടെ ട്രാക്കോമയെ വിജയകരമായി ഇല്ലാതാക്കിയ രാജ്യങ്ങൾ ?
    - **ബെനിൻ & മാലി**
- ഏറ്റവുമധികം തവണ എവറസ്റ്റ് കൊടുമുടി കീഴടക്കിയ വ്യക്തി എന്ന റെക്കോർഡ് നേടിയത് ?
    - **കാമി റിത - 27 തവണ**
- 2008-ലെ മുംബൈ ഭീകരാക്രമണക്കേസിൽ പ്രതിചേർക്കപ്പെട്ട പാക് വംശജനായ കനേഡിയൻ വ്യവസായിയെ ഇന്ത്യയ്ക്ക് കൈമാറാൻ അമേരിക്കൻ കോടതി അനുമതി നൽകി. പേര് ?
    - **തഹാവൂർ റാണ**
- ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള വ്യാപാരബന്ധം ശക്തിപ്പെടുത്താൻ നൽകിയ സംഭാവനകൾ പരിഗണിച്ച് ഫ്രാൻസിന്റെ പരമോന്നത സിവിലിയൻ പുരസ്കാരം ലഭിച്ചത് ?
    - **എൻ. ചന്ദ്രശേഖരൻ; ടാറ്റാ ഗ്രൂപ്പ് ചെയർമാൻ**
    - **ഷെവലിയർ ഡി ലാ ലെജിയൻ ഡി ഹോണർ ആണ് ലഭിച്ചത്.**
- യു.എൻ. പൊതുസഭ ലോക സുസ്ഥിര ഗതാഗത ദിനമായി അടുത്തിടെ പ്രഖ്യാപിച്ചത് ഏത് ദിവസത്തെയാണ് ?
    - **നവംബർ 26**
- 49ആമത് G7 ഉച്ചകോടി നടക്കുന്നത് ?
    - **ഹിരോഷിമ, ജപ്പാൻ**
- ത്രിരാഷ്ട്ര സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിക്കുന്ന രാജ്യങ്ങൾ
    - **ജപ്പാൻ,പാപ്പുവ ന്യൂ ഗിനിയ, ഓസ്ട്രേലിയ**

- ഭൂഖണ്ഡാന്തര വ്യാപാര പാതയുടെ ഭാഗമായുള്ള റെയിൽവേ ഇടനാഴി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നതിനുമുള്ള കരാറിൽ ഒപ്പിട്ട രാജ്യങ്ങൾ ? ഇടനാഴിയുടെ പേര് ??
    - **റഷ്യ & ഇറാൻ ; രാഷ്ട് - അസ്താര റെയിൽവേ ഇടനാഴി**
- സൂര്യ പ്രകാശമേറ്റുള്ള ഭൂമിയുടെ തിളക്കം ചന്ദ്രനിലുണ്ടാക്കുന്ന നിലാവിന്റെ പേര് ?
    - **ഡാവിഞ്ചി ഗ്ലോ പ്രതിഭാസം**
- ഡാവിഞ്ചി ഗ്ലോ പ്രതിഭാസം നഗ്നനേത്രങ്ങൾ കൊണ്ട് ദൃശ്യമാകുന്നത് ?
    - **യുഎഇ 2023 മെയ് 19 ന് വൈകുന്നേരം**
- ഒരു ഡോക്യുമെന്ററിക്കായി സമുദ്രമാപ്പിങ് കമ്പനിയായ മെഗല്ലെൻ ലിമിറ്റഡും അറ്റ്ലാന്റിക് പ്രൊഡക്ഷൻസും ചേർന്ന് ഡിജിറ്റൽമാപ്പിങ്ങിലൂടെ തയ്യാറാക്കിയത് ഏത് ചിത്രം ആണ് ?
    - **തകർന്ന ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങളുടെ പൂർണതോതിലുള്ള ത്രിമാനചിത്രം**
- ഏലത്തൂർ തീവണ്ടി തീവെപ്പ് കേസ് പ്രതിയുടെ വിവരങ്ങൾ പുറത്തായതിലൂടെ സുരക്ഷാ വീഴ്ചയുണ്ടായെന്ന റിപ്പോർട്ടിനെ തുടർന്ന് സസ്പെൻഡ് ചെയ്തത് ?
    - **ഐ.ജി. പി. വിജയൻ**
- സാംസ്കാരിക വകുപ്പിന് കീഴിൽ മലയാളം മിഷൻ നടപ്പാക്കുന്ന അതിഥി തൊഴിലാളികളെ മലയാള ഭാഷയിൽ സമ്പൂർണ്ണ സാക്ഷരരാക്കുന്ന പദ്ധതി ?
    - **അനന്യ മലയാളം**
- ന്യുയോർക്കിലെ ഇന്ത്യൻ ഫിലിം ഫെസ്റ്റിവലിലും യുകെ ഏഷ്യൻ ഫിലിം ഫെസ്റ്റിവലിലും പുരസ്കാരം നേടിയ ബ്രിട്ടിഷ് ഇന്ത്യൻ സിനിമ ?
    - **Footprints on Water**
- Footprints on Water സംവിധാനം ചെയ്ത മലയാളി ?
    - **നതാലിയ ശ്യാം**
- അട്ടപ്പാടിയിലെ ആദിവാസിയുവാവ് മധു കൊല്ലപ്പെട്ട കേസിൽ അന്തിമവിധി പ്രസ്താവിച്ച പാലക്കാട് ജില്ലാ എസ്.സി.-എസ്.ടി. പ്രത്യേക കോടതി ജഡ്ജിയെ സ്ഥലം മാറ്റി. പേര് ?
    - **കെ.എം. രതീഷ്കുമാർ**
    - **തൃശൂർ ജില്ലാ ഫാസ്റ്റ് ട്രാക്ക് കോടതി ജഡ്ജിയായാണ് മാറ്റം.**

- ഗോവയിൽ നടക്കുന്ന അടുത്ത ദേശീയ ഗെയിംസിൽ കേരളത്തിൽ നിന്ന് ഇടം നേടിയ ആയോധനകല ?
    - **കളരിപ്പയറ്റ്**
- 26th ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിന്റെ സമാപന ദിനത്തിൽ ഏഷ്യൻ ചാമ്പ്യൻഷിപ്പിന് യോഗ്യതയോടെ സ്വർണം നേടിയത് ?
    - **പുരുഷന്മാരുടെ ട്രിപ്പിൾ ജമ്പിൽ അബ്ദുള്ള അബൂബക്കറും വനിതകളുടെ ലോങ്ജമ്പിൽ ആൻസി സോജനും**
- അടുത്ത ആഴ്ച തുടങ്ങുന്ന ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽനിന്ന് പിൻമാറിയ സ്പാനിഷ് താരം
    - **റാഫേൽ നഡാൽ**

## MAY 20

- ലോക തേനീച്ച ദിനം ആചരിക്കുന്നത് ?
    - **മെയ് 20**
- ഈ വർഷത്തെ ലോക തേനീച്ച 🐝 ദിനത്തിന്റെ പ്രമേയം ?
    - **Bee engaged in pollinator- friendly agricultural production**
- World Metrology Day ആചരിക്കുന്നത് ?
    - **മെയ് 20**
    - **Theme :: Measurements Supporting the Global Food System**
- സുപ്രീം കോടതിയിൽ ജഡ്ജിയായി സത്യപ്രതിജ്ഞ ചെയ്തത് ആരെല്ലാം ?
    - **ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്രയും മുതിർന്ന അഭിഭാഷകനായ കെ.വി. വിശ്വനാഥനും**
- ഇതോടെ സുപ്രീംകോടതിയിൽ ജഡ്ജിമാരുടെ എണ്ണം പൂർണമായി. എത്രയാണ് സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ എണ്ണം ?
    - **34**
- ദേശീയ വിദ്യാഭ്യാസനയത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ യു.ജി.സി. കൊണ്ടുവന്ന പദ്ധതി ?
    - **സ്റ്റുഡന്റ് അംബാസഡർ ഫോർ അക്കാദമിക് റിഫോംസ് ഇൻ ഇന്ത്യ(സാരഥി)**
- രാജ്യത്ത് 2000 ₹ നോട്ടുകൾ വിപണിയിൽനിന്ന് പിൻവലിക്കുന്നതായി റിസർവ് ബാങ്ക് അറിയിച്ചത് ?
    - **2023 മെയ് 19**

- 2000 ₹ നോട്ടുകൾ 89 ശതമാനവും അച്ചടിച്ചത് ?
    - **2017 മാർച്ചിന് മുമ്പ്**
- 2000 ₹ യുടെ നിയമപ്രാബല്യം തുടരുമെന്നും എന്ന് വരെ ബാങ്ക് ശാഖകളിൽ നിന്നും മാറ്റി വാങ്ങാമെന്നും ആണ് റിസർവ് ബാങ്ക് അറിയിച്ചത് ?
    - **മെയ് 23 മുതൽ സെപ്റ്റംബർ 30 വരെ**
- തൊഴിൽ രഹിതരായ യുവാക്കൾക്ക് അവസരങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് മുഖ്യമന്ത്രി സീഖോ കമാവോ യോജന പദ്ധതി ആരംഭിച്ചത് ?
    - **മധ്യപ്രദേശ്**
- കർണാടകത്തിൽ സിദ്ധരാമയ്യയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ സത്യപ്രതിജ്ഞ ചെയ്യുന്നത് ?
    - **2023 മെയ് 20**
- സത്യപ്രതിജ്ഞ ചടങ്ങ് നടക്കുന്നത് ?
    - **ബെംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ**
- ഈ മാസം അവസാനത്തോടെ തുറക്കുന്ന രാജ്യത്തെ വലിയ കടൽപ്പാലം ?
    - **മുംബൈ ട്രാൻസ് ഹാർബർ ലിങ്ക് (എം.ടി.എച്ച്.എൽ.)**
    - **22 KM നീളം വരുന്ന പാലത്തിന്റെ 16.5 KM ദൂരം കടലിനു മുകളിലൂടെയാണ്.**
- ഐക്യരാഷ്ട്രസഭയുടെ നിർബന്ധിത സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDG) പുരോഗതി ട്രാക്ക് ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ നഗരമായത് ?
    - **ഭോപ്പാൽ**
- ദി ഗോൾഡൻ ഇയേഴ്സ്: ദി മെനി ജോയ്സ് ഓഫ് ലിവിംഗ് എ ഗുഡ് ലോംഗ് ലൈഫ് എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **റസ്കിൻ ബോണ്ട്**
- ആഗോളതലത്തിൽ നഗരങ്ങൾക്കിടയിലെ വാർഷിക ഭവന വില വളർച്ചയിൽ ആറാമത് എത്തിയ ഇന്ത്യൻ നഗരം ?
    - **മുംബൈ ( 1. ദുബായ് )**
- ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിലെ ഏറ്റവും ഉയർന്ന റാങ്കുള്ള ദക്ഷിണേഷ്യൻ വനിതയെന്ന ഖ്യാതി നേടിയ ഇന്ത്യൻ വംശജ ?
    - **പ്രതിഭ ഭുള്ളർ**

- മോക്ക ചുഴലിക്കാറ്റ് നാശം വിതച്ച മ്യാൻമറിന് സഹായം നൽകുന്നതിനായി ഇന്ത്യ ആരംഭിച്ച ഓപ്പറേഷൻ ?
  - **ഓപ്പറേഷൻ കരുണ**
  - **ഇന്ത്യൻ നാവികസേനാ കപ്പലുകളായ ശിവാലിക്, കമോർട്ട, സാവിത്രി എന്നിവയാണ് യാങ്കൂണിൽ എത്തിയ ആദ്യ നാവിക കപ്പലുകൾ.**
- പന്തളം കൊട്ടാരം വലിയ തമ്പുരാനായി ചുമതലയേറ്റത് ?
  - **തിരുവോണംനാൾ ആർ. രാമവർമ രാജ**
- അടുത്തിടെ പണ്ഡിറ്റ് കറുപ്പൻ പുരസ്കാരം നേടിയ മലയാള ചലച്ചിത്ര നടൻ ?
  - **സുരേഷ് ഗോപി**
- ഓർമ്മകളുടെ ഓളങ്ങൾ  എന്ന കൃതിയിലൂടെ മികച്ച കൃതിക്കുള്ള എം. പി. വീരേന്ദ്രകുമാർ സാഹിത്യ പുരസ്കാരത്തിന് അർഹനായത് ?
  - **എം. ആർ. തമ്പാൻ**
- എം. പി. വീരേന്ദ്രകുമാർ സാഹിത്യ പുരസ്കാരത്തിന് അർഹനായത് ?
  - **ജോർജ് ഓണക്കൂർ**
- കേരളത്തിലെ സർവകലാശാലകളിൽനിന്ന് ഹിന്ദി ഭാഷാ-സാഹിത്യത്തിൽ പി.എച്ച്.ഡി. ബിരുദം നൽകിയ ഏറ്റവും മികച്ച പ്രബന്ധത്തിനുള്ള വികല്പ് അനുസന്ധാൻ പുരസ്കാരം ലഭിച്ചത് ?
  - **ഡോ. ആർ. രാജേഷ് ; ആലപ്പുഴ സ്വദേശി**
  - **20,000 ₹യും പ്രശസ്തിപത്രവും ഫലകവുമാണ് പുരസ്കാരം.**
- ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ ചട്ടങ്ങൾ ഉൾപ്പെടുന്ന പ്രീമിയർ വൺ ലൈസൻസ് ലഭിച്ചത് ?
  - **കേരള ബ്ലാസ്റ്റേഴ്സ് ഉൾപ്പെടെ 9 ടീമുകൾക്ക്**
  - **ഐ ലീഗ് ചാമ്പ്യൻമാരായ പഞ്ചാബ് എഫ്.സി.ക്കും ലൈസൻസ് ലഭിച്ചു.**
- ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ ചട്ടങ്ങൾ ഉൾപ്പെടുന്ന പ്രീമിയർ വൺ ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടത് ?
  - **നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഹൈദരാബാദ് എഫ്.സി., ഈസ്റ്റ് ബംഗാൾ ക്ലബ്ബുകൾ**
- 2026 ഫുട്ബോൾ ലോകകപ്പിനുള്ള ഫിഫയുടെ ക്യാമ്പയിൻ ?
  - **വീ ആർ 26**

- 48 ടീമുകൾ മാറ്റുരയ്ക്കുന്ന 2026 ലെ ഫുട്ബോൾ ലോകകപ്പ് നടക്കുന്നത് ?
    - **അമേരിക്ക,കാനഡ, മെക്സിക്കോ**
- 2023ൽ നടക്കുന്ന ഏഷ്യൻ ഗെയിംസ് വേദി ?
    - **ഹാങ്ഷൗ, ചൈന**
- ടെന്നീസ് താരം സെറീന വില്ല്യംസിന്റെ ജീവിതം പ്രമേയമായ ഡോക്യുമെന്ററി സീരീസ് ?
    - **ഇൻ ദി അരീന: സെറീന വില്ല്യംസ്**
- IPL ചരിത്രത്തിൽ കൂടുതൽ സെഞ്ചുറി (ആറ്) എന്ന ക്രിസ് ഗെയ്ലിന്റെ റെക്കോർഡിനൊപ്പം എത്തിയത് ?
    - **വിരാട് കോഹ്ലി**
- IPL ൽ ഒരു സീസണിൽ ഏറ്റവും കൂടുതൽ തവണ പൂജ്യത്തിന് പുറത്തായ റെക്കോർഡ് നേടിയത് ?
    - **ജോസ് ബട്ലർ (2023 IPL ൽ 5 തവണ)**

## MAY 21

- ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കുന്ന നേപ്പാളിയല്ലാത്ത പർവതാരോഹകൻ എന്ന റെക്കോർഡ് നേടിയ ബ്രിട്ടീഷ് പൗരൻ ?
    - **കെന്റൺ കൂൾ (17 തവണ)**
- മുൻ പ്രസിഡന്റ് ബരാക് ഒബാമയുൾപ്പെടെ 500 യു.എസ്. പൗരരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയത് ?
    - **റഷ്യ**
- യുക്രൈൻ യുദ്ധം അവസാനിപ്പിക്കാൻ ചൈന ഇടപെടണമെന്ന് ആവശ്യപ്പെട്ട സംഘടന ?
    - **G7**
- അടുത്തിടെ പ്രധാനമന്ത്രി നരേന്ദ്രമോദി മഹാത്മാഗാന്ധിയുടെ അർധകായ പ്രതിമ അനാച്ഛാദനം ചെയ്തത് എവിടെയാണ് ?
    - **ഹിരോഷിമയിൽ**
- ജി-20 രാഷ്ട്രകൂട്ടായ്മയുടെ വിനോദസഞ്ചാരസമ്മേളനം ജമ്മുകശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിൽ നടക്കുന്നതിൽ എതിർപ്പ് അറിയിച്ചത് ?
    - **ചൈന, പാകിസ്ഥാൻ**
    - **2023 മെയ് 22 മുതൽ 24 വരെയാണ് സമ്മേളനം.**

- പെൻ അമേരിക്കയുടെ ധീരതാ പുരസ്കാരം നേടിയ ഇന്ത്യൻ വംശജനായ നോവലിസ്റ്റ് ?
    - **സൽമാൻ റുഷ്ദി**
- ഇന്ത്യൻ വ്യോമസേന താല്ക്കാലികമായി പിൻവലിച്ച സ്ക്വാഡ്രണുകൾ ?
    - **മിഗ്-21**
- എല്ലാ വീടുകളിലും മാസത്തിൽ 200 യൂണിറ്റ് സൗജന്യ വൈദ്യുതി നൽകുന്ന കർണാടക സർക്കാരിന്റെ പദ്ധതി ?
    - **ഗൃഹജ്യോതി**
- വീട്ടമ്മമാർക്ക് മാസത്തിൽ 2000 ₹ നൽകുന്ന കർണാടക സർക്കാരിന്റെ പദ്ധതി ?
    - **ഗൃഹലക്ഷ്മി**
- ബിരുദധാരികൾക്ക് രണ്ടു വർഷത്തേക്ക് മാസം 3000 ₹യും ഡിപ്ലോമക്കാർക്ക് 1500 ₹ യും നൽകുന്ന കർണാടക സർക്കാരിന്റെ പദ്ധതി ?
    - **യുവനിധി**
- ബി.പി.എൽ. കുടുംബങ്ങളിലെ ഓരോ അംഗത്തിനും മാസത്തിൽ 10 കിലോ സൗജന്യ അരി നൽകുന്ന കർണാടക സർക്കാരിന്റെ പദ്ധതി ?
    - **അന്നഭാഗ്യ**
- സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര നൽകുന്ന കർണാടക സർക്കാരിന്റെ പദ്ധതി ?
    - **ശക്തി**
- പുതിയ ഫാർമസ്യൂട്ടിക്കൽ റിസർച്ച് ആൻഡ് ഇന്നൊവേഷൻ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വരുന്നത് ?
    - **ലക്നൗ, ഉത്തർപ്രദേശ്**
- സ്കൂളുകളുടെ കത്തിടപാടുകൾ സുഗമമാക്കാനുള്ള ഇ-തപാൽ പദ്ധതി ഉദ്ഘാടനം ചെയ്തത് ?
    - **വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി**
- കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്യൽ സയൻസ് ആൻഡ് ആർട്ട്സ് ഡയറക്ടറായി നിയമിതനായ ചലച്ചിത്ര- നാടക പ്രവർത്തകനും നടനുമായ വ്യക്തി ?
    - **പി.ആർ. ജിജോയ്**
    - **ഡയറക്ടറായിരുന്ന ശങ്കർ മോഹൻ രാജിവെച്ച ഒഴിവിലാണ് നിയമനം.**

- എ.ഐ. ക്യാമറ ഇടപാടിൽ കെൽട്രോണിനും സർക്കാരിനും വീഴ്ചയില്ലെന്ന റിപ്പോർട്ട് കൈമാറിയതിനുപിന്നാലെ, വീണ്ടും വ്യവസായവകുപ്പിന്റെ അധികച്ചുമതല ലഭിച്ചത്
    - **എ.പി.എം. മുഹമ്മദ് ഹനീഷ്**
- ക്രിക്കറ്റിലും ഹോക്കിയിലും ഒരു രാജ്യത്തിനുവേണ്ടി കളിക്കുക എന്ന അപൂർവ ബഹുമതിക്ക് ഉടമയായ ഓസ്ട്രേലിയക്കാരൻ അന്തരിച്ചു. പേര് ?
    - **ബ്രയാൻ ബൂത്ത്**
    - **1956- ലെ മെൽബൺ ഒളിമ്പിക്സിൽ പങ്കെടുത്ത ഓസ്ട്രേലിയൻ ഹോക്കി ടീം അംഗം.**
    - **1961-66 കാലത്ത് രാജ്യത്തിനു വേണ്ടി 29 ടെസ്റ്റുകളിൽ കളിച്ചു.**
    - **1982-ൽ മെറിൽബോൺ ക്രിക്കറ്റ് ക്ലബ്ബിൽ ആജീവനാന്ത അംഗത്വം ലഭിച്ചു.**
- ചൈനയിൽ നടക്കുന്ന അമ്പെയ്ത്ത് ലോകകപ്പിൽ ലോക ഒന്നാം നമ്പർ താരത്തെ അട്ടിമറിച്ച് സ്വർണ മെഡൽ നേടിയ ഇന്ത്യൻ താരം ?
    - **പ്രഥമേഷ് ജവ്കർ**
    - **പുരുഷന്മാരുടെ വ്യക്തിഗത കോമ്പൗണ്ട് ഇനത്തിൽ, ലോക ഒന്നാം റാങ്കുകാരനായ നെതർലൻഡ്സ് താരം മൈക്ക് ഷ്ലോസറിനെ കീഴടക്കിയാണ് പ്രഥമേഷ് ജേതാവായത്.**

## MAY 22

- ലോക ജൈവ വൈവിധ്യ ദിനമായി ആചരിക്കുന്നത് ?
    - **മെയ് 22**
- ഈ വർഷത്തെ ലോക ജൈവ വൈവിധ്യ ദിനത്തിന്റെ പ്രമേയം ?
    - **From Agreement to Action: Building Back Biodiversity**
- വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ക്രൂരപീഡനം ഏറ്റുവാങ്ങേണ്ടി വരുകയും അന്ധനാക്കപ്പെടുകയും ചെയ്ത ഏത് വ്യക്തിക്കാണ് സ്മൃതി മണ്ഡപം ഒരുങ്ങുന്നത് ?
    - **ആമചാടി തേവൻ**
- ആദരം അർപ്പിക്കാൻ ഒരുക്കിയ ചടങ്ങിനിടെ വേദിയിൽ കുഴഞ്ഞുവീണ് മരണപ്പെട്ട കവിയും പൊതുപ്രവർത്തകനുമായ വ്യക്തി ?
    - **മാധവൻകുട്ടി ആറ്റാഞ്ചേരി (76)**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- കേരളത്തിലെ ആദ്യത്തെ ഇന്റർനെറ്റ് അധിഷ്ഠിത ഭരണനിർവഹണ പഞ്ചായത്ത് എന്ന നേട്ടം കൈവരിച്ചത് ?
    - **കാട്ടാക്കട (തിരുവനന്തപുരം)**
- വയനാട് ലക്കിടിയിൽ കണ്ടെത്തിയ അപൂർവമായ ചിത്രശലഭം ?
    - **പൊട്ടുവെള്ളാംബരി ചിത്രശലഭം**
    - **ഇംഗ്ലീഷിൽ സ്പോട്ടഡ് റോയൽ എന്നറിയപ്പെടുന്ന ഇതിന്റെ ശാസ്ത്രീയ നാമം തജൂരിയ മാക്കുലേറ്റ എന്നാണ്.**
- അടുത്തിടെ കേരള സർക്കാർ തുടക്കം കുറിച്ച സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി ?
    - **ഹെൽത്തി കിഡ്സ്**
- ജി 20 ഉച്ചകോടിയുടെ ഔദ്യോഗിക സമിതികളിലൊന്നായ സിവിൽ 20-യുടെ (സി 20) എജ്യുക്കേഷൻ ഡിജിറ്റൽ ട്രാൻഫോർമേഷൻ സമ്മേളനം ഉദ്ഘാടനം ചെയ്തത് ?
    - **കേന്ദ്രമന്ത്രി വി.മുരളീധരൻ, തിരുവനന്തപുരത്ത്**
- കർണാടകയിലെ സിദ്ധരാമയ്യ മന്ത്രിസഭയിൽ അംഗമായ മലയാളി ?
    - **കെ. ജെ. ജോർജ്**
- തിരുമല തിരുപ്പതി ദേവസ്ഥാനം (TTD) 30 കോടി ₹ ചെലവിൽ നിർമിച്ച ബാലാജി ക്ഷേത്രം ആരാധനയ്ക്കായി തുറക്കുന്നത് എവിടെ? എന്ന് ??
    - **ജമ്മുവിൽ, ജൂൺ 8, 2023**
    - **മജീൻ ഗ്രാമത്തിലെ ശിവാലിക് വനത്തിനു മധ്യേ മാതാ വൈഷ്ണോദേവി ക്ഷേത്രത്തിനു സമീപമാണ് ക്ഷേത്രം.**
- G7 ഉച്ചകോടിയ്ക്കിടെ ചേർന്ന ക്വാഡ് -2023 സമ്മേളനത്തിൽ പ്രഖ്യാപിച്ച അടുത്ത വർഷത്തെ(2024) ക്വാഡ് സമ്മേളന വേദി ?
    - **ഇന്ത്യ**
    - **ക്വാഡ് രാജ്യങ്ങൾ - ഓസ്ട്രേലിയ, ഇന്ത്യ, ജപ്പാൻ, അമേരിക്ക**
- അംബരചുംബികളുടെ അമിതഭാരത്താൽ ന്യൂയോർക്ക് നഗരം മുങ്ങുന്നുവെന്ന് റിപ്പോർട്ട് ചെയ്തത് ?
    - **ശാസ്ത്ര ജേർണലായ എർത്ത് ഫ്യൂച്ചർ**
    - **ഏറ്റവും വേഗത്തിൽ മുങ്ങാൻ സാധ്യതയുള്ള പ്രദേശം ലോവർ മാൻഹട്ടനാണ്.**

- ഹിരോഷിമയിൽ നരേന്ദ്ര മോദി അനാച്ഛാദനം ചെയ്ത ഗാന്ധി പ്രതിമ ഏത് നദിക്കരയിൽ ആണ്
    - **മൊട്ടോയാസു നദി**
    - **പ്രതിമയുടെ ശിൽപി- റാം വി. സുതർ**
- ഉത്തേജക ഉപയോഗത്തിന് മറ്റൊരു കേസുകൂടി ചേർക്കപ്പെട്ട മുൻ ലോക ഒന്നാം നമ്പർ ടെന്നീസ് താരം ?
    - **സിമോണ ഹാലെപ്പ്**
- 23ആമത് അണ്ടർ 20 ഫുട്ബോൾ ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത് ?
    - **അർജന്റീന**
    - **കോവിഡ് മൂലം മാറ്റിവെച്ച 2021 ലെ ടൂർണമെന്റ് ആണ് ഇത്.**
- അണ്ടർ 20 ഫുട്ബോൾ ലോകകപ്പിൽ കൂടുതൽ കിരീടം ഉള്ളത് ?
    - **അർജന്റീന (6)**
    - **ബ്രസീൽ -5**
- ഫുട്ബോൾ മത്സരത്തിനിടെ ഗാലറിയിലെ തിക്കും തിരക്കിലും പെട്ട് 12 പേർ മരിച്ചത് ?
    - **എൽ സാൽവദോറിൽ**
- അടുത്തിടെ കരിയറിലെ 250-ാം മത്സരം കളിച്ച ഇന്ത്യൻ വനിതാ ഹോക്കി ടീം ക്യാപ്റ്റൻ ?
    - **സവിത പൂനിയ**
- ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോളിൽ ഹാട്രിക് കിരീടം നേടിയത് ?
    - **ഗോകുലം കേരള എഫ്.സി.**
    - **കന്നി ഫൈനലിനെത്തിയ കിക്ക്സ്റ്റാർട്ട് കർണാടകയെ മറുപടിയില്ലാത്ത അഞ്ചു ഗോളിനാണ് ഗോകുലം തോൽപ്പിച്ചത്.**
    - **കളിയിലെ താരം - സബിത്ര ഭണ്ഡാരി.**
- ജപ്പാനിലെ സെയ്കോ ഗോൾഡൻ ഗ്രാൻഡ് പ്രീ മീറ്റിലെ വനിതകളുടെ ലോങ്ജമ്പിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ താരം ?
    - **ശൈലി സിങ്ങ്**
    - **6.65 മീറ്റർ ചാടി.**
- പതിനാറാമത് സീസൺ ഐ.പി.എലിൽ 1000ആമത് സിക്സ് തികച്ചത് ?
    - **ഡെവൻ കോൺവെ**

- ഐ.പി.എലിൽ ഏഴാം സെഞ്ചുറി നേടി റെക്കോർഡ് നേടിയത് ?
  - **വിരാട് കോഹ്‌ലി ( മറികടന്നത് ക്രിസ് ഗെയ്ലിനെ )**
- നിർണായക മത്സരത്തിൽ ഹൈദരാബാദിനെ എട്ട് വിക്കറ്റിന് കീഴടക്കി പ്ലേ ഓഫിൽ കടന്നത് ?
  - **മുംബൈ ഇന്ത്യൻസ്**
- മുംബൈ ഇന്ത്യൻസിനായി സെഞ്ചുറി നേടിയത് ?
  - **കാമറൂൺ ഗ്രീൻ**
- അരങ്ങേറ്റ ഇന്നിങ്സിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന ഇന്ത്യൻ താരമായത് ?
  - **വിവ്രാന്ത് ശർമ**
  - **സൺറൈസേഴ്സ് ഹൈദരാബാദിനായി 69 റൺസ് നേടി.**
  - **മറികടന്നത് സ്വപ്നിൽ അസ്നോട്കറിന്റെ 60 റൺസ് .**
- 16ആം സീസൺ IPL പ്ലേ ഓഫ് കടന്നത് ?
  - **ഗുജറാത്ത്, ചെന്നൈ,ലക്നൗ, മുംബൈ**

## MAY 23

- ലോക ആമ ദിനം ആചരിക്കുന്നത് ?
  - **മെയ് 23**
- സ്കൂൾ കെട്ടിടങ്ങളും വാട്ടർ ടാങ്കും പരിസരവുമടക്കം വൃത്തിയായി ചെടികൾ വെച്ച് പിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി ?
  - **ഹരിത വിദ്യാലയം, ശുചിത്വ വിദ്യാലയം**
- പി. പത്മരാജൻ ട്രസ്റ്റിന്റെ സിനിമ സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച സംവിധായകനുള്ള പുരസ്കാരം (25000₹) നേടിയത് ?
  - **ലിജോ ജോസ് പെല്ലിശ്ശേരി**
  - **സിനിമ : നൻപകൽ നേരത്ത് മയക്കം**
- പി. പത്മരാജൻ ട്രസ്റ്റിന്റെ സിനിമ സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച തിരക്കഥാ പുരസ്കാരം (15000 ₹) ലഭിച്ചത് ?
  - **ശ്രുതി ശരണ്യ ( സിനിമ : ബി 32 മുതൽ 44 വരെ )**
- പി. പത്മരാജൻ ട്രസ്റ്റിന്റെ സിനിമ സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച നോവലിനുള്ള പുരസ്കാരം ലഭിച്ചത് ?
  - **എം. മുകുന്ദൻ ( നോവൽ: നിങ്ങൾ )**

- പി. പത്മരാജൻ ട്രസ്റ്റിന്റെ സിനിമ സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ചെറുകഥാ പുരസ്കാരം ലഭിച്ചത് ?
  - **വി. ജെ. ജയിംസ് ( ചെറുകഥ: വെള്ളിക്കാശ് )**
- 46ആമത് കേരള ഫിലിം ക്രിട്ടിക്സ് പുരസ്കാരത്തിൽ മികച്ച ചിത്രങ്ങൾ ?
  - **ഹെഡ്മാസ്റ്റർ (സംവിധാനം : രാജീവ് നാഥ്) &**
  - **ബി 32 മുതൽ 44 വരെ(സംവിധാനം : ശ്രുതി ശരണ്യ)**
- 46ആമത് കേരള ഫിലിം ക്രിട്ടിക്സ് പുരസ്കാരത്തിൽ മികച്ച നടൻ ?
  - **കുഞ്ചാക്കോ ബോബൻ**
  - **(സിനിമകൾ:: അറിയിപ്പ്, ന്നാ താൻ കേസ് കൊട്, പകലും പാതിരാവും)**
- 46ആമത് കേരള ഫിലിം ക്രിട്ടിക്സ് പുരസ്കാരത്തിൽ മികച്ച നടി ?
  - **ദർശന രാജേന്ദ്രൻ (സിനിമകൾ: ജയ ജയ ജയ ജയ ഹേ, പുരുഷപ്രേതം)**
- 46ആമത് കേരള ഫിലിം ക്രിട്ടിക്സ് പുരസ്കാരത്തിൽ മികച്ച സംവിധായകൻ ?
  - **മഹേഷ് നാരായണൻ (സിനിമ : അറിയിപ്പ്)**
- 46ആമത് കേരള ഫിലിം ക്രിട്ടിക്സ് പുരസ്കാരത്തിൽ സമഗ്രസംഭാവനയ്ക്കുള്ള ചലച്ചിത്ര രത്നം പുരസ്കാരം ലഭിച്ചത് ?
  - **കെ. പി. കുമാരൻ**
- 46ആമത് കേരള ഫിലിം ക്രിട്ടിക്സ് പുരസ്കാരത്തിൽ ക്രിട്ടിക്സ് റൂബി ജൂബിലി അവാർഡ് ലഭിച്ചത് ?
  - **കമൽഹാസൻ**
- കേരള നിയമസഭാ മന്ദിരത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചത് ?
  - **ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ**
- സർക്കാർ ഓഫിസുകളിൽ അപേക്ഷ നൽകാൻ താമസിക്കുന്നതിനും മറ്റും മാപ്പും ക്ഷമയും പറയുന്ന അപേക്ഷകൾ ഇനി പാടില്ലെന്നു ഉത്തരവിട്ടത് ?
  - **കേരള സർക്കാർ**
  - **ഇത് പ്രകാരം അപേക്ഷാ ഫോമുകളിൽ നിന്നു മാപ്പ്, മാപ്പപേക്ഷ, മാപ്പാക്കണം തുടങ്ങിയ വാക്കുകൾ നീക്കം ചെയ്യും.**
  - **"കാലതാമസം മാപ്പാക്കുന്ന"തിനു പകരം "കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്" എന്ന് ഉപയോഗിക്കാനാണു നിർദേശിച്ചിട്ടുള്ളത്.**

- ദേശീയപാത അതോറിറ്റിയുടെ പോർട്ട് കണക്ടിവിറ്റി പദ്ധതിയിൽ ഇടം പിടിച്ചത് ?
    - **ആലപ്പുഴ തുറമുഖം**
- മലയാളം ഉൾപ്പെടെ ഇരുനൂറിലേറെ തെന്നിന്ത്യൻ ഭാഷാചിത്രങ്ങളിൽ പ്രധാന വേഷത്തിൽ അഭിനയിച്ച നടൻ അന്തരിച്ചു. പേര് ?
    - **ശരത് ബാബു (71)**
    - **ആദ്യ ചിത്രം : രാമരാജ്യം (തെലുങ്ക്,1973)**
    - **ആദ്യ മലയാള ചിത്രം : ശരപഞ്ജരം**
    - **വസന്തമുല്ലൈ ആണ് അവസാന ചിത്രം.**
- അടുത്തിടെ പൊട്ടിത്തെറിച്ച ഇറ്റലിയിലെ പ്രശസ്തമായ അഗ്നിപർവ്വതം ?
    - **മൗണ്ട് എറ്റ്ന**
- നാസ ഏത് കമ്പനിയ്ക്കാണ് ചാന്ദ്ര യാത്രയ്ക്കുള്ള വാഹനനിർമാണ കരാർ നൽകിയത്
    - **ജെഫ് ബെസോസിന്റെ ബ്ലൂ ഒറിജിൻ കമ്പനിയ്ക്ക്**
- അന്നനാളത്തിലെ ക്യാൻസർ ബാധിച്ച് അന്തരിച്ച പ്രശസ്ത ബ്രിട്ടീഷ് നോവലിസ്റ്റ് ?
    - **മാർട്ടിൻ അമിസ്(73)**
    - **രചനകൾ: മണി: എ സൂയിസൈഡ് നോട്ട്, എക്സ്പീരിയൻസ്,ടൈംസ് ആരോ, യെല്ലോ ഡോഗ്**
- പാപുവ ന്യൂഗിനിയയുടെ ഔദ്യോഗിക ഭാഷയായ ടോക് പിസിൻ ഇൽ വിവർത്തനം ചെയ്ത തിരുക്കുറൾ പ്രകാശനം ചെയ്തത് ?
    - **ജയിംസ് മരാപെയും നരേന്ദ്രമോദിയും ചേർന്ന്**
    - **പാപുവ ന്യൂഗിനിയയുടെ പ്രധാനമന്ത്രി ആണ് മരാപെ.**
- പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് സമ്മാനിച്ച പാപ്പുവ ന്യൂഗിനിയയുടെ പരമോന്നത ബഹുമതി ?
    - **കംപാനിയൻ ഓഫ് ദി ഓർഡർ ഓഫ് ലോഗോ**
    - **ഈ ദ്വീപ് രാഷ്ട്രം സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി ആണ് നരേന്ദ്രമോദി.**
- ഫിജി പ്രധാനമന്ത്രി സിതി വെനി റബുക്ക നരേന്ദ്രമോദിക്ക് സമ്മാനിച്ച ഫിജിയുടെ പരമോന്നത ബഹുമതി ?
    - **കമ്പാനിയൻ ഓഫ് ദ ഓർഡർ ഓഫ് ഫിജി**
- ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ-3 വിക്ഷേപിക്കുന്നത് ?
    - **2023 ജൂലൈ 12ന്**

- 2022 ലെ ദേശീയ ജല അവാർഡിൽ ഒന്നാം റാങ്ക് ലഭിച്ചത് ?
    - **ചണ്ഡീഗഡ്**
- ഈ സീസണിൽ പഞ്ചസാര ഉൽപാദനത്തിൽ മഹാരാഷ്ട്രയെ മറികടന്നത് ?
    - **ഉത്തർപ്രദേശ്**
- ദക്ഷിണ റെയിൽവേ ഫുട്ബോൾ ടീം പരിശീലകനായി നിയമിതനായത് ?
    - **ആർ. രാജേഷ്**
- ISL ക്ലബ്ബായ നോർത്ത് ഈസ്റ്റ് യുണൈറ്റഡിന്റെ പരിശീലകനായി നിയമിതനായ സ്പെയിൻകാരൻ ?
    - **യുവാൻ പെഡ്രോ ബെനാലി**
- IPL ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ തവണ പൂജ്യത്തിന് പുറത്തായതിന്റെ റെക്കോഡ് ആരുടെ പേരിൽ ?
    - **ദിനേഷ് കാർത്തിക് (17 തവണ)**
- യൂറോപ്യൻ ഫുട്ബോളിൽ ഹാട്രിക് നേടുന്ന ആദ്യ ഇന്ത്യക്കാരിയായത് ?
    - **ജ്യോതി ചൗഹാൻ**
    - **ക്രൊയേഷ്യൻ വനിതാ ലീഗ് ഫുട്ബോളിലെ ഡൈനാമോ സാഗ്രെബ് താരമാണ് ജ്യോതി.**
- പുരുഷ - വനിതാ വ്യത്യാസമില്ലാതെ പൊതുവിഭാഗത്തിൽ സംഘടിപ്പിക്കുന്ന ആദ്യ സ്ക്വാഷ് ലോകകപ്പ് മത്സരങ്ങൾക്ക് വേദിയാകുന്നത് ?
    - **എക്സ്പ്രസ് മാൾ, ചെന്നൈ**
    - **(2023 ജൂൺ 13 മുതൽ 17 വരെ)**
- ജാവലിൻ ത്രോ ലോക റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
    - **നീരജ് ചോപ്ര**
- അത്‌ലറ്റിക്സ് ലോക റാങ്കിങ്ങിൽ ഏതെങ്കിലും വിഭാഗത്തിൽ ഒന്നാമതെത്തുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന നേട്ടം കൈവരിച്ചത് ?
    - **നീരജ് ചോപ്ര**

## MAY 24

- കോമൺവെൽത്ത് ദിനം ആചരിക്കുന്നത് ?
    - **മെയ് 24**
- നിയമസഭാ പ്രസംഗങ്ങൾ എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **രമേശ് ചെന്നിത്തല**

- കഥാകൃത്ത് മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ ഓർമയ്ക്കായി ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാരം ലഭിച്ചത് ?
  - **സാറാ ജോസഫ്**
  - **25000 ₹യും ഫലകവും ആദരപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
- വിവിധ സേനാവിഭാഗങ്ങളിൽ തൊഴിൽ സ്വപ്നം കാണുന്ന ചെറുപ്പക്കാർക്ക് ഇടത്താവളമൊരുക്കാൻ കാവൽ പദ്ധതി ഒരുക്കിയത് ?
  - **കൊല്ലം ജില്ലാ പഞ്ചായത്ത്**
- കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നഗര സഭകളിൽ നടത്തുന്ന ക്യാമ്പയിൻ അടുത്തിടെ ആരംഭിച്ചത് ?
  - **കൊച്ചി ( മേരി ലൈഫ് മേരാ സ്വച്ച് ഷെഹർ എന്നതാണ് ക്യാമ്പയിൻ. )**
- കേരള സംസ്ഥാന യോഗ ഒളിമ്പ്യാഡിൽ ഓവറോൾ ചാമ്പ്യന്മാരായത് ?
  - **തൃശൂർ**
- കർണാടക നിയമസഭാ സ്പീറാകുന്ന മുൻ മന്ത്രിയും മലയാളിയുമായ വ്യക്തി ?
  - **യു. ടി. ഖാദർ**
- കർണാടകത്തിൽ മുസ്ലിം വിഭാഗത്തിൽനിന്ന് സ്പീക്കറാകുന്ന ആദ്യ നേതാവ് ?
  - **യു. ടി. ഖാദർ**
- വിമാനത്താവള ങ്ങളിലെ "യൂസർ ഡെവലപ്മെന്റ് ഫീ"ക്കുമേൽ സേവനനികുതി ചുമത്താനാവില്ലെന്ന് പ്രസ്താവിച്ചത് ?
  - **സുപ്രീംകോടതി**
  - **ജസ്റ്റിസ് എസ്. രവീന്ദ്രഭട്ട് അധ്യക്ഷനായ ബെഞ്ച് ആണ് പ്രസ്താവിച്ചത്.**
- ജപ്പാനിലെ ഒസാക്ക തമിഴ് ഫിലിം ഫെസ്റ്റിവലിൽ മികച്ച നടനുള്ള അവാർഡ് ലഭിച്ചത് ?
  - **വിജയ് (സിനിമ: മാസ്റ്റർ)**
- ജപ്പാനിലെ ഒസാക്ക തമിഴ് ഫിലിം ഫെസ്റ്റിവലിൽ മികച്ച നടിക്കുള്ള അവാർഡ് ലഭിച്ചത് ?
  - **കങ്കണ റണാവത്ത് (സിനിമ: തലൈവി)**
- ജപ്പാനിലെ ഒസാക്ക തമിഴ് ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രം, മികച്ച സംവിധായകൻ എന്നീ അവാർഡ് ലഭിച്ചത് ?
  - **സർപ്പാറ്റ പരമ്പരൈ, സംവിധാനം: പാ രഞ്ജിത്ത്**
- 2025 നെ പ്രത്യേക ടൂറിസം വർഷമായി പ്രഖ്യാപിച്ച രാജ്യം ?
  - **നേപ്പാൾ**

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യത്തിൽ ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസ് ഓസ്‌ട്രേലിയയിലെ ഹാരിസ് പാർക്കിന് നൽകിയ പുതിയ പേര് ?
  - **ലിറ്റിൽ ഇന്ത്യ**
- യുകെ നഗരത്തിലെ ആദ്യ തലപ്പാവ് ധരിച്ച ലോർഡ് മേയറായി നിയമിതനായ ഇന്ത്യൻ വംശജനായ സിഖ് കൗൺസിലർ ?
  - **ജസ്വന്ത് സിംഗ് ബിർഡി**
- ഓസ്‌ട്രേലിയയിലെ സിഡ്നിയിലെ സിറ്റി ഓഫ് പരമറ്റ കൗൺസിലിന്റെ ലോർഡ് മേയറായി നിയമിതനായത് ആദ്യ ഇന്ത്യൻ വംശജൻ ?
  - **സമീർ പാണ്ഡെ**
  - **തെലുഗുചിത്രം RRR ൽ**
- പ്രതിനായക വേഷത്തിൽ തിളങ്ങിയ ഐറിഷ് നടൻ അന്തരിച്ചു. പേര് ?
  - **റേ സ്റ്റീവൻസൺ (58)**
  - **പോൾ ഗ്രീൻ ഗ്രാസിന്റെ 'ദ തിയറി ഒഫ് ഫ്ലൈറ്റ്' (1998) ആണ് ആദ്യ ചിത്രം.**
- സന്ദേശങ്ങളയച്ചാൽ ഡിലീറ്റ് ചെയ്യാതെ 15 മിനിറ്റിനുള്ളിൽ എഡിറ്റ് ചെയ്യാനുള്ള സൗകര്യമൊരുങ്ങുന്നത് ?
  - **വാട്ട്സ് ആപ്പ്**
- ഇന്ത്യൻ നാവികസേനയുടെ കപ്പലുകളായ INS TARKASH, INS SUBADRA എന്നിവ പങ്കെടുക്കുന്ന നാവിക അഭ്യാസം ?
  - **അൽ-മൊഹെദ് അൽ-ഹിന്ദി 2023**
  - **ഇന്ത്യ & സൗദി അറേബ്യ**
- 2023 ൽ ഇന്ത്യയിൽ നടക്കുന്ന ക്രിക്കറ്റ് ലോകകപ്പിനുള്ള യോഗ്യതാ മത്സരങ്ങൾ ആരംഭിക്കുന്നത് ?
  - **ഹരാരെ, സിംബാബ്‌വെ, ജൂൺ 18ന്**
- 20 വർഷത്തിനു ശേഷം ചാമ്പ്യൻസ് ലീഗ് ഫുട്ബോളിന് യോഗ്യത നേടിയത് ?
  - **ന്യൂകാസിൽ യുണൈറ്റഡ്**
- തെക്കുകിഴക്കൻ ഏഷ്യൻ ഗെയിംസ് ഫുട്ബോളിന്റെ ഫൈനലിലുണ്ടായ തർക്കത്തെത്തുടർന്ന് ഏത് താരങ്ങൾക്കാണ് ആറുമാസം വിലക്ക് ഏർപ്പെടുത്തിയത് ?
  - **തായ്ലാൻഡ് ഫുട്ബോൾ**

- അടുത്തിടെ മുംബൈ ഇന്ത്യൻസിനായി 5000 റൺസും ട്വന്റി20 കരിയറിൽ 11000 റൺസും നേടിയത് ?
  - **രോഹിത് ശർമ**
- 16-ാമത് ഐ.പി.എൽ. ക്രിക്കറ്റിലെ ആദ്യ ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസിനെ തോൽപ്പിച്ച് ഫൈനലിൽ കടന്നത് ?
  - **ചെന്നൈ സൂപ്പർ കിംഗ്സ്**

## MAY 25

- ലോക തൈറോയ്ഡ് ദിനം ആചരിക്കുന്നത് ?
  - **മെയ് 25**
- സദ്ഭരണ ചട്ടങ്ങൾക്ക് അംഗീകാരം നൽകുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം ?
  - **മഹാരാഷ്ട്ര**
- ഔദ്യോഗിക ഭാഷകൾ എളുപ്പത്തിൽ പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ അടുത്തിടെ പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ ?
  - **ഭാഷാ സംഗം**
- മദ്രാസ് ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസായി നിയമിതനായത് ?
  - **ജസ്റ്റിസ് എസ്. വൈദ്യനാഥൻ**
- പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിക്കുന്നത് ?
  - **നരേന്ദ്രമോദി, 2023 മെയ് 28 ന്**
- ഇന്ത്യയുടെ ഗതി നിർണയ ഉപഗ്രഹമായ എൻ.വി. എസ്-01 വിക്ഷേപിക്കുന്നത് ?
  - **2023 മെയ് 29 ന്**
  - **ജി.എസ്.എൽ.വി. 2 റോക്കറ്റ് 232 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കും.**
- ആർബിഐ അനുമതി നൽകിയതോടെ വിജയ് ശേഖർ ശർമയെ പാർട്ട് ടൈം ചെയർമാനായി പുനർനിയമിക്കുന്നത് എവിടെ ?
  - **പേടിഎം ( നിലവിൽ പേടിഎം CEO ആണ് ഇദ്ദേഹം. )**
- 570 മീറ്റർ നീളവും 4.2 മീറ്റർ വീതിയുമുള്ള ഇന്ത്യയിലെ ഏറ്റവും നീളമേറിയ സ്കൈവാക്ക് പാലങ്ങളിലൊന്ന് ഉദ്ഘാടനം ചെയ്തത് ?
  - **തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ**
  - **മമ്പലം റെയിൽവേ സ്റ്റേഷനെയും ടി നഗർ ബസ് ടെർമിനസിനെയും ബന്ധിപ്പിക്കുന്നു.**

- മിസോറാമിൽ നിന്ന് കണ്ടെത്തിയ പറക്കുന്ന പല്ലി ഇനത്തിന്റെ ഔദ്യോഗിക നാമം ?
  - **ഗെക്കോ മിസോറാമെൻസിസ്**
- പസിഫിക് ദ്വീപുകൾക്കായി കർമ്മ പദ്ധതി പ്രഖ്യാപിച്ചത് ?
  - **ഇന്ത്യ**
- സിസ്റ്റർ നിവേദിതയുടെ വെങ്കല പ്രതിമ സ്ഥാപിക്കപ്പെടുന്ന ബ്രിട്ടണിലെ നഗരം ?
  - **വിംബിൾഡൺ**
  - **6.2 അടി ഉയരമുള്ള വെങ്കല പ്രതിമ 2023 ജൂലൈ 1 ന് അനാവരണം ചെയ്യും.**
- അന്താരാഷ്ട്ര ബുക്കർ പ്രൈസ് ലഭിച്ചത് ?
  - **ഗിയോർഗി ഗോസ്പ്ദനോവ് (Georgi Gospodinov)**
  - **കൃതി: Time Shelter**
- അന്താരാഷ്ട്ര ബുക്കർ പ്രൈസ് ലഭിക്കുന്ന ആദ്യ ബൾഗേറിയൻ എഴുത്തുകാരൻ ?
  - **ഗിയോർഗി ഗോസ്പ്ദനോവ്**
- Time Shelter എന്ന കൃതി പരിഭാഷപ്പെടുത്തിയത് ?
  - **ഏഞ്ചല റോഡൽ**
- ചാറ്റോഗ്രാമിൽ നടന്ന ബംഗ്ലാദേശ്-യുഎസ് സംയുക്ത നാവിക അഭ്യാസത്തിന്റെ പേര്
  - **ടൈഗർ ഷാർക്ക് 40**
- യുഎസ് മിലിട്ടറി പുറത്തുവിട്ട ഭൂമിയിലേക്ക് ആഴത്തിൽ തുളച്ചുകയറാനും ഭൂഗർഭ സൗകര്യങ്ങൾ നശിപ്പിക്കാനും രൂപകൽപ്പന ചെയ്ത ബോംബ് ?
  - **GBU-57**
- കോവിഡിനെക്കാൾ മാരകമായ അടുത്ത മഹാമാരിയെ നേരിടാൻ ലോകരാജ്യങ്ങൾ തയ്യാറെടുക്കണമെന്ന മുന്നറിയിപ്പ് നൽകിയത് ?
  - **ലോകാരോഗ്യസംഘടന**
  - **76-ാമത് ആഗോള ആരോഗ്യസഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിലാണ് സംഘടനയുടെ തലവൻ ടെഡ്രോസ് അഥനോം മുന്നറിയിപ്പ് നൽകിയത്.**
- ഫിനാൻഷ്യൽ ടൈംസ് പുറത്തുവിട്ട ആഗോളതലത്തിലെ മികച്ച 75 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ 72ആമത് എത്തിയത് ?
  - **ഐ.ഐ.എം. കോഴിക്കോട്**
- പ്രവർത്തനത്തിന്റെ 25വാർഷികം ആചരിക്കുന്ന വിമാനത്താവളം ?
  - **കൊച്ചി രാജ്യാന്തര വിമാനത്താവളം**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- പ്രസിദ്ധീകരണത്തിന്റെ 90വാർഷികം ആചരിക്കുന്ന പത്രം ?
  - **ചന്ദ്രിക**
- പായ്വഞ്ചിയിൽ ഒറ്റയ്ക്ക് ലോകം ചുറ്റാനൊരുങ്ങുന്ന മലയാളി പെൺകുട്ടി ?
  - **ദിൽന (കോഴിക്കോട് സ്വദേശി)**
- ഹോചിമിൻ സിറ്റിയിൽ നിന്ന് കൊച്ചിയിലേക്ക് നേരിട്ട് സർവീസാരംഭിക്കുന്ന വിയറ്റ്നാമിലെ നിരക്ക് കുറഞ്ഞ വിമാനക്കമ്പനി ?
  - **വിയറ്റ് ജെറ്റ്**
- കേരളത്തെ സമ്പൂർണ ഇ-ഗവേണൻസ് സംസ്ഥാനമായി പ്രഖ്യാപിക്കുന്നത് ?
  - **2023 മെയ് 25ന്, പിണറായി വിജയൻ**
- തൊഴിൽ വകുപ്പും ആസൂത്രണ ബോർഡും സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര തൊഴിൽ കോൺക്ലേവ് ആരംഭിച്ചത് ?
  - **തിരുവനന്തപുരം**
- അടുത്തിടെ ഓൺലൈനായി പ്രവർത്തിക്കുന്ന വെർച്വൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കേരളത്തിൽ തുടങ്ങി. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണ് ?
  - **പ്രവാസികൾ**
- ലോക അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂറിന്റെ ഭാഗമായി ഗ്രീസിൽ നടന്ന ജമ്പിങ് മീറ്റിൽ 8.18 മീറ്റർ മറികടന്ന് സ്വർണം നേടിയ മലയാളി താരം ?
  - **എം. ശ്രീശങ്കർ**
- ലോക അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂറിന്റെ ഭാഗമായി ഗ്രീസിൽ നടന്ന ജമ്പിങ് മീറ്റിൽ വെള്ളി മെഡൽ നേടിയ തമിഴ്നാട് താരം ?
  - **ജസ്വിൻ ആൽഡ്രിൻ (7.85 മീറ്റർ)**
- ലാലിഗ ഫുട്ബോൾ മത്സരത്തിനിടെ ആർക്ക് നൽകിയ ചുവപ്പ് കാർഡ് ആണ് സ്പാനിഷ് ഫുട്ബോൾ ഫെഡറേഷൻ പിൻവലിച്ചത് ?
  - **റയൽ മഡ്രിഡ് താരം വിനീഷ്യസിന്**
- ഐ.പി.എൽ. ക്രിക്കറ്റിലെ എലിമിനേറ്ററിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെ 81 റൺസിന് തോൽപ്പിച്ച് രണ്ടാം ക്വാളിഫയറിലേക്ക് മുന്നേറിയത് ?
  - **മുംബൈ ഇന്ത്യൻസ്**
- എലിമിനേറ്ററിൽ തുടർച്ചയായ രണ്ടാം വർഷവും പുറത്താകുന്ന ടീം ആയത് ?
  - **ലഖ്നൗ സൂപ്പർ ജയന്റ്സ്**

- മുംബൈ ഇന്ത്യൻസിനായി അഞ്ചു റൺസ് വിട്ടുകൊടുത്ത് അഞ്ചു വിക്കറ്റ് നേടിയ താരം ?
  - **ആകാശ് മദ്വാൾ**
- ത്രിപുര ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായ മുൻ ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ ?
  - **സൗരവ് ഗാംഗുലി**

## MAY 26

- അടുത്തിടെ സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന ?
  - **ഓപറേഷൻ ക്ലീൻ കോർപ്**
- രാജ്യത്ത് ആദ്യമായി ജലാശയങ്ങളുടെ ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നത് ?
  - **കേരളം**
- ജലാശയങ്ങളുടെ ഡിജിറ്റൽ ഭൂപടത്തിനായി ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ് ഡിജിറ്റൽ സർവകലാശാലയുടെ സഹായത്തോടെ തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ?
  - **ജലനേത്ര**
- തീരപ്രദേശത്തെ 18 വയസിനു താഴെയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന അദാലത്ത് ഏത് പദ്ധതിയുടെ ഭാഗമായാണ് ?
  - **തീരകിരണം**
- കേരളത്തിൽ നിന്ന് ആദ്യമായി ഫോർബ്സ് ഏഷ്യ 30- അണ്ടർ 30 പട്ടികയിൽ ഇടം നേടിയത് ?
  - **ജെൻ റോബോട്ടിക്സിന്റെ സ്ഥാപകരായ എം. കെ. വിമൽ ഗോവിന്ദ്, അരുൺ ജോർജ്, കെ. റാഷിദ്, എൻ. പി. നിഖിൽ**
- രാജ്യത്തിന്റെ അഭിമാനമായ വീരജവാന്മാരുടെ സ്മരണ നിലനിർത്തുന്നതിനായി യുദ്ധസ്മാരകം നിലവിൽ വരുന്നത് ?
  - **ചെറുവയ്ക്കൽ വില്ലേജ്, തിരുവനന്തപുരം**
  - **എയർഫോഴ്സ് ഹെഡ് ക്വോർട്ടേഴ്സിനും ആക്കുളം ടൂറിസ്റ്റ് വില്ലേജിനും സമീപം.**
- തീർത്ഥാടകർക്ക് സൗജന്യ വിമാനയാത്ര ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം ?
  - **മധ്യപ്രദേശ്**

- 61-ാമത് ഇന്ററർനാഷണൽ സൂപ്പർകമ്പ്യൂട്ടിംഗ് കോൺഫറൻസ് നടന്നത് ?
  - **ജർമനി**
- മികച്ച 500 ആഗോള സൂപ്പർകമ്പ്യൂട്ടിംഗ് പട്ടികയിൽ 75-ാം സ്ഥാനത്ത് എത്തിയ ഇന്ത്യയിൽ നിന്നുള്ള AI സൂപ്പർ കമ്പ്യൂട്ടർ ?
  - **ഐരാവത് (AIRAWAT)**
- ഐരാവത് AI സൂപ്പർ കമ്പ്യൂട്ടറിന്റെ നിർമാതാക്കൾ ?
  - **Netweb Technologies**
- ഐരാവത് AI സൂപ്പർ കമ്പ്യൂട്ടർ സ്ഥാപിച്ചിരിക്കുന്നത് ?
  - **പൂനെയിലെ സി-ഡാക്കിൽ**
- ഐരാവത് AI സൂപ്പർ കമ്പ്യൂട്ടറിന്റെ വേഗത ?
  - **13,170 Teraflops. ( Flops- Floating Point Operations per Second. )**
- കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സന്ദർശനം നടത്തുന്ന മെയ്തികളും കുകികളും തമ്മിലുള്ള സംഘർഷമടങ്ങാത്ത ഇന്ത്യൻ സംസ്ഥാനം ?
  - **മണിപ്പൂർ**
- മൈസൂരു ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താന്റെ വാളിന് ലണ്ടനിൽ ലേലത്തിൽ ലഭിച്ച തുക ?
  - **140 കോടി ₹**
- അടുത്തിടെ ഇന്ത്യയുമായി കുടിയേറ്റ ഉടമ്പടിയിൽ ഒപ്പുവച്ച രാജ്യം ?
  - **ഓസ്ട്രേലിയ**
- തുടർച്ചയായ രണ്ടാം പാദത്തിലും ജി.ഡി.പി. വളർച്ച പൂജ്യത്തിനു താഴെയായതോടെ സാങ്കേതികമായി സാമ്പത്തികമാന്ദ്യത്തിലേക്കു നീങ്ങുന്ന രാജ്യം ?
  - **ജർമനി**
- അടുത്തിടെ സൂയസ് കനാൽ ഗതാഗതം തടസ്സപ്പെടുത്തിയ ഹോങ്കോങ്ങിലെ ചരക്ക് കപ്പൽ ?
  - **Xin Hai Tong 23**
- വടക്കൻ ഇംഗ്ലണ്ടിലെ ലങ്കാഷെയർ കൗണ്ടിയിലുള്ള പ്രെസ്റ്റൺ നഗരത്തിന്റെ പുതിയ മേയറായ ഇന്ത്യൻ വംശജൻ ?
  - **യാക്കൂബ് പട്ടേൽ**
- ഇൻസ്റ്റഗ്രാമിൽ 250 മില്യൺ ഫോളോവേഴ്സ് ഉള്ള ഏക ഏഷ്യൻ താരം ആയത് ?
  - **വിരാട് കോഹ്ലി**

- ഇൻസ്റ്റഗ്രാമിൽ 250 മില്യൺ ഫോളോവേഴ്സുള്ള എത്രാമത് കായിക താരം ആണ് വിരാട് കോഹ്‌ലി ?
    - **3**
    - **ക്രിസ്റ്റ്യാനോ റൊണാൾഡോ, ലയണൽ മെസ്സി എന്നിവരാണ് മുന്നിൽ ഉള്ളത്.**
- കോപ്പ ഇറ്റാലിയ ഫുട്ബോളിൽ തുടർച്ചയായി രണ്ടാം തവണയും കിരീടം നേടിയത് ?
    - **ഇന്ററർമിലാൻ**
- ഇന്ററർമിലാന് വേണ്ടി ഫൈനലിൽ ഇരട്ട ഗോൾ നേടിയത് ?
    - **ലൗട്ടാറോ മാർട്ടിനെസ്**

## MAY 27

- ഇന്ത്യ തദ്ദേശീയമായി നിർമിച്ച ആദ്യ വിമാനവാഹിനി യുദ്ധക്കപ്പലായ ഐ.എൻ.എസ്. വിക്രാന്തിൽ ഏറെ വെല്ലുവിളികൾ നിറഞ്ഞ രാത്രി ലാൻഡിങ് പരീക്ഷണം വിജയകരമായി നടത്തിയ യുദ്ധവിമാനം ?
    - **മിഗ് 29 കെ യുദ്ധവിമാനം**
- ഇന്ത്യ സ്വതന്ത്രയാവുമ്പോൾ, അധികാരക്കൈമാറ്റത്തിന്റെ പ്രതീകമായി നിയുക്ത പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് സ്വർണച്ചെങ്കോൽ സമ്മാനിക്കുന്നതിന് നിർദേശം ലഭിച്ചത് ?
    - **മദ്രാസിലെ പ്രമുഖ ആഭരണ നിർമാതാവായിരുന്ന വുമ്മിഡി ബംഗാരു ചെട്ടിക്ക്**
- പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അതിന്റെ ഓർമയ്ക്കായി എത്ര ₹ നാണയം ആണ് പുറത്തിറക്കുന്നത് ?
    - **75 ₹**
- പുതിയ 75 ₹ നാണയത്തിന്റെ പിൻ വശത്തുള്ള ചിത്രം ?
    - **പാർലമെന്റ് മന്ദിരം**
    - **സൻസദ് സൻകുൽ എന്ന് ദേവനാഗരി ലിപിയിൽ മുകളിലും പാർലമെന്റ് കോംപ്ലക്സ് എന്ന് താഴെയും.**
- സംസ്ഥാനത്തെ റോഡുകളെ കുഴി രഹിതമാക്കാൻ പാച്ച് റിപ്പോർട്ടിംഗ് ആപ്പ് ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **ഉത്തരാഖണ്ഡ്**

- അടുത്തിടെ ജയ്സമന്ദ് വന്യജീവി സങ്കേതത്തിൽ ജംഗിൾ സഫാരി ഉദ്ഘാടനം ചെയ്തത്
  - **അശോക് ഗെഹ്ലോട്ട്**
  - **രാജസ്ഥാനിലെ ഉദയ്പൂർ ജില്ലയിൽ ആണ് ജയ്സമന്ദ് വന്യജീവി സങ്കേതം.**
- ഇന്ത്യയിലെ ഗ്രാമീണർക്കായി ജുഗൽബന്ദി എന്ന പേരിൽ ബഹുഭാഷാ എ.ഐ. ചാറ്റ്ബോട്ട് പുറത്തിറക്കിയത് ?
  - **മൈക്രോസോഫ്റ്റ്**
- ഐക്യരാഷ്ട്രസഭ അക്രഡിറ്റേഷൻ പുതുക്കിനൽകിയില്ല എന്ന കാരണത്താൽ ഒരു വർഷത്തെ വിലക്ക് ഏർപ്പെടുത്തിയത് ?
  - **ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ഹൈക്കമ്മിഷണറുമായി ചേർന്ന് പ്രവർത്തിക്കുന്ന ഗ്ലോബൽ അലയൻസ് ഫോർ നാഷണൽ ഹ്യൂമൻ റൈറ്റ്സ് ഇൻസ്റ്റിറ്റ്യൂഷൻസ് കമ്മീഷൻ**
- അംഗീകാരമില്ലാത്തതിനാൽ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിൽ പങ്കെടുക്കാനാവാത്തത് ?
  - **ഇന്ത്യ**
- ഐക്യരാഷ്ട്രസഭ കാലാവസ്ഥാ വ്യതിയാനത്തിനുള്ള ഫ്രെയിംവർക്ക് കൺവെൻഷന്റെ ഭാഗമായി യു.എ.ഇ.യിൽ നടക്കുന്ന കാലാവസ്ഥാ ഉച്ചകോടിയുടെ ഉപദേശകസമിതിയിൽ ഇന്ത്യയിൽ നിന്നും ഉൾപ്പെട്ടത് ആരെല്ലാം ?
  - **മുകേഷ് അംബാനി & സുനിതാ നാരായണൻ**
- ഇറാൻ 1500 കിലോഗ്രാം ഭാരം വഹിക്കാൻ ശേഷിയുള്ള, 2000 കിലോമീറ്റർ ദൂരപരിധിയുള്ള ബാലിസ്റ്റിക് മിസൈൽ വിജയകരമായി വിക്ഷേപിച്ചു. പേര് ?
  - **ഖൈബാർ (Kheibar)**
- മദ്യത്തിനെതിരെ ആരോഗ്യ മുന്നറിയിപ്പ് നൽകുന്ന ആദ്യ രാജ്യമായത് ?
  - **അയർലൻഡ്**
- റോക്ക് ആൻഡ് റോളിന്റെ രാജ്ഞി എന്നറിയപ്പെടുന്ന വിഖ്യാതഗായിക അന്തരിച്ചു. പേര് ?
  - **ടീന ടർണർ (89) (എട്ടു തവണ ഗ്രാമി പുരസ്കാരം നേടി. )**
  - **2018-ൽ ഗ്രാമി ആജീവനാന്ത പുരസ്കാരം ലഭിച്ചു.**
- ആരെയാണ് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിച്ച് കേന്ദ്ര നിയമമന്ത്രാലയം വിജ്ഞാപനമിറക്കിയത് ?
  - **ജസ്റ്റിസ് എസ്. വി. ഭാട്ടി**

- ഉപ്പുപാടത്തെ ചന്ദ്രോദയം എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **ഡോ. കെ. ടി. ജലീൽ**
- നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം കോവിഡ് മഹാമാരി കൈകാര്യം ചെയ്തതിൽ 2020-21 വർഷത്തെ വാർഷിക ആരോഗ്യസൂചികയിൽ 19 വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയത് ?
  - **കേരളം ( 2. തമിഴ്നാട് , 3. തെലങ്കാന )**
  - **ത്രിപുര ആണ് ചെറിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയത്.**
- ടൂറിസം വകുപ്പിന് കീഴിൽ സംസ്ഥാനത്തെ ആദ്യ ഗ്ലാസ് ബ്രിഡ്ജ് നിലവിൽ വരുന്നത് ?
  - **ആക്കുളം ടൂറിസ്റ്റ് വില്ലേജ്, തിരുവനന്തപുരം**
- രണ്ടാം ക്വാളിഫയർ ജയിച്ചു IPL ഫൈനലിൽ കടന്നത് ?
  - **ഗുജറാത്ത് ടൈറ്റൻസ്**
- മൂന്നാം സെഞ്ചുറിയോടെ ഒരു സീസണിൽ 800 റൺസിലേറെ സ്കോർ ചെയ്യുന്ന നാലാമത്തെ താരമായത് ?
  - **ശുഭ്മാൻ ഗിൽ**
- ഐ.പി.എൽ. ഫൈനൽ മത്സരത്തിനായി BCCI രാജ്യത്ത് അഞ്ചിടത്ത് ഒരുക്കുന്ന ഫാൻ പാർക്കുകളിൽ ഉൾപ്പെട്ട കേരളത്തിലെ കാഴ്ചവേദി ?
  - **പാലക്കാട് കോട്ടമൈതാനം**
  - **ജമ്മു, ഭോപാൽ, ജംഷേദ്പൂർ, ജോർഹത്ത്, പാലക്കാട്**
- ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ ജേതാക്കളാകുന്ന ടീമിന് ലഭിക്കുന്ന സമ്മാനത്തുക ?
  - **13.21 കോടി ₹**
  - **ലണ്ടനിലെ ഓവലിൽ ജൂൺ 7 മുതൽ 11 വരെയാണ് ഫൈനൽ.**

## MAY 28

- സ്വതന്ത്ര ഇന്ത്യയിൽ പണിതീർത്ത, പുതിയ പാർലമെന്റ് മന്ദിരം രാജ്യത്തിന് സമർപ്പിക്കുന്നത്
  - **2023 മെയ് 28**
- നിതി ആയോഗിന്റെ ഗവേണിംഗ് കൗൺസിലിന്റെ എത്രാമത് യോഗമാണ് ന്യൂഡൽഹി പ്രഗതി മൈതാനത്തുള്ള ന്യൂ കൺവെൻഷൻ സെന്ററിൽ നടന്നത് ?
  - **എട്ടാമത് ( യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷനായി. )**

- നിതി ആയോഗിന് സമാനമായ സംവിധാനം എല്ലാ സംസ്ഥാനങ്ങളിലും സജ്ജമാക്കുമെന്നു കേന്ദ്രം പ്രഖ്യാപിച്ചു. ഏത് പേരിൽ ?
  - **സ്റ്റേറ്റ് സപ്പോർട്ട് മിഷൻ**
- 2023 മെയ് 30 വരെ തമിഴ്നാട്ടിലെ കമ്പത്ത് നിരോധനാജ്ഞയ്ക്ക് കാരണമായ ആന ?
  - **അരിക്കൊമ്പൻ**
- ജാർഖണ്ഡ് ഹൈക്കോടതിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തത് ?
  - **രാഷ്ട്രപതി ദ്രൗപതി മുർമു**
- സർവേയിലൂടെ കണ്ടെത്തിയ 1800 പോഷകാഹാരക്കുറവുള്ള കുട്ടികളെ നല്ല പോഷകാഹാരമുള്ള കുട്ടികളുടെ വിഭാഗത്തിലേക്ക് കൊണ്ടുവരാൻ ഛത്തീസ്ഗഡ് സർക്കാർ ആരംഭിച്ച കാമ്പയിൻ ?
  - **ഹമർ സുഘർ ലായിക് അഭിയാൻ (Hamar Sughar Laik Abhiyan)**
- 2023 മെയ് 27 ന് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ (MDNIY) മെഗാ യോഗ ഫെസ്റ്റിവൽ സംഘടിപ്പിച്ചത്
  - **ഹൈദരാബാദ്**
- മറാത്താ കോ ഓപ്പറേറ്റീവ് ബാങ്കിനെ ഏത് ബാങ്കുമായി ലയിപ്പിക്കാൻ ആണ് റിസർവ് ബാങ്ക് അനുമതി നൽകിയത് ?
  - **കോസ്മോസ് കോ ഓപ്പറേറ്റീവ് ബാങ്ക്**
- കർണാടക ബാങ്കിന്റെ പുതിയ മാനേജിംഗ് ഡയറക്ടറും സിഇഒയുമായി നിയമിതനായത് ?
  - **ശ്രീകൃഷ്ണൻ ഹരിഹര ശർമ്മ**
- ആരെക്കുറിച്ചുള്ള പാഠഭാഗം പൊളിറ്റിക്കൽ സയൻസ് പാഠ്യപദ്ധതിയിൽനിന്ന് ഒഴിവാക്കാൻ ആണ് ഡൽഹി സർവകലാശാല തീരുമാനിച്ചത് ?
  - **അല്ലാമ ഇഖ്ബാൽ**
  - **സാരേ ജഹാം സേ അച്ഛാ യുടെ രചയിതാവ്.**
  - **അല്ലാമ ഇഖ്ബാൽ എന്ന പേരിലാണ് മുഹമ്മദ് ഇഖ്ബാൽ പ്രശസ്തനായത്.**
- പ്രതിരോധ സഹകരണത്തിൽ നാറ്റോ സഖ്യ കക്ഷികൾക്കുള്ള പദവി ലഭിക്കുന്ന രാജ്യങ്ങളുടെ പട്ടിക ഏത് പേരിൽ അറിയപ്പെടുന്നു ?
  - **നാറ്റോ പ്ലസ്**
- നാറ്റോ പ്ലസിൽ ഇന്ത്യയെയും ചേർക്കാൻ ശിപാർശ ചെയ്തത് ?
  - **യുഎസ് കോൺഗ്രസ് സമിതി**

- നിലവിൽ നാറ്റോ പ്ലസിൽ ഉള്ളത് ?
    - **ഓസ്ട്രേലിയ, ന്യൂസിലൻഡ്, ജപ്പാൻ, ഇസ്രയേൽ, ദക്ഷിണ കൊറിയ**
- രാജ്യത്ത് ഏത് ആഘോഷത്തിന് അവധി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടാണ് യു.എസ്. കോൺഗ്രസിൽ ബിൽ അവതരിപ്പിച്ചത് ?
    - **ദീപാവലി**
    - **"ദി ദിവാലി ഡേ ആക്ട്" എന്ന് പേരിട്ടിരിക്കുന്ന ബില്ലിന് അംഗീകാരം കിട്ടിയാൽ യു.എസിലെ പന്ത്രണ്ടാമത് സർക്കാർ അവധി ആവും ദീപാവലി.**
- ദി ദിവാലി ഡേ ആക്ട് ബിൽ അവതരിപ്പിച്ച ഡെമോക്രാറ്റിക് പാർട്ടിയംഗം ?
    - **ഗ്രേസ് മെങ്**
- ഉപയോക്താക്കൾക്ക് വ്യക്തിഗത യൂസർ നെയിം അവതരിപ്പിക്കാൻ ഒരുങ്ങുന്ന സാമൂഹിക മാധ്യമം ?
    - **വാട്സ് ആപ്പ്**
- വിശക്കുന്നവർക്ക് ഒരുനേരത്തെ ഭക്ഷണമെത്തിക്കാൻ മലബാർ ഗ്രൂപ്പ് ആരംഭിച്ച പദ്ധതി ?
    - **ഹംഗർ ഫ്രീ വേൾഡ്**
- 16-ാമത് ഐ.പി.എൽ. ക്രിക്കറ്റ് ഫൈനൽ നടക്കുന്നത് ?
    - **ചെന്നൈ സൂപ്പർ കിങ്സ് & ഗുജറാത്ത് ടൈറ്റൻസ്**
- 16-ാമത് ഐ.പി.എൽ. ക്രിക്കറ്റ് ഫൈനലിന് വേദിയാകുന്നത് ?
    - **നരേന്ദ്രമോദി സ്റ്റേഡിയം, അഹമ്മദാബാദ്**
- ജർമൻ ബുണ്ടസ് ലിഗയിൽ തുടർച്ചയായ 11-ാം തവണയും ജേതാക്കളായത് ?
    - **ബയേൺ മ്യൂണിക്**
    - **ലീഗിലെ അവസാന മത്സരത്തിൽ എഫ്.സി. കൊളോണിനെ 2-1ന് തോൽപ്പിച്ചാണ് ബയേൺ കിരീടം ചൂടിയത്.**
- റയൽ മഡ്രിഡ്- ബാഴ്സലോണ ഫുട്ബോൾ മത്സരങ്ങളെ എൽ ക്ലാസിക്കോ എന്ന് വിശേഷിപ്പിക്കുന്നതിൽനിന്ന് ഈ ക്ലബ്ബുകളെ വിലക്കിയത് ?
    - **സ്പാനിഷ് പേറ്റന്റ് ആൻഡ് ട്രേഡ്മാർക്ക് ഓഫീസ്**
- ഇംഗ്ലീഷ് പ്രീമിയർ ലീഗ് സീസണിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **എർലിങ് ഹാളണ്ട്**

- മൂന്നാമത് ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെ ഭാഗ്യചിഹ്നം ?
  - **ജിതു എന്ന ബാരസിംഗ മാൻ**
- മൂന്നാമത് ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നത് ?
  - **ഉത്തർപ്രദേശ്**
- സോണി സ്പോർട്സ് നെറ്റ്വർക്കിന്റെ ടെന്നീസ് അംബാസഡറായി നിയമിതയായത് ആരാണ് ?
  - **സാനിയ മിർസ**

## MAY 29

- ഗാർഹിക തൊഴിലാളികളെ തൊഴിലാളികളായി അംഗീകരിച്ചുകൊണ്ട് അവർക്ക് നിയമപരമായ അവകാശങ്ങൾ ലഭ്യമാക്കുന്നതിനായുള്ള ബില്ലിന് രൂപം നൽകിയ ആദ്യ ഇന്ത്യൻ സംസ്ഥാനം ?
  - **കേരളം**
- കേരളത്തിലെ നിലവിലെ ജനസംഖ്യയിൽ 1.68 കോടി പുരുഷന്മാരും 1.82 കോടി സ്ത്രീകളുമാണ് എന്ന കണക്ക് പുറത്തുവിട്ടത് ?
  - **കേരള എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്**
- ടിക്കറ്റിതര വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ KSRTC കൊറിയർ സർവീസ് ആരംഭിക്കുന്നത് ?
  - **2023 ജൂൺ 15**
- വൈക്കം സത്യഗ്രഹത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന ആമചാടി തേവന്റെ സ്മൃതി മണ്ഡപം അനാച്ഛാദനം ചെയ്യുന്നത് എന്ന് ? ആര് ??
  - **2023 മെയ് 29 ന് അംബേദ്ക്കറിന്റെ ചെറുമകൻ ആനന്ദ് രാജ് അംബേദ്ക്കർ**
- ഭക്തിനിർഭരമായ ഒട്ടേറെ ഗാനങ്ങൾക്ക് ഈണം നൽകിയ സംഗീതജ്ഞനും സംഗീത സംവിധായകനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **പി. കെ. കേശവൻ നമ്പൂതിരി (84)**
  - **പ്രശസ്ത ആൽബങ്ങൾ- പുഷ്പാഞ്ജലി (1981), ശരണമഞ്ജരി, രുദ്രാക്ഷമാല (1984), വനമാല (1987)**
- അടുത്തിടെ മിസിസ്സ് വേൾഡ് ഗ്ലോബൽ ക്യൂൻ അവാർഡ് നേടിയ മലയാളി ?
  - **ഡോ. ഷംല ഹലീമ**
- പുതിയ പാർലമെന്റ് മന്ദിരം രൂപകല്പന ചെയ്തത് ?
  - **ബിമൽ ഹസ്മുഖ് പട്ടേൽ**

- പുതിയ പാർലമെന്റ് മന്ദിരത്തിനുസമീപം മഹിളാ മഹാപഞ്ചായത്ത് നടത്താനൊരുങ്ങിയ ഗുസ്തി താരങ്ങളെ ഡൽഹി പൊലീസ് തെരുവിലൂടെ വലിച്ചിഴച്ചു. അറസ്റ്റ് ചെയ്തത് ആരെയെല്ലാം ?
    - **ഒളിംപിക്സ് മെഡൽ ജേതാക്കളായ സാക്ഷി മാലിക്ക്, ബജ്രംഗ് പുനിയ, ഏഷ്യൻ ഗെയിംസ് ജേതാവ് വിനേഷ് ഫോഗട്ട് തുടങ്ങിയവരെ**
- ചീറ്റപ്പുലികളുടെ സംരക്ഷണാർഥം ആരംഭിച്ച പദ്ധതിയുടെ മേൽനോട്ട നിർവഹണത്തിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ 11 അംഗ ഉന്നതതല സമിതിക്ക് നേതൃത്വം നൽകുന്നത് ?
    - **രാജേഷ് ഗോപാൽ**
- നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി മെയ് 31 ന് എത്തുന്നത് ?
    - **നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ പ്രചണ്ഡ**
- 2025ലെ കാലാവസ്ഥാ ഉച്ചകോടിക്ക് (COP 30) ആതിഥേയത്വം വഹിക്കുന്നത് ?
    - **ബെലേം ഡു പാര, ബ്രസീൽ**
- തിരഞ്ഞെടുപ്പിൽ മത്സരിക്കാനും നേതൃസ്ഥാനങ്ങൾ വഹിക്കാനും കഴിയാത്തവിധം ഇമ്രാൻഖാനെ കോടതി അയോഗ്യനാക്കിയാൽ പാകിസ്താൻ തെഹ്രീകെ ഇൻസാഫ് (P.T.I.) നയിക്കുന്നത് ആര് ?
    - **ഷാ മഹ്മൂദ് ഖുറേഷി**
- തുർക്കിയെയിൽ മൂന്നാം തവണയും പ്രസിഡന്റാകുന്നത് ?
    - **റെജപ് തയ്യിപ് എർദോഗാൻ**
- 2023 മെയ് 27 ന് 100 വയസ് തികഞ്ഞ യു.എസിന്റെ ശീതയുദ്ധകാല നയങ്ങളുടെ ശില്പി എന്നറിയപ്പെടുന്ന വ്യക്തി ?
    - **ഹെൻറി കിസിഞ്ജർ**
    - **റിപ്പബ്ലിക്കൻ പ്രസിഡന്റുമാരായ റിച്ചാർഡ് നിക്സന്റെയും ജെറാൾഡ് ഫോഡിന്റെയും വിദേശകാര്യസെക്രട്ടറിയായിരുന്നു കിസിഞ്ജർ.**
- ഐ.പി.എൽ. ക്രിക്കറ്റിൽ ഒരു ഇന്ത്യൻ താരം നേടുന്ന ഏറ്റവും ഉയർന്ന രണ്ടാമത്തെ സ്കോർ നേടിയത് ?
    - **ശുഭ്മാൻ ഗിൽ**
    - **ക്വാളിഫയർ 2 ൽ മുംബൈക്കെതിരെ നേടിയ 129 റൺസ്.**
    - **ഒന്നാമത് കെ. എൽ. രാഹുലിന്റെ 132 റൺസ്.**

- ഐ.പി.എൽ. ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച നിലവിലെ ചെന്നൈ സൂപ്പർ കിംഗ്സ് താരം ?
  - **അമ്പാട്ടി റായുഡു**
  - **മുംബൈ, ചെന്നൈ ടീമുകളോടൊപ്പം അഞ്ചു കിരീടങ്ങളുടെ ഭാഗമായി.**
- മഴ മൂലം മാറ്റിവെച്ച 16ആം സീസൺ ഐപിഎൽ ഫൈനൽ നടക്കുന്നത് ?
  - **2023 മെയ് 29**
- ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ ഋതുരാജ് ഗെയ്കാദ് നു പകരം ഇന്ത്യൻ ടീമിൽ സ്റ്റാൻഡ്ബൈ ഓപ്പണറായി ഉൾപ്പെട്ടത് ?
  - **യശസ്വി ജയ്സ്വാൾ**
- മലയാളി താരത്തിന് ആദ്യ ബാഡ്മിന്റൺ വേൾഡ് ടൂർ കിരീടം. പേര് ?
  - **എച്ച്. എസ്. പ്രണോയ്**
  - **മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ കിരീടം നേടി.**
  - **6 വർഷത്തെ ഇടവേളയ്ക്ക് ശേഷം വ്യക്തിഗത കിരീടനേട്ടം കൈവരിച്ചു.**
  - **കഴിഞ്ഞ വർഷം തോമസ് കപ്പ് നേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു.**
- മലേഷ്യ മാസ്റ്റേഴ്സ് സൂപ്പർ 500 ബാഡ്മിന്റൻ ടൂർണമെന്റിൽ പ്രണോയ് പരാജയപ്പെടുത്തിയത് ആരെയാണ് ?
  - **ചൈനയുടെ വെങ് ഹോങ് യാങ്ങിനെ**
- ലോകറാങ്കിങ്ങിൽ നിലവിൽ എച്ച്. എസ്. പ്രണോയ് എത്രാം സ്ഥാനത്താണ് ?
  - **9**
- ഫോർമുല വൺ കാറോട്ട സീസണിലെ മൊണാക്കോ ഗ്രാൻപ്രീയിൽ ജേതാവായത് ?
  - **റെഡ്ബുളിന്റെ മാക്സ് വെസ്റ്റപ്പൻ**
- സൗദി പ്രോ ലീഗ് ഫുട്ബോളിൽ ഒരു മത്സരം ശേഷിക്കെ കിരീടം ഉറപ്പിച്ചത് ?
  - **അൽ ഇത്തിഹാദ്**

## MAY 30

- 2023 ലെ International Day of UN Peacekeepers ആചരിക്കുന്നത് ?
  - **മെയ് 29 (Theme: Peace Begins With Me)**
- ഐക്യരാഷ്ട്രസഭ മൂന്ന് ഇന്ത്യൻ സമാധാന സേനാംഗങ്ങളെ ഡാഗ് ഹാമർസ്കോൾഡ് മെഡൽ നൽകി ആദരിച്ചു. ആരെയെല്ലാം ?
  - **ശിശുപാൽ സിംഗ് , സൺവാല റാം വിഷ്ണോയി, ഷാബർ താഹെർ അലി**

- ഇവർക്കുള്ള ഡാഗ് ഹാമർസ്കോൾഡ് മെഡൽ ഏറ്റുവാങ്ങിയത് ?
  - **രുചിര കാംബോജ്**
  - **ഐക്യരാഷ്ട്രസഭയുടെ സമാധാന സേനാംഗങ്ങൾക്ക് നൽകുന്ന പരമോന്നത ബഹുമതിയാണ് ഇത്.**
  - **ഐക്യരാഷ്ട്രസഭയുടെ രണ്ടാമത്തെ സെക്രട്ടറി ജനറലായ ഡാഗ് ഹാമർസ്കോൾഡിന്റെ പേരിലാണ് മരണാനന്തരം നൽകുന്ന ഈ അവാർഡ്.**
- ഔദ്യോഗികമായി പുറത്തിറക്കിയ ഏറ്റവും ദൈർഘ്യമേറിയ ഗാനം എന്ന ഗിന്നസ് റെക്കോഡ് നേടിയത് ?
  - **ഡോ. ജഗദീഷ് പിള്ള 138 മണിക്കൂർ 41 മിനിറ്റ് 20 സെക്കൻഡ് റെക്കോർഡ് ചെയ്ത ശ്രീ രാമചരിതമനസ്**
- ചൈന തദ്ദേശീയമായി നിർമ്മിച്ച ആദ്യ യാത്രവിമാനം ?
  - **C-919**
- അടുത്തിടെ ഫിലിപ്പൈൻസിൽ വീശിയടിച്ച ചുഴലിക്കാറ്റ് ?
  - **മാവാർ**
- ഭൂമിയുടെ നെറുകയെന്ന വിശേഷണമുള്ള എവറസ്റ്റ് കൊടുമുടിയിൽ മനുഷ്യന്റെ പാദസ്പർശമേറ്റിട്ട് എത്ര വർഷം തികഞ്ഞു ?
  - **70 വർഷം**
  - **1953 മേയ് 29-നാണ് പർവതാരോഹണ വഴികാട്ടിയായ (ഷെർഷ) നേപ്പാൾ സ്വദേശി ടെൻസിങ് നോർഗെയും ന്യൂസീലൻഡ് സ്വദേശിയായ എഡ്മണ്ട് ഹിലാരിയും എവറസ്റ്റ് കൊടുമുടി കീഴടക്കിയത്.**
- സാധാരണക്കാരനെയും വഹിച്ചുകൊണ്ടുള്ള ചൈനയുടെ ആദ്യ ബഹിരാകാശദൗത്യം 2023 മെയ് 30ന്. ടിയാങ്ഗോങ് ബഹിരാകാശ നിലയത്തിലെത്തിക്കുന്നത് ആരെ ?
  - **ഗുയി ഹെയ്ചാവോ**
  - **ഗുയിയെക്കൂടാതെ മൂന്നു തവണ ബഹിരാകാശത്തെത്തിയ സൈനിക കമാൻഡറായ ജിങ് ഹയ്പിങ്ങും എൻജിനിയറായ ഷു യാങ്ഷുവും ദൗത്യത്തിലുണ്ട്.**
- ഗ്രാമപഞ്ചായത്ത് തലത്തിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ഉദ്ഘാടനം ചെയ്ത പോർട്ടൽ ?
  - **SAMARTH പോർട്ടൽ**

- CBDC ഉപയോഗിക്കുന്ന ആദ്യ മുനിസിപ്പൽ കോർപ്പറേഷനായത് ?
  - **പാറ്റ്ന, ബീഹാർ**
  - **CBDC- Central Bank Digital Currency.**
- രാജസ്ഥാനിലെ പടിഞ്ഞാറൻ അതിർത്തികളിൽ "സുദർശൻ ശക്തി 2023" എന്ന പേരിൽ സൈനിക അഭ്യാസം നടത്തിയത് ?
  - **ഇന്ത്യൻ ആർമിയുടെ സപ്ത ശക്തി കമാൻഡ്**
- മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂഡൽഹിയിൽ എത്തിയ കംബോഡിയൻ രാജാവ് ?
  - **നൊറോഡോം സിഹാമോണി**
  - **ഇന്ത്യയും കംബോഡിയയും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 70-ാം വാർഷികത്തിന്റെ ഭാഗമായാണ് സന്ദർശനം.**
- നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്ന് 9 വർഷം തികയുന്നത് ?
  - **2023 മെയ് 30**
- കേന്ദ്ര വിജിലൻസ് കമ്മിഷണറായി (C.V.C.) ചുമതലയേറ്റത് ?
  - **പ്രവീൺകുമാർ ശ്രീവാസ്തവ**
- ബാന്ദ്ര-വെർസോവ കടൽപ്പാതയ്ക്ക് ആരുടെ പേര് നൽകാൻ ആണ് മഹാരാഷ്ട്ര സർക്കാർ തീരുമാനിച്ചത് ?
  - **വി.ഡി. സവർക്കറുടെ**
  - **വീർ സവർക്കർ സമുദ്രസേതു' എന്ന പേരിൽ അറിയപ്പെടുമെന്ന് ഏക്നാഥ് ഷിന്ദേ അറിയിച്ചു.**
- സ്ഥാനനിർണയത്തിനും ഗതിനിയന്ത്രണത്തിനുമായി ഇന്ത്യ വികസിപ്പിച്ച നാവിക് സംവിധാനത്തിനുള്ള രണ്ടാം തലമുറ ഉപഗ്രഹം ?
  - **എൻ.വി.എസ്.-01**
- എൻ.വി.എസ്.-01 നെ താത്കാലിക ഭ്രമണപഥത്തിലെത്തിച്ചത് ?
  - **ജി.എസ്.എൽ.വി. മാർക് 2 റോക്കറ്റ്**
- ജി.പി.എസ് ന് ബദലായി ഉപയോഗിക്കാവുന്ന നാവിക് വ്യാപകമാക്കാൻ സഹായിക്കുന്ന ഏതെല്ലാം ബാൻഡുകളടങ്ങുന്നതാണ് എൻ.വി.എസ്.-01 ഉപഗ്രഹം ?
  - **എൽ 1, എൽ 5, എസ് ബാൻഡുകൾ**
- ഈ വർഷത്തെ സംസ്ഥാന സ്കൂൾ പ്രവേശനോത്സവ ഗീതം പ്രകാശനം ചെയ്തത് ?
  - **മന്ത്രി വി. ശിവൻകുട്ടി**

- പ്രവേശനോത്സവഗീതം രചിച്ചത് ?
    - **മുരുകൻ കാട്ടാക്കട**
- ഓങ്കോളജി ഫാർമ പാർക്കിന്റെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടത് ?
    - **കലവൂർ, ആലപ്പുഴ**
- യൂറോപ്യൻ ക്ലബ്ബുകളിലെ ഫുട്ബോൾ ടൂർണമെന്റുകളിൽ ഏറ്റവുമധികം ഗോളുകൾ നേടുന്ന താരം എന്ന നേട്ടം സ്വന്തമാക്കിയത് ?
    - **ലയണൽ മെസ്സി -496 ഗോളുകൾ**
    - **മറികടന്നത് ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ 495 ഗോളുകൾ എന്ന നേട്ടം.**
- ഐ.പി.എൽ. പ്ലേ ഓഫിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ എന്ന നേട്ടം കൈവരിച്ചത് ?
    - **ശുഭ്മാൻ ഗിൽ**
- 16ആം സീസൺ ഐപിഎൽ ഫൈനൽ വിജയി ?
    - **ചെന്നൈ സൂപ്പർ കിംഗ്സ്**
    - **ഗുജറാത്ത് ടൈറ്റൻസിനെ അഞ്ചുവിക്കറ്റിന് തോൽപ്പിച്ചു.**
- റണ്ണേഴ്സ് അപ്പ് ആയത് ?
    - **ഗുജറാത്ത് ടൈറ്റൻസ്**
- ഈ സീസണിലെ കിരീട നേട്ടത്തോടെ ഏറ്റവും കൂടുതൽ കിരീടം എന്ന മുംബൈ ഇന്ത്യൻസിന്റെ നേട്ടത്തിനു ഒപ്പം എത്തിയത് ?
    - **ചെന്നൈ സൂപ്പർ കിംഗ്സ്**
    - **5 കിരീടം എന്ന നേട്ടം**
- IPL ചരിത്രത്തിൽ കൂടുതൽ മത്സരം കളിച്ച താരമായത് ?
    - **മഹേന്ദ്ര സിംഗ് ധോണി(250* മത്സരം)**
- ശുഭ്മാൻ ഗില്ലിനെ സ്റ്റമ്പ് ചെയ്തതോടെ IPL ൽ 300 സ്റ്റമ്പിംഗ് എന്ന നേട്ടം കൈവരിച്ചത് ?
    - **മഹേന്ദ്ര സിംഗ് ധോണി**
- 16ആം സീസണിൽ ഏറ്റവും കൂടുതൽ റൺസ് നേടി ഓറഞ്ച് ക്യാപ്പ് സ്വന്തമാക്കിയത് ?
    - **ശുഭ്മാൻ ഗിൽ (890 റൺസ്) -ഗുജറാത്ത് ടൈറ്റൻസ്**
- 16ആം സീസണിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടി പർപ്പിൾ ക്യാപ്പ് സ്വന്തമാക്കിയത് ?
    - **മുഹമ്മദ് ഷമി(28 വിക്കറ്റ്)- ഗുജറാത്ത് ടൈറ്റൻസ്**
- ടൂർണമെന്റിലെ സൂപ്പർ സ്ട്രൈക്കർ ആയത് ?
    - **ഗ്ലെൻ മാക്സ്വെൽ (ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സ്)**

- 16ആം സീസണിലെ എമർജിങ് പ്ലെയറായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **യശസ്വി ജയ്സ്വാൾ (രാജസ്ഥാൻ റോയൽസ്)**

## MAY 31

- ലോക പുകയില വിരുദ്ധ ദിനം ആചരിക്കുന്നത് ?
    - **മെയ് 31**
- ഈ വർഷത്തെ ലോക പുകയില വിരുദ്ധ ദിനത്തിന്റെ പ്രമേയം ?
    - **We Need Food, Not Tobacco**
- നഗരപ്രദേശങ്ങളിൽ 15 വയസ്സിനു മുകളിലുള്ളവരുടെ തൊഴിലില്ലായ്മ കഴിഞ്ഞ വർഷം ജനുവരി-മാർച്ച് മാസങ്ങളിൽ 8.2% ആയിരുന്നത് ഈ വർഷം അതേ കാലയളവിൽ 6.8% ആയി കുറഞ്ഞു എന്ന് റിപ്പോർട്ട് ചെയ്തത് ?
    - **ദേശീയ സാംപിൾ സർവേ**
- രാജസ്ഥാനിലെ ഏത് വന്യജീവി സങ്കേതമാണ് അടുത്തിടെ പരിസ്ഥിതിലോല മേഖലയായി
- പ്രഖ്യാപിക്കാൻ തീരുമാനിച്ചത് ?
    - **താൽ ചാപ്പർ സാങ്ച്വറി**
- അടുത്തിടെ അന്തരിച്ച സുരേഷ് ധനോർക്കർ ഏത് മേഖലയിൽ നിന്നുള്ള വ്യക്തി ആണ് ?
    - **രാഷ്ട്രീയം**
    - **മഹാരാഷ്ട്രയിലെ ചന്ദ്രപൂർ ലോക്സഭാ മണ്ഡലത്തിൽ നിന്നുള്ള കോൺഗ്രസ് എംപി ആണ് ഇദ്ദേഹം.**
- ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക് ഉദ്ഘാടനം ചെയ്ത ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പദ്ധതികൾ ?
    - **ഒഡീഷ ഫോർ എഐ,**
    - **എഐ ഫോർ യൂത്ത്**
- കൃത്രിമ കാലുകൾ ഉപയോഗിച്ച് എവറസ്റ്റ് കൊടുമുടി കീഴടക്കിയ മുൻ ഗൂർഖ ?
    - **ഹരി ബുദ്ധ മാഗർ**
- നൈജീരിയൻ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്തത് ?
    - **ബോല അഹമ്മദ് ടിനുബു**
    - **പാർട്ടി:: ഓൾ പ്രോഗ്രസീവ്സ് കോൺഗ്രസ്**
    - **നൈജീരിയയുടെ 16-ാമത് പ്രസിഡന്റ്**

- ട്രില്യൺ ഡോളർ ക്ലബ്ബിൽ ഇടം നേടിയ ആദ്യ സെമികണ്ടക്ടർ ചിപ്പ് കമ്പനി ?
  - **എൻവിഡിയ (NVIDIA)**
  - **1 ട്രില്യൺ ഡോളർ വിപണി മൂല്യം നേടുന്ന ഒമ്പതാമത്തെ കമ്പനിയാണ് എൻവിഡിയ.**
- 2023-ലെ കാൻ ചലച്ചിത്രോത്സവത്തിൽ പാം ഡി ഓർ പുരസ്കാരം നേടിയത് ?
  - **ജസ്റ്റിൻ ട്രയറ്റ് സംവിധാനം ചെയ്ത അനാട്ടമി ഓഫ് എ ഫാൾ**
  - **സോൺ ഓഫ് ഇന്ററസ്റ്റ് (സംവിധാനം: ജൊനാഥൻ ഗ്ലേസർ) ആണ് ഗ്രാൻ പിക്സ് പുരസ്കാരം ലഭിച്ച ചിത്രം.**
- ലോകാരോഗ്യ സംഘടനയുടെ എക്സ്റ്റേണൽ ഓഡിറ്ററായി (2024-2027) വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യയുടെ CAG ?
  - **ഗിരീഷ് ചന്ദ്ര മുർമു**
- ഇന്ത്യയുടെ പുതിയ പാർലമെന്റ് മന്ദിരത്തിലെ ശില്പ ഗാലറി രൂപകല്പന ചെയ്ത മലയാളി
  - **ജയ് ജയ്റ്റ്ലി**
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിന്റെ പുതിയ സോഫ്റ്റ് വെയർ ?
  - **സംരക്ഷ**
- ഫാറൂഖ് കോളേജിന്റെ ചരിത്രത്തിൽ പ്രിൻസിപ്പൽ പദവിയിലെത്തുന്ന ആദ്യത്തെ വനിതയായത് ?
  - **ഡോ. കെ. എ. ആയിശ സ്വപ്ന**
- 2023 ലെ ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിന്റെ വേദി ?
  - **മഥുര, ഉത്തർപ്രദേശ്**
- നേപ്പാളിലെ കാഠ്മണ്ഡുവിൽ നടന്ന NSC-CAVA വനിതാ വോളിബോൾ ചലഞ്ച് കപ്പിൽ ജേതാവായത് ?
  - **ഇന്ത്യ**
- ഫ്രഞ്ച് ലീഗ് വൺ ഫുട്ബോളിൽ പതിനൊന്നാം തവണയും കിരീടം സ്വന്തമാക്കിയ ക്ലബ്ബ് ?
  - **പി.എസ്.ജി.**

**************************************

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in